അധികാരം ജനങ്ങളിലേക്ക്

അഞ്ചൽ ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ



ജനകീയാസൂത്രണം
സമഗ്രവികസനം
അധികാരം ജനങ്ങളിലേക്ക്

മുൻ പഞ്ചായത്ത്പ്രസിഡന്റുമാർ



വേലിശ്ശേരി
അബ്ദുൽഖാദർ



എൻ. ബാലകൃഷ്ണപിള്ള




ഡോ. സി.ഇ. വേലു



പി. ഗോപാലൻ




കെ. ശിവരാമപിള്ള





കെ. എൻ. വാസവൻ



സുജാചന്ദ്രൻ നായർ
പ്രസിഡന്റ്, അഞ്ചരാമപത്തായത്ത്







അവലംബം : വിദ്യാഭ്യാസം, സെന്സ്സ്

കൊല്ലം ജില്ല

പഞ്ചായത്തുകൾ



PRM, CESS, 1996



ഉള്ളടക്കം

1 ആമുഖം

2 സാംസ്കാരികചരിത്രം

3 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

4 കൃഷിയും ജലസേചനവും

5 മൃഗസംരക്ഷണം

6 വ്യവസായം

7 ഊർജ്ജം

8 ഗതാഗതം

9 പാർപ്പിടം, സാമൂഹ്യക്ഷേമം

10 കുടിവെള്ളം, പൊതുജനാരോഗ്യം

11 വിദ്യാഭ്യാസം

12 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

13 വനിതാക്ഷേമം

14 സഹകരണം

15 സംസ്കാരം

16 വിഭവസമാഹരണം



ആമുഖം

അധികാരവികേന്ദ്രീകരണം പൂർണ്ണവും സഫലവുമാകുമ്പോൾ ജനകീയാസൂത്രണപ്രക്രിയ സ്വാർത്ഥമാകുമ്പോഴാണ്. ഇന്ദ്രപ്രസ്ഥം എട്ട് പഞ്ചവത്സരപദ്ധതികളിലൂടെ വികസനത്തിന്റെ ഇന്ദ്രജാലങ്ങൾ സൃഷ്ടിച്ചെന്ന് കൊട്ടിഘോഷിക്കുമ്പോൾ അനേകസഹസ്രം കോടി ഉറുപ്പിക ചെലവഴിച്ചത് അലസൻ വിതച്ച വിത്തു പോലെ അങ്ങുമിങ്ങും കുമ്പാരം കൂടി ഭാഗികമായിട്ടെങ്കിലും പ്രയോജന രഹിതമായി തീർന്ന അനുഭവ പാഠമാണ് നമ്മുടെ മുമ്പിലുള്ളത്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സർവ്വസ്പർശിയായ ഉണർവ്വും ഉന്മേഷവും പകർന്നുകൊണ്ട് സമഗ്രമായ ഒരു വികസനസംസ്കാരത്തിന് നാന്ദികുറിക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. അതിന്റെ ഭാഗമായി നമ്മുടെ നാടിന്റെ നാഡീസ്പന്ദനം അറിയാവുന്നവരും അനുഭവജ്ഞരുമായ കർഷകരും കരകൗശല പണിക്കാരും, വ്യവസായികളും, നാനാതുറകളിലുള്ളസാങ്കേതികവിദ്യാചതുരന്മാരും അദ്ധ്യാപകരും ആതുരശുശ്രൂഷകരും ജനപ്രതിനിധികളും മറ്റും മരത്തണലുകളിലും വിദ്യാനികേതനുകളിലും വട്ടമിട്ടിരുന്നു നടത്തിയ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും, പദ്ധതിനിർദ്ദേശങ്ങളും പഞ്ചായത്ത് വികസന സെമിനാറുകളിലെ ചർച്ചകളിലൂടെ കടഞ്ഞെടുത്തു കൂടുതൽ മികച്ച വികസനനിർദ്ദേശങ്ങളാകുകയും തുടർന്ന് അവയ്ക്ക് പ്രായോഗികത കൈവരുകയും ചെയ്യുമ്പോൾ ഇന്നു നാം അഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് തൃപ്തികരമായ പരിഹാരം കാണുവാൻ കഴിയുമെന്നത് തർക്കമറ്റ കാര്യമാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് കേരളാ ഗവർൺമെന്റ് ഒരു പരീക്ഷണത്തിന് മുതിർന്നിരിക്കുകയാണ്. അടങ്കൽതുകയുടെ 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് അവയുടെ വിനിയോഗം തീരുമാനിക്കാനും നിയന്ത്രിക്കാനും ഉള്ള അധികാരം അടിസ്ഥാനപരമായി ജനങ്ങളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ പരിഷ്ക്കാരം കതിരണിയുമ്പോൾ മഹാത്മജി ഗ്രാമങ്ങളിൽ കണ്ടെത്തിയ ഇൻഡ്യയുടെ ആത്മാവ് ആദ്യമായി ഉൽക്കർഷ നേടുന്നത് കേരളക്കരയിലായിരിക്കും. അത് ഈ കൊച്ചു സാക്ഷരകേരളത്തിന് പുതിയൊരു അംഗീകാരത്തിനും അഭിമാനത്തിനും വഴിയൊരുക്കും.

കേന്ദ്ര-കേരള സർക്കാരുടെ ഫണ്ടും സ്കീമുകളും മറ്റു വികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന ഫണ്ടുകളും പഞ്ചായത്തിന്റെ തനതു വരുമാനവും ജനകീയ സംഭാവനകളും കൂടി യഥോചിതം വിനിയോഗിക്കപ്പെടുമ്പോൾ വികസനപ്രക്രിയ പൂർണ്ണതയിൽ എത്തുമെന്ന് നമുക്ക് ന്യായമായും പ്രത്യാശിക്കാം.

നാം അവസരത്തിനൊത്ത് ഉയർന്ന് വർത്തമാനകാല പരീക്ഷണങ്ങളെ വെല്ലുവിളിയോടെ ഏറ്റെടുത്ത് വിജയിപ്പിക്കുവാൻ കർമ്മരംഗത്ത് ഇറങ്ങി യഥാശക്തി പ്രയത്നിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനശക്തി വിഭാഗീയതക്ക് അതീതമായി ഏകമനസ്സോടെ മുന്നിട്ടിറങ്ങുമ്പോൾ ജനകീയാസൂത്രണവും നിർവ്വഹണവും സാഫല്യത്തിലെത്തും. പുത്തൻ വികസന സംരംഭം ഉണർത്തിവിട്ട പ്രത്യാശയുടെ കൈത്തിരി കെട്ടുപോകാതെ സൂക്ഷിക്കേണ്ടത് ഈ നൂറ്റാണ്ടിലെ ഒരോ പൗരന്റേയും കർത്തവ്യമാണ്. അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ സമഗ്രവികസനത്തേയും നിലവിലുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും അവതരിപ്പിക്കുന്ന ഈ മാർഗ്ഗരേഖ നമ്മുടെ പദ്ധതികളിലേക്കുള്ള ഒരു കൈവഴിയാണ്. ഈ രേഖ തയ്യാറാക്കാനുള്ള സാങ്കേതിക നിർദ്ദേശങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. എസ്. നളിനകുമാർ (പ്രൊജക്ട് സയന്റിസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സറ്റഡീസ്, തിരുവനന്തപുരം) റിപ്പോർട്ടുകൾ തയ്യാറാക്കുകയും ആവശ്യമായ ദ്വിതീയവിവരങ്ങൾ ശേഖരിക്കുകയും ചെയ്ത സർവ്വശ്രീ. പി.എം. ജോയി, പി. രവീന്ദ്രൻ, പി. ടി. ഉണ്ണിത്താൻ, എൽ. ഷാജി, എൻ. സതീശൻ, എം.പ്രകാശ്, എൻ. ചന്ദ്രബാബു, എം. ഗോപകുമാർ, കുമാരി. ശ്രീകല, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. രമേശൻ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.



സാംസ്കാരികചരിത്രം

അഞ്ചൽ എന്ന സ്ഥലനാമത്തിന് പിന്നിൽഅഞ്ച് ചൊല്ലുകൾ അഥവാ തർക്കങ്ങളാണ് നിദാനമെന്ന് ഇന്നും ഒരു ഐതീഹ്യം നിലനിൽക്കുന്നു.

അഞ്ചൽ കുളം – ചിറയോ കുളമോ?

വടമൺകാഞ്ഞിരം – കയ്ക്കുമോ മധുരിക്കുമോ?

വയലിൽ തേവർ ക്ഷേത്രം – വയലിലോ കരയിലോ?

അഗസ്ത്യക്കോട് മുനി – ആണോ പെണ്ണോ?

കുറുമക്കാട്ടുപിള്ള – ഇല്ലമോ സ്വരൂപമോ?

ഇവയാണ് തർക്കങ്ങൾ.

അഞ്ചൽ തടിക്കാട് റോഡിന്റെ ഇടതുവശത്തായി ഏറം ജംഗ്ഷന് പടിഞ്ഞാറാണ് അഞ്ചൽ കുളം. ഇതിന്റെ ആകൃതി കുളത്തിന്റെ രൂപത്തിലല്ലാത്തതിൽ കുളമാണോ എന്ന് വ്യക്തമല്ല. വൃത്താകൃതിയല്ല; എങ്കിലും ഒരു ഭാഗം അർത്ഥവൃത്താകൃതി പുലർത്തുന്നു. കോണുകളും ചതുരാകൃതിയിലുള്ള വശങ്ങളും കൊണ്ട് ചിറ നിർമ്മിച്ചതിനാൽ, ഇതു കൊണ്ട് തന്നെ ഒരു വിഭാഗത്തിലും പെടുത്താനും കഴിയുന്നില്ല.

വടമൺ ' തൊലെ ' പള്ളിക്കൂടത്തിനടുത്ത് ഏറെ വർഷം പഴക്കമുള്ള ഒരു കാഞ്ഞിരമരം കാണാം. ഈ കാഞ്ഞിരമരത്തിന്റെ ചില ഇലകൾക്ക് മധുരരസമാണ്, മറ്റിലകൾക്ക് പ്രത്യേക രസമോ കയ്പ്പോ ഇല്ല. ഈ മരം കായ്ക്കുന്നതായും പഴം ഉണ്ടായിട്ടുള്ളതായും ഇന്നേവരെ ആരും കണ്ടിട്ടുമില്ല. കാഞ്ഞിരക്കുരു ലഭിക്കാത്തതിനാൽ വടമൺകാഞ്ഞിരം കയ്ക്കുമെന്നോ മധുരിക്കുമെന്നോ ആർക്കും പറയാനും കഴിയുന്നില്ല

ഏറം ജംഗ്ഷന് സമീപം വയലിന്റെ മധ്യഭാഗത്തായി ഒരു ക്ഷേ കാണാം. വയലിൽ തേവർ ക്ഷേത്രം എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ ക്ഷേത്രം ഒറ്റ നോട്ടത്തിൽ വയലിൽ സ്ഥിതി ചെയ്യുന്നുവെന്ന് തോന്നുമെങ്കിലും ചെറിയ ഒരു കര പ്രദേശത്താണ് പ്രതിഷ്ഠ നടത്തിയിരിക്കുന്നതെന്ന് കാണാം. കരപ്രദേശത്തെപോലെ ചരലും അടിയുറപ്പും ഈ സ്ഥലത്തിനുണ്ട്.ഇതാണ് മറ്റൊരു തർക്കവിഷയം.

ഒരു മുനിവര്യൻ അഗസ്ത്യക്കോട് തപസ്സിരുന്നതായി കരുതുന്നു, മുനിയുടെ പ്രതിഷ്ഠ കമിഴ്ന്ന നിലയിലാണ് കാണുന്നത്. ഇതു മൂലം ബിംബം ഉയർത്തി നോക്കി ആണോ പെണ്ണോ എന്ന് നിർണ്ണയിക്കാനായിട്ടില്ല. അഗസ്ത്യക്കോട് ക്ഷേത്രത്തിലെ പ്രതിഷ്ഠകളിൽ ഒന്നിൽ ഒരു മാറിടം മാത്രമേ ദൃശ്യമാകുന്നുള്ളു എന്നതും ശ്രദ്ധയിൽ വരുന്നു. എങ്കിലും പ്രസ്തുത ക്ഷേത്രത്തിലെ പ്രതിഷ്ഠ ശിവലിംഗമാണ്. ഇതും തർക്കവിഷയമായി നിലനിൽക്കുന്നു.

അഞ്ചൽ ഏറത്തുള്ള കുറുമക്കാട്ടു കുടുംബക്കാരുടെ യഥാർത്ഥ ജാതി എന്തെന്നറിയാൻ തെളിവുകളില്ല. വളരെ പുരാതനകുടുംബമായതുകൊണ്ട് ഇല്ലക്കാരാണോ സ്വരൂപക്കാരാണോ എന്ന് തീർച്ചപ്പെടുത്തുവാൻ അസാധ്യാമായിട്ടുള്ളതും ഒരു തർക്കമാണ്.

സ്ഥലനാമത്തിന്റെ ആവിർഭാവത്തെ സംബന്ധിച്ച് പഠനാത്മകമായ അഭിപ്രായങ്ങൾ വേറെയും ഉണ്ട്. അഞ്ച് ആലുകൾ ചേർന്നു നിന്നിരുന്ന സ്ഥലമാകയാൽ അഞ്ചൽ എന്ന പേരുണ്ടായി എന്ന് ഒരു വിഭാഗം ഇന്നും വിശ്വസിക്കുന്നു. പാതവക്കുകളിലായി ധാരാളം തണൽ മരങ്ങൾ ഉണ്ടായിരുന്നുവെന്ന യാഥാർത്ഥ്യവും നിലനിൽക്കുന്നുണ്ട്. എന്തായാലും സ്ഥലനാമ ചരിത്രം ഖണ്ഡിതമായി പറയുവാൻ കഴിയുന്നില്ല.

ചേരമാൻ പെരുമാളുടെ ഭരണത്തിനു ശേഷം മലയാളനാട് പല നാടുവാഴികളുടേയും ഇടപ്രഭുക്കന്മാരുടേയും അധീനതയിലായിരുന്നു. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് വേണാട് ഭരണാധികാരിയായി അധികാരമേല്ക്കുന്ന സമയത്ത്; രാജാധികാരത്തിന് എതിരായി നിന്ന എട്ടു വീട്ടിൽ പിള്ളമാരേയും തമ്പിമാരേയും അമർച്ച ചെയ്ത് തിരുവിതാം കൂർ സംസ്ഥാനം സ്ഥാപിച്ചു. ഇതിനു മുൻപ് വേണാടൊഴി

കേയുള്ള തിരുവിതാംകൂർ പ്രദേശം ദേശിങ്ങനാട്, ഇള യിടത്ത് സ്വരൂപം, തെക്കുംകൂർ, കായംകുളം, ചെമ്പക ശ്ശേരി, വടക്കുംകൂർ തുടങ്ങിയ നാട്ടുരാജ്യങ്ങളായി പല നാടുവാഴികളുടെ ഭരണത്തിലായിരുന്നു. അക്കാലത്ത് ഇന്നത്തെ പത്തനാപുരം, കൊട്ടാരക്കര താലൂക്കുകൾ ഉൾപ്പെടുന്ന പ്രദേശത്തിന്റെ ഭരണം കൊട്ടാരക്കര രാജാ വിനായിരുന്നു.

കൊട്ടാരക്കര രാജാവിന്, കൊട്ടാരക്കര കൂടാതെ പത്തനാപുരം താലൂക്കിൽപെട്ട അഞ്ചൽ പ്രദേശത്തും ഒരു തലസ്ഥാനം ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. അത് ഇന്നത്തെ അഞ്ചൽ ശ്രീധർമ്മ ശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്ന പനയഞ്ചേരി എന്ന സ്ഥലത്തായിരു ന്നുവത്രേ.

രാജഭരണത്തിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞ സ്ഥലമായിരുന്ന പനയഞ്ചേരി അഞ്ചലിന്റെ സാംസ്കാ രിക കേന്ദ്രവുമായിരുന്നു. പിന്നീട് പനയഞ്ചേരി അഞ്ച ലെന്ന പൊതു വ്യക്തിത്വത്തിൽ ലയിക്കുകയുണ്ടായി.

രാജഭരണത്തിന്റെ തകർച്ചക്ക് ശേഷം അഞ്ച ലിന്റെ പ്രധാനകേന്ദ്രം അഞ്ചൽ ചന്തമുക്കായിരുന്നു. ഇവിടം കേന്ദ്രീകരിച്ചാണ് കൂടുതൽ കടകളും മറ്റു വ്യാപാര സ്ഥാപനങ്ങളും ഉണ്ടായത്. പഴയ തിരു വിതാംകൂറിലെ ഏറ്റവും പഴക്കം ചെന്നതാണ് അഞ്ചൽ കന്നുകാലിചന്തയും പൊതുമാർക്കറ്റും. അഞ്ച ലിനെക്കുറിച്ച് ആദ്യം പുറം നാടുകളിൽ അറിയപ്പെട്ടത് കന്നുകാലി ചന്തയുടെ പേരിലാണ്. എല്ലാ മലയാള മാസവും 15നും 30നുമാണ് ചന്ത കൂടിയിരുന്നത്. തമിഴ്നാട്ടിലെ മധുര, കടമല, മാനാപുരം , പുളിയറ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ധാരാളം ആളുകൾ ഇവിടെ കന്നുകാലികളെ കച്ചവടത്തിന് കൊണ്ടുവന്നി രുന്നു. ഇന്നത്തെ പഞ്ചായത്ത് പ്രൈവറ്റ് ബസ്സ്റ്റാന്റ് മൈതാനത്തായിരുന്നു കാളച്ചന്ത നടത്തിയിരുന്നത്.

ഒരുകാലത്ത് അഞ്ചൽ പൊതുമാർക്കറ്റിൽ വരുന്ന കാർഷികോല്പന്നങ്ങൾക്ക് കണക്കില്ലായിരു ന്നു. ഏത്തക്കുല, കുരുമുളക്, ഇഞ്ചി, കശുവണ്ടി, നാളി കേരം, അടയ്ക്ക, വെറ്റില, മരച്ചീനി എന്നിവയുടെ പ്രധാ നപ്പെട്ട വിപണനകേന്ദ്രമായിരുന്നു അഞ്ചൽ. തമിഴ്നാ ട്ടിന്റെ വിദൂരദേശത്തുനിന്ന് പോലും ധാരാളം ആളു കൾ ഇവിടെ കച്ചവടത്തിനായി എത്തിയിരുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും കച്ചവടത്തിനായി എത്തിയ പലരും അഞ്ചലിൽതന്നെ പിൽക്കാലത്ത് താമസമാക്കി വൻ വ്യാപാരികളായി മാറി. വളരെയേറെ ഗുണനില വാരമുള്ള കശുവണ്ടി ആയിരുന്നു അഞ്ചൽ മാർക്ക റ്റിൽ എത്തിയിരുന്നത്. ഇത് വാങ്ങുന്നതിനായി കശു വണ്ടി മുതലാളിമാരുടെ തള്ളിക്കയറ്റം തന്നെയുണ്ടായി രുന്നു. കേരളത്തിലെ അടയ്ക്കാ വ്യാപാരത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നു അഞ്ചൽ.

പഴയ തിരുവിതാംകൂറിലെ വിവിധ പ്രദേശങ്ങ ളിൽനിന്നും നിരവധിയാളുകൾ അഞ്ചൽ പ്രദേശ ത്തേക്ക് കുടിയേറിയിട്ടുണ്ട്. ആതിഥേയമര്യാദയും മതസൗഹാർദ്ദവും ഇത്രയേറെ പാലിച്ചിട്ടുള്ള മറ്റു പ്രദേ ശങ്ങൾ വിരളമാണ്. ജന്മി-കുടിയാൻ വ്യവസ്ഥ യ്ക്കൊന്നും വലിയ പ്രാധാന്യം കല്പിക്കാത്ത നാടായ അഞ്ചൽ കാർഷിക നവോത്ഥാനത്തിലൂടെയാണ് മുന്നേ റിയത്.

പഴയ തലമുറക്ക് അഞ്ചലിനെ കുറിച്ചോർക്കാനൊരു ചിത്രമുണ്ട്. ഇന്നത്തെ അഞ്ചൽ റെയ്ഞ്ച് ഓഫീസ് ജംഗ്ഷനു ചുറ്റും നൈസർഗ്ഗികമായ വനമായിരുന്നു. അതുവഴി ആയൂരിനും, പുനലൂരിനും, കുളത്തൂപ്പുഴയ്ക്കും കടന്നുപോകുന്ന ചെമ്മൺ പാത കൾ, ഈ പാതകളിലൂടെ നിരന്തരം പോകുന്ന കാളവ ണ്ടികളുടെ കടമണിയൊച്ച, വെടിക്കെട്ടുസ്ഥലത്തെ പുക കണക്കെ നാലുപാടും പൊടിപടലങ്ങൾ പറത്തി ക്കൊണ്ട് വല്ലപ്പോഴും മാത്രം കടന്നുപോകുന്ന മോട്ടോർ കാറുകൾ, ചുറ്റും ഫലഭൂയിഷ്ഠമായ തടപ്രദേശങ്ങൾ, ചീവീടുകളുടെ താരാട്ടുകേട്ട് നിശയിൽ മയങ്ങുന്ന ഗ്രാമാന്തരീക്ഷം, ഇതായിരുന്നു പഴയ അഞ്ചൽ.

അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടണമാണിന്ന് അഞ്ചൽ. സഹ്യാദ്രിയുടെ കവാടം എന്ന് അറിയപ്പെടുന്ന കിഴക്കൻ മലയോര മേഖലയായ അഞ്ചലിന് ഈ വിശേഷണം തികച്ചും അന്യർത്ഥവു മാണ്. ഗ്രാമസംസ്കൃതിയിൽ നിന്നും പട്ടണ സംസ്കാ രത്തിലേക്കുള്ള പ്രയാണത്തിൽ അഞ്ചലിന് ഓർക്കാൻ ഒരായിരം കഥകൾ.

അഞ്ചലിലെ ആദ്യത്തെ സ്കൂൾ അഞ്ചൽ പുളി മുക്കിലാണ് സ്ഥാപിച്ചത്. മൂന്നാം ക്ലാസുവരെ മാത്രമേ അന്നിവിടെ ഉണ്ടായിരുന്നുള്ളു. കരപ്രമാണിമാരുടെ ശ്രമഫലമായി സ്ഥാപിച്ച പുല്ലുമേഞ്ഞ ഒരുകെട്ടിടത്തിൽ ആയിരുന്നു ക്ലാസുകൾ നടത്തിയിരുന്നത്, ഈ സ്കൂൾ പിൽക്കാലത്ത്. ഗവൺമെന്റ് എൽ.പി.എസ്സ് ആക്കി ഉയർത്തപ്പെട്ടു. ഈ സ്കൂൾ സ്ഥാപിതമായി ഏറെക്ക ഴിഞ്ഞാണ് അഞ്ചൽ മാധവൻപിള്ള സാറിന് ഭഗവതി വിലാസം ഇംഗ്ലീഷ് സ്കൂൾ അനുവദിച്ചത്. പ്രസ്തുതസ്കൂളാണ് ഇപ്പോൾ അഞ്ചൽ B.V.U.P.S. എന്ന പേരിൽ പ്രവർത്തിക്കുന്നത്.

ആദ്യകാലത്ത് സ്കൂൾപ്രവർത്തകർ പ്രദേശങ്ങ ളിൽ ഇറങ്ങിനടന്ന് കുട്ടികളേയും രക്ഷാകർത്താക്ക ളേയും കണ്ട് പ്രലോഭനങ്ങൾ നൽകിയാണ് വിദ്യാ ഭ്യാസം നൽകുന്നതിനായി കുട്ടികളെ സംഘടിപ്പിച്ചിരു ന്നത്. പഠിക്കാൻ വരുന്ന കുട്ടികളിൽ നിന്നും ചേന,

കാച്ചിൽ, തേങ്ങ, അടയ്ക്ക എന്നീ കാർഷികോല്പന്നങ്ങളാണ് ഫീസായി വാങ്ങിയിരുന്നത്. ഈ കാർഷികോല്പന്നങ്ങളായിരുന്നു അക്കാലത്ത് അദ്ധ്യാപകർക്ക് ശമ്പളമായി കിട്ടിയിരുന്നത്. പ്രധാന അദ്ധ്യാപകനും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകപ്രമുഖർക്കും മാത്രമേ അന്ന് ശമ്പളം പണമായി ലഭിച്ചിരുന്നുള്ളൂ. ഒരദ്ധ്യാപകന്റെ ശമ്പളം പ്രതിമാസം 8 രൂപയായിരുന്നു.

അറുപതുകളുടെ തുടക്കത്തോടെ അഞ്ചലിൽ വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചു കയറ്റം തന്നെ സംഭവിച്ചു.

പഴയകാല വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഏറെ പ്രശസ്തമാണ് അഞ്ചൽ ഇംഗ്ലീഷ്സ്കൂൾ (ഇന്നത്തെ അഞ്ചൽ ഈസ്റ്റ് ഹൈസ്കൂൾ) ഒരു ട്രസ്റ്റിന്റെ നിയന്ത്രണത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1948ൽ പ്രസ്തുത സ്കൂൾ അഞ്ചൽ ഇംഗ്ലീഷ് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. മുൻ എം.എൽ.എയും പഞ്ചായത്ത് പ്രസിഡന്റുമായ പരേതനായ ശ്രീ. പി. ഗോപാലൻ, തടിക്കാട് ഇസ്മായിൽ, പുലിത്തിട്ട ടി. ആർ. ഗോപാലൻ നായർ, പാലറ ബാലകൃഷ്ണ പിള്ള, മണ്ണൂർ മത്തായി, ഏരൂർ ജനാർദ്ദനൻ മുൻഷി, മാവേലിക്കര രാമചന്ദ്രൻ നായർ, അഞ്ചൽ ഗോപി തുടങ്ങിയ പ്രഗൽഭമതികളായ അദ്ധ്യാപകർ ഈ സ്ഥാപനത്തിന്റെ യശസ്സ് ഉയർത്തിയവരിൽ ചിലർ മാത്രമാണ്.

അഞ്ചൽ പ്രദേശത്തിന്റെ എല്ലാവിധ വളർച്ചക്കും നിർണ്ണായകമായ പങ്ക് വഹിച്ച സ്ഥാപനമാണ് അഞ്ചൽ സെന്റ് ജോൺസ് കോളേജ്. 1965ലാണ് ഇത് സ്ഥാപിക്കപ്പെട്ടത്. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഇവിടെ എത്താറുണ്ട്. ഈ കോളേജിന്റെ ആദ്യ പ്രിൻസിപ്പാൾ ആയിരുന്ന ഫാ. ഫിലിപ്പ്. സി പന്തോളിൽ ആണ് കോളേജിന്റെ പെട്ടെന്നുള്ള വളർച്ചക്ക് പിന്നിൽ പ്രവർത്തിച്ചത്. ഇവിടെ ദീർഘകാലം അദ്ധ്യാപകനായിരുന്ന ഡോ. കെ. സുകുമാരപിള്ളയുടെ സേവനം മലയാളഭാഷക്കും സാഹിത്യത്തിനും ഒരു മുതൽക്കൂട്ടായിമാറി. ഇദ്ദേഹത്തിന്റെ കൃതികൾ ഭാഷാസാഹിത്യത്തിൽ ഉപരിപഠനം നടത്തുന്നവർക്ക് വളരെ പ്രയോജനകരമാണ്. അതുപോലെ മലയാള ഭാഷക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ ഡോ. പി.എം. ജോസഫ് ഈ കോളേജിലെ അദ്ധ്യാപകനായിരുന്നു.

1969ൽ അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ ഏതാനും വിദ്യാർത്ഥികളെ കോളേജ് മാനേജ്മെന്റ് പുറത്താക്കി. ഇവരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾ സമരം ആരംഭിച്ചു. സമരം ഒത്തുതീർപ്പാകാതെ വന്നപ്പോൾ സമരം അക്രമാസക്തമായി. കടകമ്പോളങ്ങൾ തകർക്കപ്പെടുകയും അന്ന് തടിപ്പാലമായിരുന്ന വട്ടമൺ പാലം തീവച്ച് നശിപ്പിക്കുകയും ചെയ്തു. ഈ സമരത്തിന്റെ പേരിൽ റിസർവ്വ്പോലീസ് സ്ഥലത്തെത്തി വെടിവെയ്പ്പ് നടത്തി. ഈ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷ്ണപിള്ള എം.എൽ.എ. നിരാഹാരം അനുഷ്ഠിക്കുകയും വെടിവെയ്പ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടക്കുകയും ഉണ്ടായി.

ഇന്ന് നിരവധി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നിരവധി പാരലൽ കോളേജുകളും കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങളുമായി ബഹുദൂരം മുന്നോട്ടുപോകുന്നതിന് സഹായകമായി തീർന്നത് വിദ്യാഭ്യാസരംഗത്തെ മികച്ച ചരിത്ര പാരമ്പര്യമാണ്. യുവകവിയായിരുന്ന പരേതനായ അഞ്ചൽ ഭാസ്കരൻപിള്ള, നാടക കൃത്തും സംവിധായകനും, തൃശൂർ സ്കൂൾ ഓഫ് ഡ്രാമ ഡയറക്ടറുമായ പ്രൊഫ: വയലാ വാസുദേവൻ പിള്ള, ആന്ധ്രാ ഡി.ജി.പി. ആയിരുന്ന പി. രാജപ്പൻ പിള്ള തുടങ്ങി കേരളത്തിലെ വിവിധമേഖലകളിൽ പ്രശസ്തരായിത്തീർന്ന പലരും അഞ്ചൽ ഇംഗ്ലീഷ് സ്കൂളിലെ പഴയകാല വിദ്യാർത്ഥികളായിരുന്നു.

അഞ്ചൽ പ്രദേശത്ത് C.B.S.C. അംഗീകാരം ലഭിച്ച ആദ്യത്തെ സ്കൂൾ ശബരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളാണ്. ഡോ. വി.കെ. ജയകുമാറാണ് ഈ സ്കൂൾ തുടങ്ങിയത്. കൊല്ലംജില്ലയിലെ പ്രധാനപ്പെട്ട ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒന്നാണിത്. 1995-ൽ ഈ സ്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന ജെമി വർഗ്ഗീസിന് S.S.L.C. പരീക്ഷയിൽ എട്ടാം റാങ്ക് ലഭിച്ചിരുന്നു.

ശാസ്ത്രസാങ്കേതിക രംഗത്ത് വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയ വാകംപമ്പിന്റെ ഉപജ്ഞാതാവ് H.P. വാറൻ (H. പരമേശ്വര അയ്യർ) അഞ്ചൽ സ്വദേശിയായിരുന്നു. വാട്ടർട്രെയിൻ കണ്ടുപിടിച്ച കുര്യൻ ജോർജ്ജ് അഞ്ചൽ മാവിള സ്വദേശിയാണ്. തിരുവിതാംകൂറിന്റെ ഭരണരംഗത്തും അഞ്ചലിന്റെ പങ്ക് നിസ്തുലമാണ്. തിരുവിതാംകൂർകൊട്ടാരം സർവ്വാധികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന ഹരിഹരയ്യർ അഞ്ചൽ പനയഞ്ചേരി സ്വദേശി ആയിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന H.P. വാറൻ.

അഞ്ചലിലെ ആദ്യകാല ട്യൂട്ടോറിയൽ അഞ്ചൽ ട്യൂട്ടോറിയൽ ആയിരുന്നു. ആദരണീയനായ പി. ഗോപാലൻ സ്ഥാപിച്ച P.G.T. എന്ന സ്ഥാപനമായിരുന്നു സമാന്തര വിദ്യാഭ്യാസരംഗത്തെ അഞ്ചലിലെ ഏറ്റവും ശ്രദ്ധേയമായസ്ഥാപനം. ഇന്ന് സമാന്തരവിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ കാര്യത്തിൽ കേരളത്തിലെ ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ് അഞ്ചൽ. പാരലൽ കോളേജുകളുടെ പറുദീസ എന്നും അഞ്ചലിനെ വിശേഷിപ്പിക്കുന്നവരുണ്ട്.

ഒരു ജനതയുടെ യഥാർത്ഥചരിത്രം അവരുടെ സാംസ്കാരിക ചരിത്രമാണ്. സാമൂഹിക, സാമ്പത്തിക ജീവിതത്തിന്റെ പരിണിതഫലമാണ് ഏതൊരു ജനതയുടേയും സംസ്കാരം.

കലാസാംസ്കാരികരംഗത്ത് മറക്കാനാവാത്ത പാരമ്പര്യമാണ് അഞ്ചലിനുള്ളത് കലാസാംസ്കാരിക രംഗം പുഷ്ടിപ്പെടുത്തിയവരും ഈ രംഗത്ത് പ്രസിദ്ധി നേടിയവരും നിരവധിയാണ്.

നിമിഷകവി അഞ്ചൽ ആർ. വേലുപിള്ള, ഹിന്ദുസ്ഥാൻ ടൈംസിന്റെ തിരുവനന്തപുരം ലേഖകൻ, റേയ്സ് വീക്കിലി എഡിറ്റർ, A.P.I. ന്യൂസ് എഡിറ്റർ, ലക്നൗവിൽ പൈനിയർ അസിസ്റ്റന്റ് എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കീഴൂട്ട് മാധവൻ നായർ(R.M. നായർ) എന്നിവർ അഞ്ചലിന്റെ യശസ്സ് ഉയർത്തിയ പഴമക്കാരാണ്. 1969 ൽ ശ്രീ. R.M. നായർക്ക് പദ്മഭൂഷൺ ബഹുമതി ലഭിക്കുകയുണ്ടായി.

കേരളത്തിന്റെ തനതായ് കലാരൂപമായ കഥകളിയുടെ പ്രചാരണലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ച അഞ്ചൽ അജന്താകഥകളി അക്കാഡമി ശ്രദ്ധേയമായിരുന്നു. കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കരതമ്പുരാന്റെ അധീനതയിലായിരുന്നു അഞ്ചൽ എന്നതുകൊണ്ടു തന്നെ കഥകളി പരിപോഷിപ്പിക്കുന്നതിനാവശ്യമായ എല്ലാ സഹായവും രാജസ്ഥാനത്തു നിന്നു ലഭിച്ചിരുന്നത് മൂലം. കാലഘട്ടത്തിലെ ആളുകളുടെ പിൻതലമുറക്കാർക്ക് കഥകളിയോടും അതിന്റെ സാഹിത്യ രൂപമായ ആട്ടകഥയോടും കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിന് സഹായകരമായി. കൊട്ടാരക്കര രാജവംശത്തിന്റെ വകയായിരുന്ന പനയഞ്ചേരി ശ്രീധർമ്മശാസ്താക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും കഥകളി അരങ്ങേറുന്നത് ശ്രദ്ധേയമാണ്. ഇവിടത്തെ ഉത്സവനാൾ കൊട്ടാരക്കര തമ്പുരാൻ ഉടവാളും പരിചയുമേന്തി എഴുന്നെള്ളത്തിന്റെ മുന്നിലുണ്ടാകുമായിരുന്നു.

ചരിത്ര പ്രസിദ്ധമായ ക്ഷേത്രങ്ങളുടെ നാടാണ് അഞ്ചൽ. പനയഞ്ചേരി ശ്രീധർമ്മശാസ്താക്ഷേത്രം, കളരി ക്ഷേത്രം, അഞ്ചൽ ഗണപതി ക്ഷേത്രം, വടമൺ ശ്രീകൃഷ്ണസ്വാമിക്ഷേത്രം, അഗസ്ത്യക്കോട് മഹാദേവർ ക്ഷേത്രം, ഏറം വയലിൽ തൃക്കോവിൽ ക്ഷേത്രം എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ അഞ്ചൽ, പ്രദേശത്തിന്റെ മതസൗഹാർദ്ദത്തിനും സാംസ്കാരിക മുന്നേറ്റത്തിനും സഹായകരമായിരുന്നു.

12 വർഷത്തിലൊരിക്കൽ കടയ്ക്കൽ ഭഗവതി ക്ഷേത്രത്തിൽ നിന്നും അഞ്ചൽപ്രദേശത്തേക്കുള്ള മുടിയെഴുന്നള്ളത്ത് മഹോത്സവം ചരിത്രപ്രസിദ്ധമാണ്. കടയ്ക്കൽ ഭഗവതിക്ഷേത്രത്തിൽനിന്നു പുറപ്പെടുന്ന എഴുന്നെള്ളത്ത് കോട്ടുക്കൽ മഞ്ഞപ്പുഴ ക്ഷേത്ര സന്നിധിയിൽ എത്തുമ്പോൾ അവിടെ പൂജാദികർമ്മങ്ങൾക്കായി ഇറക്കിവയ്ക്കുന്നു. ഭക്തജനങ്ങൾ വിശ്രമശേഷം വീണ്ടും തിരുമുടി ആഘോഷപൂർവ്വം എഴുന്നള്ളിച്ചു വരുന്ന വഴി 'മുളമൂട്ടിൽ' എത്തുന്നു.

അഞ്ചലച്ഛൻ എന്നറിയപ്പെട്ടിരുന്ന യൗനാൻ കത്തനാരുടെ ഓർമ്മയ്ക്കായി പണിതിട്ടുള്ള ദേവാലയത്തിൽ നേർച്ചകൾ അർപ്പിക്കുന്നു. കടയാറ്റുനിന്നും ഇട്ടിയമ്മ വ്രതാനുഷ്ഠങ്ങളോടെ അഷ്ടമംഗല്യവും വിളക്കുമേന്തി ഭഗവതിയുടെ ഇരുമുടി എതിരേൽക്കുവാനായി എത്തുന്നു. കിരീടത്തിനു പിറകേ ചാർത്തിയിട്ടുള്ള വർണ്ണാങ്കിതമായ പട്ട് ശോഭയാർന്ന വെള്ളിക്കത്തികൊണ്ട് ഇട്ടിയമ്മ അനാവരണം ചെയ്യുന്നതോടെ വീണ്ടും ശബ്ദായമാനമായ വാദ്യമേളങ്ങളോടെ ആഘോഷം നീങ്ങി വയലേലയിൽ എത്തുന്നു. കെട്ടുകുതിരകളും മറ്റു കാഴ്ചകളും ആഘോഷപൂർവ്വം ആറാടിക്കുന്നു. കടയാറ്റ് കൂത്തുപ്പറമ്പിൽ എത്തുമ്പോൾ പഴക്കമേറിയ പാലച്ചുവട്ടിലെ 'മാസപ്പുരയിൽ' ദേവിയുടെ തിരുമുടി ഭക്തിപൂർവ്വം ഇറക്കുന്നു. ഇവിടെ ഒരു ദിവസത്തെ വിശ്രമത്തിന് ശേഷം തിരുമുടി അഞ്ചൽ പനയഞ്ചേരി ക്ഷേത്രസന്നിധിയിലേക്ക് ഭക്തിപൂർവ്വം ആനയിക്കുന്നു. ഇവിടെ പ്രത്യേക പൂജയും ഉണ്ണിയപ്പം വാർത്ത് കൂനകൂട്ടലും പതിവാണ്. ഇതുകണ്ട് കടയ്ക്കൽ ഭഗവതി "അഞ്ചലപ്പൻ അപ്പം തിന്നു മുടിയും" എന്നരുൾ ചെയ്ത് അനുഗ്രഹിച്ചുവെന്ന് ഐതീഹ്യം.

ഇവിടെനിന്നും ഏറം വയലിൽതേവരുടെ സന്നിധിയിലേക്ക് ആനയിക്കുന്ന മുടി വീണ്ടും കടയാറ്റു ക്ഷേത്രത്തിലെത്തി പുറംഭാഗത്തായി വയ്ക്കുന്നു. തുടർന്ന് ഇവിടെ ഏഴുദിവസം ഉത്സവം പൊടിപൂരം കൊണ്ടാടുന്നു. ഏഴാം ദിവസം തിരുമുടി വീണ്ടും കടയ്ക്കൽ ഭഗവതിക്ഷേത്രത്തിലെ മുടുപ്പുരയിൽ എത്തുന്നു. 1973-ലാണ് അവസാനമായി ഈ തിരുമുടി എഴുന്നെള്ളത്ത് നടന്നത് ഈ ഉത്സവത്തിന് നാനാദിക്കിൽ നിന്നും ധാരാളം ജനങ്ങൾ ജാതിമതഭേദമന്യേ എത്തിയിരുന്നു.

അഞ്ചലിന്റെ പൊതുസാക്ഷരതാനിലവാരത്തേയും പുരോഗമന സാംസ്കാരിക സാഹിത്യരംഗത്തേയും വളർത്തുന്നതിൽ ഗ്രന്ഥശാലകൾ വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. നാലാംക്ലാസ് പള്ളിക്കൂടം

എന്നറിയപ്പെട്ടിരുന്ന എൽ.പി.എസ്സിനോട് ചേർന്ന് നാട്ടിലെ സാമൂഹ്യപ്രവർത്തകരുടെ ശ്രമഫലമായി ആരംഭിച്ച ഗ്രന്ഥശാലയാണ് ഇന്നത്തെ അഞ്ചൽ പഞ്ചായത്ത് കേന്ദ്രീയഗ്രന്ഥശാല. 1957ൽ ആണ് ഇത് അഞ്ചൽ പഞ്ചായത്ത് ഏറ്റെടുത്തത്. 1949-ലാണ് ചോരനാട് ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചത്. തുടർന്ന് അഗസ്ത്യക്കോട് ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല, പനയഞ്ചേരി ജവഹർ ഗ്രന്ഥശാല എന്നിവ പ്രവർത്തനമാരംഭിച്ചു. 1957ൽ കുരുവിക്കോണം വിജ്ഞാനസന്തായിനി ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചു. പിൽക്കാലത്ത് ഉണ്ടായതാണ് ആർച്ചൽ മഹാത്മാഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാല. ബാലസമാജം, മഹിളാസമാജം, യുവജനസമാജം, ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് എന്നിവ ഈ ഗ്രന്ഥശാലയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നു.

നാടകം, സംഗീതം, നൃത്തം തുടങ്ങിയ കലാരംഗങ്ങളിൽ അഞ്ചൽ കല്പനാകലാഭവനേന്റേയും, നാടകരംഗത്ത് പ്രവർത്തിച്ചിരുന്ന അഞ്ചൽ ആർട്ട്സ് ആന്റ് സ്പോർട്ട്സ് അസോസിയേഷന്റേയും പ്രവർത്തനം വിലപ്പെട്ടതായിരുന്നു. നവജീവൻ ആർട്ട്സ് ക്ലബ്ബ്, ദൃശ്യകലാവേദി എന്നിവയും അഞ്ചലിന്റെ കലാ-കായിക രംഗത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളാണ്. 1990-ലെ ചലത്ചിത്ര കലാസംവിധാനത്തിനുള്ള അവാർഡ് വാങ്ങുകയും നിരവധി സിനിമകൾ സംവിധാനം ചെയ്ത് മലയാള ചലച്ചിത്ര രംഗത്ത് അഭിമാനമായിത്തീരുകയും ചെയ്ത രാജീവ്അഞ്ചൽ, കഥാപ്രസംഗരംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കുകയും 1995-ലെ കേരളാസംഗീതനാടക അക്കാദമി അവാർഡ് ലഭിക്കുകയും ചെയ്ത തേവർതോട്ടം സുകുമാരൻ, ഓട്ടൻതുള്ളൽ കലാരംഗത്ത് പ്രസിദ്ധയായ വടമൺ ദേവകിയമ്മ തുടങ്ങിയവർ കലാരംഗത്ത് അഞ്ചലിന് അഭിമാനിക്കാവുന്ന പ്രതിഭാശാലികളാണ്.

കേരളത്തിലെ കാർഷികമേഖലയിൽ പ്രധാന ഉത്സവമായ മരമടി മഹോത്സവത്തിന്റെ തുടക്കം അഞ്ചലായിരുന്നതായും പറയപ്പെടുന്നു. അന്തരിച്ച അഞ്ചൽ മാധവൻ പിള്ള മരമടി മഹോത്സവത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നു.

അഞ്ചലിലെ ആദ്യ സിനിമാടാക്കീസ് കടകത്ത് കേശവപിള്ള ആരംഭിച്ച ലക്ഷ്മി ടാക്കീസ് ആയിരുന്നു. മുളയും പനമ്പും ഓലയും കൊണ്ട് നിർമ്മിച്ചതായിരുന്നു അന്നത്തെ സിനിമാടാക്കീസ്. ഈ സിനിമ ടാക്കീസിലെ പുഴിമണലിലിരുന്ന് കണ്ട സിനിമകളുടെ കഥ പഴയ തലമുറയുടെ ഓർമ്മയിൽ ഇന്നും മായാതെ നിൽക്കുന്നു. കാളവണ്ടിയിൽ ചെണ്ടകൊട്ടി സിനിമയുടെ കഥാസാരം വിളിച്ചുപറഞ്ഞ് ജനങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതായിരുന്നു അന്നത്തെ സിനിമാ പരസ്യരീതി. ഫസ്റ്റ് ഷോയും സെക്കൻഡ് ഷോയും മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളൂ. പിൽക്കാലത്ത് ഉണ്ടായവയാണ് സലീം ടാക്കീസ്, അടുത്തകാലം വരെ അഞ്ചൽ ടൗണിന് സമീപം പ്രവർത്തിച്ചിരുന്ന ജയമോഹൻ തീയറ്റർ എന്നിവ.

ആതുരസേവനത്തിനായി അഞ്ചൽക്കാർ ആദ്യകാലങ്ങളിൽ ആശ്രയിച്ചിരുന്നത് ആയുർവേദ വൈദ്യൻമാരെ ആയിരുന്നു. സർക്കാർ വൈദ്യൻ എസ്. പരമേശ്വരൻ പിള്ള, വിഷവൈദ്യനായ യൂനുസ് വൈദ്യൻ, പപ്പു വൈദ്യൻ, നാണു വൈദ്യൻ, നീലകണ്ഠൻ വൈദ്യൻ തുടങ്ങിയവർ ഈ രംഗത്തെ പ്രഗത്ഭമതികളായ പാരമ്പര്യവൈദ്യന്മാരായിരുന്നു.

അഞ്ചലിലെ പ്രഥമ അലോപ്പതി ആശുപത്രി അഞ്ചൽ വടമൺ പാലത്തിന് പടിഞ്ഞാറുവശത്ത് പ്രവർത്തനം ആരംഭിച്ച ഡോ. ഐസക്കിന്റെ ആശുപത്രിയാണ്. പിന്നീട് ഇത് അഞ്ചൽ മാർക്കറ്റ് ജംഗ്ഷനിലേക്ക് മാറ്റി സ്ഥാപിച്ചു. 1953-ൽ അഞ്ചലിൽ "മേരി മക്കൾ സന്യാസിനി സഭ" ആരംഭിച്ച അഞ്ചൽ സെന്റ് ജോസഫ് ഹോസ്പിറ്റലാണ് ഈ രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടത്. 1953 മെയ്മാസം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഈ ആതുരാലയം ജനങ്ങൾക്കായി സമർപ്പിച്ചു.

ലോക പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന എച്ച്. പി. വാറന്റെ (എച്ച്. പരമേശ്വര അയ്യർ) വക പുരയിടത്തിലാണ് ഈ ഹോസ്പിറ്റൽ സ്ഥാപിക്കപ്പെട്ടത്. അതുകൊണ്ട് പഴയതലമുറ ഈ ഹോസ്പിറ്റലിനെ ഇപ്പോഴും "പട്ടരുവിള" എന്നാണ് വിളിക്കുന്നത്. 1954-ൽ ഇവിടെ ചാർജ്ജ് എടുത്ത അന്നമ്മ ഡോക്ടറുടെ സേവനം അഞ്ചൽ നിവാസികൾക്ക് മറക്കാനാവില്ല. പാവങ്ങളുടെ ഡോക്ടർ എന്നാണ് ഇവരെ വിശേഷിപ്പിച്ചിരുന്നത്. 1972ൽ അഞ്ചൽ ഗവർൺമെന്റ് ആശുപത്രി പ്രവർത്തനം ആരംഭിച്ചു. മുൻ എം.എൽ.എ. പി. ഗോപാലന്റെ നേതൃത്വത്തിൽ നാട്ടിലെ പൊതുപ്രവർത്തകർ സംഭാവന പിരിച്ചാണ് ഇതിന്റെ പ്രവർത്തനം തുടങ്ങിയത്. അഞ്ചൽ പഞ്ചായത്തിന്റേയും വനംവകുപ്പിന്റേയും വക പുരയിടത്തിലാണ് ആശുപത്രി നിർമ്മിച്ചത്.

വിശ്വനാഥപിള്ള ഡോക്ടർ ആരംഭിച്ച പി. എൻ എസ്. ഹോസ്പിറ്റൽ, ജോർജ്ജ് ഡോക്ടറുടെ ഹോസ്പിറ്റൽ, ഡോ. ദേവദാസ് ഹോസ്പിറ്റൽ, ഡോ. ജയകുമാർ സ്ഥാപിച്ച ശബരിഗിരി ഹോസ്പിറ്റൽ, ഡോ. വിനയചന്ദ്രൻ ആരംഭിച്ച മെറ്റേണിറ്റി ഹോസ്പിറ്റൽ എന്നിവ ആതുരശുശ്രൂഷാരംഗത്ത് പതിറ്റാണ്ടുകളുടെ പഴക്കമുള്ളവയാണ്. അഞ്ചലിന്റെ വികസന

ത്തിൽ ഈ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. പ്രൈവറ്റ് ആശുപത്രികളുടെ കേന്ദ്രമെന്നും ആളുകൾ അഞ്ചലിനെ വിശേഷിപ്പിക്കാറുണ്ട്.

അഞ്ചൽ ഒരു സഹകരണ സംഘം ആരംഭിച്ചത് കൊല്ലവർഷം 1123 മേടം 17-ാം തീയതിയാണ്. വിവിധോദ്ദേശ സഹകരണസംഘം എന്ന പേരിലാണ് പ്രവർത്തനം തുടങ്ങിയത്. കർഷകരെ സഹായിക്കുക, നെയ്ത്തുകാരെ പ്രോത്സാഹിപ്പിക്കുക, സർക്കാർ തുണി റേഷൻ വിലക്ക് വിതരണം ചെയ്യുക എന്നിവയായിരുന്നു അക്കാലത്തെ ഉദ്ദേശം. അഞ്ചൽ ആർ. ഒ ജംഗ്ഷനിൽ വി.വി. തോമസിന്റെ നേതൃത്വത്തിൽ കപ്പ ഉദ്പാദക ക്രയവിക്രയ സംഘം പ്രവർത്തിച്ചിരുന്നു. 1957-ൽ ഈ രണ്ട് സംഘവും ഒന്നായി. 1968 മെയ് 20-ാം തീയതി കോളേജ് ജംഗ്ഷനിൽ ഫെഡറൽ ബാങ്കിന്റെ ശാഖ പ്രവർത്തനം ആരംഭിച്ചു. അഞ്ചലിലെ ആദ്യത്തെ ബാങ്ക് ഇതായിരുന്നു.

അഞ്ചലിലെ പഴയകാല സർക്കാർ ആഫീസുകൾ അഞ്ചൽ മാർക്കറ്റ് ജംഗ്ഷൻ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തച്ചിരുന്നത്. ഇന്നത്തെ പ്രൈവറ്റ് ബസ് സ്റ്റാന്റ് മൈതാനത്തിൽ പ്രവർത്തിച്ചിരുന്ന പാറോത്തിയാർ ഓഫീസ് എന്ന് വിളിച്ചിരുന്ന പ്രവർത്തിയാരുടെ ഓഫീസ് ആണ് ഏറ്റവും പഴക്കമുള്ള ആഫീസ് എന്ന് പറയപ്പെടുന്നു. പ്രവർത്തിയാരുടെ ഓഫീസ് പിൽക്കാലത്ത് വില്ലേജ് ഓഫീസായി മാറി. വില്ലേജ് ഓഫീസറെ പണ്ട് അധികാരി എന്നുംവിളിച്ചിരുന്നു. തിരുവിതാംകൂറിലെ ഏറ്റവും വലിയ വില്ലേജായിരുന്നു അഞ്ചൽ. വരുമാനത്തിലും ഈ വില്ലേജ് ഒന്നാം സ്ഥാനത്തായിരുന്നു.

തിരുവിതാംകൂറിലെ പഴയ തപാൽ വിതരണ സമ്പ്രദായം അഞ്ചലിൽ ഉണ്ടായിരുന്നു. ഇത്തരത്തിൽ ഒരു പ്രധാനപ്പെട്ട അഞ്ചലാപ്പീസ് ചന്തമുക്കിൽ ഇന്ന് പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്ത് ഒരു ചെറിയ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു. വലിയൊരു അഞ്ചൽപ്പെട്ടി സ്ഥാപിച്ചിരുന്നതായി പറയപ്പെടുന്നു. കുതിരപ്പട്ടാളമായിരുന്നു അന്ന് മെയിൽസർവ്വീസ് നടത്തിയിരുന്നത്. അഞ്ചൽ എന്ന സ്ഥലപ്പേരിന് കാരണമായത് പഴയകാലത്തെ ഈ അഞ്ചലാപ്പീസ് ഉണ്ടായതിനാലാണെന്നും ഒരു അവകാശവാദം ഇന്നും നിലനിൽക്കുന്നു.

അഞ്ചൽ പോലീസ്സ്റ്റേഷൻ, പോലീസ് ഔട്ട് പോസ്റ്റായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. 1973-ൽ ഇത് ചാർജ്ജ് സ്റ്റേഷനാക്കി ഉയർത്തപ്പെട്ടു. ചാർജ്ജ് സ്റ്റേഷനാക്കിയതോടെയാണ് ഇവിടെ ഒരു സബ് ഇൻസ്പെക്ടറെ നിയമിച്ചത്. താലൂക്ക് കച്ചേരി, കോടതി എന്നിവ അഞ്ചൽ മാർക്കറ്റ്ജംഗ്ഷനിൽ സ്ഥാപിച്ചിരുന്നതായും ഇവ പിന്നീട് പുനലൂരിലേക്ക് മാറ്റിയതായും പറയപ്പെടുന്നു. വളരെപ്പഴക്കമുള്ള ഓഫീസുകളിലൊന്നാണ് അഞ്ചൽ റെയിഞ്ച് ഓഫീസ്. അഞ്ചൽ മേലേജംഗ്ഷനിൽ റെയിഞ്ച് ഓഫീസ് ജംഗ്ഷൻ (R.O ജംഗ്ഷൻ) എന്നപേര് വന്നത് ഈ ഓഫീസ് ഉണ്ടായതിനാലാണ്. ഓഫീസിന് ചുറ്റും വനമായിരുന്നു. അഞ്ചൽ മേലേ ജംഗ്ഷനിൽ അക്കാലത്ത് മറ്റ് ഓഫീസുകൾ ഒന്നും തന്നെ ഇല്ലായിരുന്നു. അഞ്ചൽ സബ് രജിസ്റ്റാർ ഓഫീസ്, ഇലക്ട്രിസിറ്റി ഓഫീസ്, മൃഗാശുപത്രി, ബ്ലോക്ക് ഓഫീസ്, എന്നിവ പതിറ്റാണ്ടുകളുടെ പഴക്കമുള്ള ഓഫീസുകളാണ്. പത്തനാപുരം താലൂക്കിലെ എട്ട് പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് അഞ്ചലിൽ സ്ഥാപിക്കപ്പെട്ട ബ്ലോക്കാഫീസ് അഞ്ചലിന്റെ വികസനത്തിന് വളരെയേറെ സഹായകമായിട്ടുണ്ട്.

അഞ്ചലിലൂടെ ആദ്യമായി ഓടിത്തുടങ്ങിയ സർവ്വീസ് ബസുകൾ ഭാരതിയും, യശോദയുമാണ്. തിരുവനന്തപുരത്തുനിന്നും ഒരു എക്സ്പ്രസ്ബസ് ഇതുവഴി സർവ്വീസ് നടത്തിയിരുന്നു. കളക്ഷൻ ഇല്ലാത്തതിനാൽ കുറേനാൾ ഈ ബസ് ഓടിയില്ല. കാളവണ്ടികളിലായിരുന്നു ആളുകൾ അധികവും യാത്ര ചെയ്തിരുന്നത്. വാടകയ്ക്ക് അന്ന് കാളവണ്ടികൾ ലഭിച്ചിരുന്നു. അഞ്ചൽ പ്രദേശത്ത് ഒന്നോ രണ്ടോ കാറുകൾ മാത്രമേ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നുള്ളു. അസുഖമായാൽ ആളുകളെ ആശുപത്രിയിൽ എത്തിക്കുന്നതിനും, അടിപിടി അക്രമങ്ങളിൽ മാരകമായി പരിക്കേല്ക്കുന്നവരേയും അത്യാഹിതങ്ങളിൽ മരിക്കുന്നവരെ പോസ്റ്റ്മോർട്ടം നടത്തുന്നതിന് പുനലൂർ ഗവ. ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും മാത്രമേ അക്കാലത്ത് ആൾക്കാർ കാർ ഉപയോഗിച്ചിരുന്നുള്ളു. ആ കാറുകൾ ഇന്നത്തെ അമ്പാസിഡർ മോഡൽ ആയിരുന്നില്ല. തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാധനങ്ങൾ കൊണ്ടുവന്നിരുന്നതും അക്കാലത്ത് കാളവണ്ടിയിലായിരുന്നു.

അപ്രധാനമല്ലാത്ത ഒരു രാഷ്ട്രീയപാരമ്പര്യം അഞ്ചലിനുണ്ട്. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പങ്കാളികളായിട്ടുള്ള നിരവധി ധീരദേശാഭിമാനികൾ അഞ്ചലിന്റെ വിവിധ ഭാഗങ്ങളിൽ വളരെയൊന്നും അറിയപ്പെടാത്തവരായി ഇന്നും കഴിയുന്നു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കാലത്തും പിൽക്കാലത്ത് നിരോധിക്കപ്പെട്ട കാലത്തും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടേയും നേതാക്കളായും പ്രവർത്തകരായും അഞ്ചൽ പ്രദേശത്ത് നിരവധി പേർ ഉണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിൽ നിന്നുലഭിച്ച

അംഗീകാരവും സ്വാധീനവും അഞ്ചലിന്റെ പൊതു വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുവാൻ ഇവർ ശ്രമിച്ചിട്ടുണ്ട് എന്നത് നമുക്ക് വിസ്മരിക്കാനാവില്ല.

അഞ്ചലിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രവും ശ്രദ്ധേയമാണ്. കാർഷികമേഖലയിലെ സംഘടിതശക്തി ഈമേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനും പുരോഗതിക്കുമായി പ്രവർത്തിച്ചിട്ടുണ്ട്. 1942 മുതൽ അഞ്ചൽ പ്രദേശത്ത് കശുവണ്ടി തൊഴിലാളികളുടെ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അഞ്ചലിന്റെ മുന്നേറ്റ പാതയിൽ ഈ പ്രദേശത്തെ സംഘടിതതൊഴിലാളികളുടെ സംഭാവന നിർണ്ണായകമായിരുന്നു

ഗൾഫ്നാടുകളിലെ തൊഴിലവസരങ്ങൾ ശരിക്കും മുതലെടുക്കുവാൻ അഞ്ചൽ പ്രദേശത്തെ ജനങ്ങൾക്ക് ഏറെ കഴിഞ്ഞിട്ടുണ്ട്. ഇവരുടെ വരുമാനം അഞ്ചലിന്റെ സമ്പദ്ഘടനയെ ഇന്ന് ശരിക്കും സ്വാധീനിച്ചിരിക്കുന്നു.

കൊടുംവനമായിരുന്ന അഞ്ചൽ പ്രദേശത്തിന്റെ അത്ഭുതകരമായ ഇന്നത്തെ വികസനം കാണുമ്പോൾ തന്നെ ഇവിടുത്തെ ജനങ്ങളുടെ അധ്വാനശീലം ബോദ്ധ്യപ്പെടും. ഈ പ്രദേശത്തെ ഇന്നത്തെ വലിയ റോഡുകൾ മിക്കതും ജനങ്ങൾ സംഘടിച്ച് വെട്ടിയിട്ടുള്ളതാണ്. മനുഷ്യശേഷിയാണ് അഞ്ചൽ പ്രദേശത്തിന്റെ വികസനത്തിൽ എപ്പോഴും മുഖ്യ ഘടകമായിന്നിട്ടുള്ളത്. അധ്വാനശീലരായ ജനങ്ങളും ഫലഭൂയിഷ്ഠമായ മണ്ണുമുള്ള ഒരു പ്രദേശത്തിന് എത്രത്തോളം പുരോഗതി ഉണ്ടാക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് അഞ്ചൽ. പണ്ടു മുതൽക്കേ മതസൗഹാർദ്ദത്തിന്റെ മാതൃകാസ്ഥാനം കൂടിയാണിവിടം.

പഴയ അഞ്ചൽ പഞ്ചായത്ത് ഇന്നത്തെ അലയമൺ പഞ്ചായത്തുകൂടി ഉൾപ്പെട്ടതായിരുന്നു. വില്ലേജ് അസോസിയേഷൻ ആണ് ആദ്യകാലത്ത് പഞ്ചായത്ത് ഭരണം നടത്തിയിരുന്നത്. 1953 സെപ്റ്റംബർ 3-ാം തീയതിയാണ് അഞ്ചൽ പഞ്ചായത്തിന്റെ ആദ്യ കമ്മിറ്റി അധികാരമേൽക്കുന്നത്. വേലുശ്ശേരി അബ്ദുൽ ഖാദറായിരുന്നു ആദ്യ പഞ്ചായത്ത് പ്രസിഡന്റ്. തുടർന്ന് 15-10-54 മുതൽ 1-9-1955 വരെ പാലറ ബാലകൃഷ്ണപിള്ളയും 16-10-56മുതൽ 19-4-62വരെ ഡോ. സി.ഇ. വേലുവും 19-10-63മുതൽ 12-8-79വരെ പി. ഗോപാലനും 28-9-79മുതൽ 28-10-84വരെ കെ. ശിവരാമപിള്ളയും 8-2-88മുതൽ 9-2-94 വരെ കെ.എൻ. വാസവനും പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം വഹിച്ചു. അഞ്ചൽ ഗ്രാമ പഞ്ചായത്തിന്റെ ആദ്യ വനിതാ പ്രസിഡന്റായി സുജാ ചന്ദ്രബാബു 4-10-95മുതൽ സ്ഥാനമേറ്റു, ആകെ 12 വാർഡുകളാണ് ഇന്ന് അഞ്ചൽ പഞ്ചായത്തിൽ ഉള്ളത്. സെപ്റ്റംബർ 7ന് നടന്ന തെരഞ്ഞെടുപ്പിൽ ഏറം ഒന്നാം വാർഡിൽ സി.ആർ. വിക്രമനും, ഏറം രണ്ടിൽ തോയിത്തല മോഹനനും, ചോരനാട് വാർഡിൽ (3) സി.ബി. രവീന്ദ്രനും, വടമൺ (4) വാർഡിൽ ശശികലയും, പനയഞ്ചേരി (5) വാർഡിൽ സി. ഹരിയും, ആർച്ചൽ (6) വാർഡിൽ ബിജുലാലും, അഗസ്ത്യക്കോട് (7) വാർഡിൽ ഉഷാകൃഷ്ണനും, അഗസ്ത്യക്കോട് (8) വാർഡിൽ എസ്. രാധയും, അഞ്ചൽ ടൗൺ (9) വാർഡിൽ ഇബ്രാഹിംകുട്ടിയും, മാർക്കറ്റ് (10) വാർഡിൽ സക്കീർഹുസൈനും തഴമേൽ (11) വാർഡിൽ നളിനീകൃഷ്ണൻകുട്ടിയും, കുരുവിക്കോണം (12) വാർഡിൽ സുജാചന്ദ്രബാബുവും തെരഞ്ഞെടുക്കപ്പെട്ടു. 1995 ഒക്ടോബർ 2ന് നിലവിലുള്ള പഞ്ചായത്ത് സമിതി അധികാരമേറ്റു. സുജാ ചന്ദ്രബാബു പ്രസിഡന്റായും, സി.ആർ. വിക്രമൻ വൈസ് പ്രസിഡന്റായും, സി. ഹരി സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു.

1988 ഏപ്രിൽ 28നാണ് ഇപ്പോഴത്തെ കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തനമാരംഭിച്ചത്. അതിനുമുമ്പ് അഞ്ചൽ ആർ. ഒ. ജംഗ്ഷനിൽ ഉള്ള പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് കെട്ടിടത്തിൽ ആയിരുന്നു പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ തന്നെ അഞ്ചൽ വില്ലേജ് ഓഫീസും അഞ്ചൽ പഞ്ചായത്ത് കേന്ദ്രീയ ലൈബ്രറിയും പ്രവർത്തിക്കുന്നു. പിന്നോട്ട് നോക്കുമ്പോൾ ഒട്ടൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും അഞ്ചൽ പഞ്ചായത്തിന് അഭിമാനിക്കാൻ ഒരായിരം നേട്ടങ്ങളുണ്ട്. കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ ഒന്നാണ് അഞ്ചൽ ഗ്രാമ പഞ്ചായത്ത്.

കാർഷികമേഖലയുടെ ഹരിതസങ്കല്പത്തിനൊപ്പം കാടിന്റേയും കാട്ടുപാതയുടേയും നൈർമ്മല്യത്തിനൊപ്പം പട്ടണ സംസ്കാരത്തിലേക്ക് മുന്നേറുകയാണ അഞ്ചൽ. സാമൂഹ്യ പുരോഗതിക്ക് വിളക്കുവച്ച ഗതകാല ചരിത്രത്തിൽ അഞ്ചലിന് പകരം അഞ്ചൽ മാത്രം.

♦

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതി

കൊല്ലം ജില്ലയിൽ അഞ്ചൽ ബ്ലോക്കിൽപെടുന്ന ഒരു ഗ്രാമ പഞ്ചായത്താണ് അഞ്ചൽ ഗ്രാമപഞ്ചായത്ത്. 2445 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന് ഒരു വില്ലേജും(അഞ്ചൽ വില്ലേജ്) 12 വാർഡും ഉണ്ട്. കൊല്ലം ജില്ലയുടെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ആയൂരിൽ നിന്നും ഏഴ് കിലോ മീറ്റർ കിഴക്കുമാറിയും പുനലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും 10 കി.മീറ്റർ തെക്കുമാറിയും സ്ഥിതിചെയ്യുന്നു.

അക്ഷാംശം 8° 54′ 26′′ നും 8° 58′ 19′′ വടക്കും രേഖാംശം 76° 53′ നും 76° 56′ 24′′ കിഴക്കും ഇടയിൽ സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിന്റെ വടക്ക് കരവാളൂർ പഞ്ചായത്തും, പടിഞ്ഞാറ് ഇടമുളയ്ക്കൽ പഞ്ചായത്തും, കിഴക്ക് ഏരൂർ പഞ്ചായത്തും, തെക്കു കിഴക്ക് അലയമൺ പഞ്ചായത്തും, തെക്ക് ഇട്ടിവ പഞ്ചായത്താലും ചുറ്റപ്പെട്ടു കിടക്കുന്നു. ഇത്തിക്കരയാറ് പഞ്ചായത്തിൽ പെടുന്നില്ലയെങ്കിലും തെക്കേ അതിരായി ഒഴുകുന്നു(1.3 കി.മീറ്റർ) ചിത്രം(1).

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മലനാട്ടിൽ പെടുത്തിയിരിക്കുന്നു. അതായത് സമുദ്രനിരപ്പിൽ നിന്നും 75 മീറ്റർ ഉയരത്തിൽ ആണ് പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും സ്ഥിതിചെയ്യുന്നത്.

ഭൂപ്രകൃതി അനുസരിച്ച് അഞ്ചൽ പഞ്ചായത്തിനെ പ്രധാനമായും നാല് ഭൂരൂപങ്ങളായി തിരിക്കാം (ചിത്രം–2)

1. ഉയർന്ന സമതലം (T)
2. കുത്തനെ ചരിവുള്ള പ്രദേശങ്ങൾ (S_3)
3. ഇടത്തരം ചരിവുള്ള പ്രദേശങ്ങൾ (S_2)
4. താഴ്വര (V)

പട്ടിക–1

	ഭൂരൂപങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	ഉയർന്ന സമതലം	65	2.66
2	കുത്തനെ ചരിവ്	430	17.59
3	ഇടത്തരം ചരിവ്	882	36.07
4	താഴ്വര	1068	43.68
	ആകെ	2445	10000

അവലംബം: വിഭവഭൂപടം, സെസ്സ്

ഉയർന്ന സമതലം

പഞ്ചായത്തിലെ ഉയർന്ന സമതലങ്ങൾ ഭൂരിഭാഗവും 100 മീറ്ററോ അതിനുമുകളിലോ സ്ഥിതിചെയ്യുന്നു. ചിലഭാഗങ്ങളിൽ 80നും 100നും മീറ്റർ ഇടയിൽ സ്ഥിതിചെയ്യുന്നു. ഉയർന്നസമതലങ്ങൾ കാണുന്ന സ്ഥലങ്ങൾ പ്രധാനമായും താവളം, കോളച്ചിറക്ക് വടക്ക്, കുരുവിക്കോണം, മാവിള, വക്കംമുക്ക്, തഴമേൽ തുടങ്ങിയവയാണ്. ഈ ഭാഗങ്ങളിൽ പൊതുവേ ചരിവ് കുറവായതിനാൽ മണ്ണൊലിപ്പിനുള്ള സാധ്യതയും കുറവാണ്. ചെങ്കൽ മണ്ണാണ് ഈ പ്രദേശങ്ങളിൽ കാണുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 2.66 ശതമാനം (65 ഹെക്ടർ) വരുന്ന ഈ പ്രദേശങ്ങളിൽ ജല ലഭ്യത വളരെ കുറവാണ്. ഈ ഭാഗങ്ങളിലെ മുഖ്യ കൃഷി റബ്ബറാണ്. അപൂർവ്വം തെങ്ങുകളും കാണപ്പെടുന്നു.

ചരിവുള്ള പ്രദേശങ്ങൾ

ഉയർന്ന പ്രദേശത്തിന്റെ അരികുമായി ചേർന്നു വരുന്നവയാണ് ഈ പ്രദേശങ്ങൾ. ചരിവുള്ള പ്രദേശങ്ങളെ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച്

രണ്ടായി തിരിക്കാം. കുത്തനെ ചരിവുള്ള പ്രദേശം, ഇടത്തരം ചരിവുള്ള പ്രദേശം.

കുത്തനെ ചരിവുള്ള പ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 17.59 ശതമാനം (430 ഹെക്ടർ) പ്രദേശങ്ങൾ ഈ വിഭാഗത്തിൽ പെടും. പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങളാണ് ഈ വിഭാഗത്തിൽ പെടുന്നത്. ചേറ്റുകുഴി, അരിപ്ലാച്ചി, തുമ്പാശ്ശേരി, മാവിള, കുരുവിക്കോണം തുടങ്ങിയ സ്ഥലങ്ങൾ ഉദാഹരണങ്ങളാണ്. ഈ പ്രദേശങ്ങളിൽ ചരിവ് കൂടുതൽ ആയതിനാൽ മണ്ണൊലിപ്പ് വളരെ കൂടുതൽ ആണ്. നീർവാർച്ച കൂടുതൽ ഉള്ള ചെങ്കൽ മണ്ണാണ് ഈ പ്രദേശങ്ങളിൽ ഉള്ളത്. ആയതിനാൽ മഴക്കാലങ്ങളിൽ ജലംമൂലം മണ്ണൊലിപ്പിന്റെ ശക്തി കൂടി വരുന്നു. പൊതുവേ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിലെ മുഖ്യ കൃഷി റബ്ബറാണ്. തെങ്ങുകൃഷിയും കണ്ടുവരുന്നു. ചരിവുകൾ മിക്കവാറും താഴ്വരയിൽ വന്നവസാനിക്കുന്നു.

ഇടത്തരം ചരിവ്

കുത്തനെ ചരിവുള്ള പ്രദേശങ്ങൾ കഴിഞ്ഞാൽ കൂടുതൽ കാണുന്ന ഭൂരൂപം ഇടത്തരം ചരിവുള്ള പ്രദേശങ്ങളാണ്. ചരിവ് കുറവായതിനാൽ മണ്ണൊലിപ്പും ഈ പ്രദേശങ്ങളിൽ കുറവാണ്. ചോരനാട് ഭാഗങ്ങളിൽ കുത്തനെ ചരിവിന്റെ തുടർച്ചയായി ഇടത്തരം ചരിവ് കാണപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 36.07 ശതമാനം (882 ഹെക്ടർ) വരും. ഈ പ്രദേശങ്ങളിലെ മൺതരം ചെങ്കൽ മണ്ണാണ്. നീർവാർച്ച കൂടുതലായ മണ്ണാണെങ്കിലും ചരിവ് കുറവായതിനാൽ മഴക്കാലങ്ങളിൽ കുറേ ജലം ഭൂമിക്കടിയിലേക്ക് പോകുന്നു. ആയതിനാൽ ഈ ഭാഗങ്ങളിൽ മിതമായ ജലലഭ്യതക്ക് സാധ്യതയുണ്ട്. ഈ ഭാഗങ്ങളിലെ പ്രധാന കൃഷി മിശ്രിതവിളകളാണ്. മിശ്രിത വിളകളിൽ കൂടുതലും തെങ്ങാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണ് ഇവ. റബ്ബർ കൃഷിയും ഇവിടങ്ങളിൽ ചെയ്തുവരുന്നു. ഇടത്തരം ചരിവുകളെല്ലാം താഴ്വരയിൽ വന്നവസാനിക്കുന്നു. വടക്കൻ മേഖലകൾ ഒഴികെയുള്ള പ്രദേശങ്ങൽ എല്ലാം (താഴ്വരകൾ ഒഴികെ) ഇതിൽ പെടുന്നു.

താഴ്വര

ചരിവ് പ്രദേശങ്ങൾ കഴിഞ്ഞാൽ വരുന്ന ഭൂരൂപമാണ് താഴ്വര. പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളാണ് ഈ പ്രദേശങ്ങൾ. എല്ലാത്തരം ചരിവുകളും താഴ്വരയിൽ വന്നവസാനിക്കുന്നതിനാൽ താഴ്വരകൾ ജലത്തിന്റേയും, മുകളിൽ നിന്ന് ഒഴുകിയെത്തുന്ന വസ്തുക്കളുടേയും ഒരു സംഭരണ ശാലയാണ്. പല മല നിരകളേയും വേർതിരിക്കുന്ന ഭൂരൂപങ്ങളാണ് താഴ്വരകൾ. ജലം കെട്ടിനിൽക്കുന്ന പ്രദേശമായതിനാലും തോടുകൾ ഒഴുകുന്ന സ്ഥലങ്ങളായതിനാലും ഈ പ്രദേശങ്ങൾ നല്ല എക്കൽ മണ്ണിന്റെ ഉറവിടങ്ങളാണ്. നെൽ കൃഷിക്ക് ഫലഭൂയിഷ്ഠമായ മണ്ണായതിനാൽ താഴ്വരകളിൽ കൂടുതലും നെൽകൃഷിയാണ് ചെയ്തുവരുന്നത്. താഴ്വരകളുടെ ചരിവുകളിൽ ചെങ്കൽ മണ്ണ് കാണപ്പെടുന്നു. താഴ്വരകൾ മിക്കവാറും V ആകൃതിയിൽ ഉള്ളവയാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 43.68 ശതമാനം (1068 ഹെക്ടർ) വരുന്നു. നീർവാർച്ച കുറഞ്ഞ മണ്ണായതിനാൽ ജലം ഈ ഭാഗങ്ങളിൽ തങ്ങി നിൽക്കുന്നു. ഈ ഭാഗങ്ങൾ നല്ല ജല ലഭ്യതയുള്ള പ്രദേശങ്ങളാണ്. കുളങ്ങളും, തോടുകളും ഈ ഭാഗങ്ങളിലാണ് കൂടുതലായും കണ്ടുവരുന്നത്. ആർച്ചൽ ഏല, നെടിയറ ഏല, കോമളം ഏല പനയംചേരി ഏറം, അരിപ്ലാച്ചി, അഗസ്ത്യക്കോട് തുടങ്ങിയ ഏലകൾ അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ ചില പ്രധാന താഴ്വരകളാണ്.

നിമ്നോന്നമേഖലകൾ

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സമുദ്ര നിരപ്പിൽ നിന്നും 40 മീറ്ററിന് താഴെ, 40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ, 60 മീറ്ററിനും, 80 മീറ്ററിനും ഇടയിൽ, 80 മീറ്ററിനും 100 മീറ്ററിനും ഇടയിൽ 100 മീറ്ററിനു മുകളിൽ എന്നിങ്ങനെ അഞ്ചായി തിരിക്കാം. (ചിത്രം-3)

മൊത്തം വിസ്തൃതിയുടെ 1.79 ശതമാനം പ്രദേശങ്ങൾ (43.75 ഹെക്ടർ) 40 മീറ്ററിന് താഴെ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ ഏല ആയ ആർച്ചൽ ഏലകളാണ് ഇതിൽ പെടുന്നത്.

40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ ഉള്ള പ്രദേശങ്ങൾ 12.31 ശതമാനം (301 ഹെക്ടർ) വരും. അഞ്ചലിന് പടിഞ്ഞാറ് തെക്ക്, പനയഞ്ചേരിക്ക് കിഴക്ക്, അഗസ്ത്യക്കോട് തുടങ്ങിയ പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ വരുന്ന പ്രധാന സ്ഥലങ്ങൾ.

ആകെ വിസ്തൃതിയുടെ 46.55 ശതമാനം പ്രദേശങ്ങൾ 60 മീറ്ററിനും 80 മീറ്ററിനും ഇടയിൽ വരും. ഏറ്റവും കൂടുതൽ പ്രദേശങ്ങൾ ഈ വിഭാഗത്തിൽ പെടും. പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങൾ ഒഴിച്ചു നിർത്തിയാൽ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഈ വിഭാഗത്തിൽ ഉള്ള പ്രദേശങ്ങൾ പെടും. തഴമേലിന്

കിഴക്ക്, അഞ്ചൽ, അഗസ്ത്യക്കോട്, നെടിയറ, ഏറം, കോമളം തുടങ്ങിയ പ്രദേശങ്ങളെ ഈ വിഭാഗത്തിൽ പെടുത്താം.

80 മീറ്ററിനും 100 മീറ്ററിനും ഇടയിലുള്ള പ്രദേശങ്ങൾ 26.50 ശതമാനം വരും. പഞ്ചായത്തിന്റെ തെക്കേയറ്റം, അഞ്ചലിന് കിഴക്ക്, പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയിലെ പ്രദേശങ്ങൾ ഏറത്തിന്റെ തെക്കൻ ഭാഗങ്ങൾ, നെടിയറയ്ക്ക് വടക്ക് തുടങ്ങിയ പ്രദേശങ്ങൾ ഇതിൽപെടും.

പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളെല്ലാം 100 മീറ്ററിന് മുകളിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിൽ ഏറ്റവും ഉയരം കൂടിയ സ്ഥലം ചേറ്റുകുഴി പ്രദേശമാണ്. സമുദ്ര നിരപ്പിൽനിന്നും 211മീറ്റർ ഉയരം ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 314 ഹെക്ടർ പ്രദേശങ്ങൾ ഈ വിഭാഗത്തിൽ വരുന്നു.

പട്ടിക-3

	നിമ്നോന്ന മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശത മാനം
1	40 മീറ്ററിന് താഴെ	43.75	1.79
2	40 നും 60 നുംഇടയിൽ	301	12.31
3	60 നും 80 നും ഇടയിൽ	1138.25	46.65
4	80 നും 100 നും ഇടയിൽ	648	26.50
5	100 മീറ്ററിന് മകളിൽ	314	12.84
	ആകെ.	2445	100.00

അവലംബം: വിഭവ ഭൂപടം, സെസ്സ്

കാലാവസ്ഥ

അഞ്ചൽ ഗ്രാമ പഞ്ചായത്തിനെ മലനാട് കാർഷിക കാലാവസ്ഥാ മേഖലയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1991-95 വരെയുള്ള മാസംതോറുമുള്ള മഴയുടെ അളവ് പരിശോധിച്ചാൽ ജനുവരിയൊഴികെ മറ്റെല്ലാ മാസവും പഞ്ചായത്തിൽ മഴ ലഭിക്കുന്നു(പട്ടിക2). ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന തെക്കുപടിഞ്ഞാറ് മഴക്കാലങ്ങളിലെ ജൂലൈ മാസത്തിലാണ്. ശരാശരി ഒരു വർഷം 2573 മി.മീറ്റർ മഴ ലഭിക്കുന്നു (ചിത്രം-4)

അന്തരീക്ഷ ഉഷ്മാവ് കൂടുതൽ അനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലാണ്(37.1 ഡിഗ്രി സെൽഷ്യസ്) കുറവ് ജനുവരിയിലും(19.6 ഡിഗ്രി സെൽഷ്യസ്) (ചിത്രം-5)

കാലാവസ്ഥാ കലണ്ടർ

പഞ്ചായത്തിന്റെ കാലാവസ്ഥ പരിശോധിച്ചാൽ വർഷകാലം ആരംഭിക്കുന്നത് ഇടവം 15 നാണ്(ജൂൺ 1) ഇത് കർക്കിടകം അവസാനം വരെ (ജൂലൈ അവസാനം) നീണ്ടുനിൽക്കുന്നു. അതുകഴിഞ്ഞ് ഒരു തെളിഞ്ഞ കാലാവസ്ഥക്ക് ശേഷം തുലാം 1മുതൽ(ഒക്ടോബർ 15)തുലാവർഷം ആരംഭിക്കുന്നു. തുലാം മുഴുവൻ ഇത് നീണ്ടുനിൽക്കുന്നു. വൃശ്ചികം 1ന് മഞ്ഞുകാലം തുടങ്ങുകയായി(നവമ്പർ പകുതി) ഏകദേശം മൂന്നുമാസത്തെ മഞ്ഞുകാലം മകരമാസത്തിന്റെ (ഫെബ്രുവരി പകുതി) അവസാനത്തോടുകൂടി വേനൽക്കാലത്തിനു വഴിമാറിക്കൊടുക്കുന്നു. കുംഭമാസം (ഫെബ്രുവരി പകുതി) മുതൽ ഇടവം പകുതിവരെ നല്ല വേനൽക്കാലമാണ്. ഇടക്ക് ഏപ്രിൽ മാസത്തിൽ വേനൽമഴ ലഭിക്കുന്നു(ചിത്രം-6)

ജലപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരുപ്രധാനഘടകമാണ് ജലം. ധാരാളം തോടുകളും കുളങ്ങളും കൊണ്ടനുഗ്രഹീതമാണ് അഞ്ചൽ ഗ്രാമപഞ്ചായത്ത്. മിക്കവാറും ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും തോടുകളാൽ ബന്ധിച്ചിരിക്കുന്നു.(ചിത്രം-7)

പഞ്ചായത്തിൽ ഒരു വർഷം ശരാശരി ലഭിക്കുന്ന 2573 മി.മീറ്റർ മഴയാണ് ജലത്തിന്റെ പ്രധാന സ്രോതസ്സ്. മറ്റു പ്രധാന ഉപരിതലസ്രോതസ്സുകൾ തോടുകളും കുളങ്ങളുമാണ്. കിണറുകൾ ഭൂഗർഭജലസ്രോതസ്സുകളാണ്.

തോടുകൾ

പഞ്ചായത്തിലെ പ്രധാന തോട് അഗസ്ത്യത്തോടാണ്. മിക്കവാറും എല്ലാ തോടുകളും തെക്കോട്ടൊഴുകി ഇത്തിക്കരയാറിൽ പതിക്കുന്നു. ആർച്ചൽ തോട് വടക്കോട്ടൊഴുകി കല്ലടയാറ്റിൽ ചെന്ന് പതിക്കുന്നു. അഗസ്ത്യത്തോടിൽ വട്ടമൺ ഭാഗത്തും, അഗസ്ത്യക്കോട് ഗണപതി അമ്പലം ഭാഗത്തുമുള്ള ചെക്ക് ഡാമുകൾ പ്രധാനജലസ്രോതസ്സാണ്. ഇത്തിക്കരയാറിന്റെ ഒരു പോഷക തോടാണ് അഗസ്ത്യക്കോട് തോട്. ഈ തോട്ടിൽ ഊട്ടുപറമ്പ്, മൂലവിളപാലം, ലക്ഷംവീട്, ഏറം L.P.S, കുട്ടൻകര എന്നീ ഭാഗങ്ങളിൽ തടയണ നിർമ്മിച്ചിട്ടുണ്ട്. അഗസ്ത്യത്തോട്ടിൽ വന്നുചേരുന്ന മറ്റൊരു പ്രധാനതോടാണ് ചോരനാട് നിന്നും ആരംഭിച്ച് വടമൺക്ഷേത്രത്തിനു സമീപത്തുകൂടി കതുപ്പില

പട്ടിക-2

1991-മുതൽ 1995-വരെയുള്ള മഴയുടെ അളവ്

മാസം	1991	1992	1993	1994	1995
ജനുവരി	7.6	2.2	0.0	0.0	20.0
ഫെബ്രുവരി	0.0	0.0	0.0	0.0	0.0
മാർച്ച്	116.8	0.0	19.8	11.2	136.4
ഏപ്രിൽ	115.8	45.8	185.6	160	216.4
മേയ്	94	379.6	267.6	181	292.2
ജൂൺ	892.7	614.6	480.8	501	284.4
ജൂലൈ	386.4	465.2	384.4	352	435.4
ആഗസ്റ്റ്	148.6	242.4	89.6	440.6	253.4
സെപ്തംബർ	66.0	319.0	61.4	189.2	260
ഒക്ടോബർ	237.6	688	4415.3	436.4	211.6
നവംബർ	394.4	468.6	250.3	143.8	250.2
ഡിസംബർ	0.0	0.0	28	10.0	00

എന്ന ഭാഗത്തുകൂടി വരുന്ന കോമളം തോട്. ഈ തോടിൽ കലമാനൂർ ഭാഗത്തും, കോമളം കലുങ്കിന്റെ ഭാഗത്തും ഓരോ തടയണകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ അഗസ്ത്യത്തോടിൽ എത്തുന്ന ധാരാളം കൈത്തോടുകളും ഉണ്ട് (പട്ടിക-4) ഇവയിൽ പ്രധാനപ്പെട്ടത് ഏറം-കൊല്ലിക്കാവ് ഏലാതോട്, പനയഞ്ചേരി ഏലായിലെ തോയിത്തല ഇരുത്തുംമൂല തോട്, തോയിത്തല കൈതമൺ തോട്, കോമളം ഏലയിൽ പാറപൊയ്കയിൽ നിന്നും ആരംഭിച്ച് കോമളം തോട്ടിൽ എത്തിച്ചേരുന്ന ഏലാത്തോടുമാണ്.

പട്ടിക-4

	തോടുകളുടെ പേര്
1.	അഗസ്ത്യത്തോട്
2.	വട്ടമൺ തോട്
3.	ഊട്ടുപറമ്പ് തോട്
4.	മൂലവിള തോട്
5.	ഏറനാട് തോട്
6.	അമ്പലത്തുംമുകൾ തോട്
7.	ഇഞ്ചക്കോട് തോട്
8.	കോമളം തോട്
9.	കോമളം ഏലാ തോട്
10.	കലമാനൂർ തോട്
11.	കോളച്ചിറ തോട്
12.	ഏറം-കൊല്ലിക്കാവ് തോട്
13.	തോയിത്തല ഇരുത്തുംമൂല തോട്
14.	ആർച്ചൽ ഏലാ തോട്
15.	ചേറ്റുകുഴി തോട്
16.	മാവിള ഏലാ തോട്
17.	വലിയ തോട്
18.	പാലറ തോട്
19.	കാലാന്തൂർ ഏലാ തോട്
20.	വടമൺ മണലിൽ തോട്
21.	കാച്ചാണി ഏലാ തോട്

അവലംബം: വിഭവ ഭൂപടം, സെസ്സ്

കുളങ്ങൾ

തോടുകൾ കഴിഞ്ഞാൽ വരുന്ന പ്രധാന ഉപരിതലസ്രോതസ്സ് കുളങ്ങളാണ് (ചിറകൾ) കുളങ്ങളും ചിറകളുമായി ഏകദേശം 23 ജലസ്രോതസ്സുകൾ പഞ്ചായത്തിലുണ്ട് (പട്ടിക 5) ഇവയിൽ പലതും ഉപയോഗയുക്തമല്ല. ഇവയുടെ പുനഃരുദ്ധാരണം വളരെ അത്യാവശ്യമായ ഒന്നാണ്. ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാവുന്നവയാണ് ഇവയിൽ പലതും.

പട്ടിക-5

	കുളത്തിന്റെ പേര്	ഉൾപ്പെടുന്ന വാർഡുകൾ
1.	കുണ്ടുമൺ കുളം	10
2.	ആയിരവല്ലി ചിറ	9
3.	പുളിമൂട്ടിൽ ചിറ	10
4	പാറയ്ക്കാട്ടു ചിറ	5
5.	പനയംചേരി ചിറ	5
6.	തോട്ടത്തിൽ കുളം	5
7.	വെൺമണിയോട് ചിറ	5
8.	കോളംകുളം	5
9.	നിലാമൂട്ടിൽ ചിറ	1
10	അഞ്ചൽ കുളം	2
11	വട്ടമൺക്ഷേത്രക്കുളം	4
12	അഗസ്ത്യത്തോട് L.P.S ന് സമീപമുള്ള കുളം	12
13	കുരുവിക്കോണം പൊട്ടൻ കുളം	12
14.	നെടിയ ചിറ	7
15	അഗസ്ത്യക്കോട് ക്ഷേത്രക്കുളം	8
16	കൊക്കോട് ചിറ	7
17	പള്ളത്തു ചിറ	8
18	വൈരവൻ ചിറ	8
19	യോഹന്നാൻ വക ചിറ	8
20	പൊന്നൻകോട് ചിറ	6
21	അലത്തും മുകൾ ചിറ	2
22	തഴമേൽ ഉറവക്കുളം	11
23	കാലത്തൂർ കുളം	11

അവലംബം: വിഭവ ഭൂപടം, സെസ്സ്

ജലലഭ്യത

പഞ്ചായത്തിന്റെ മൊത്തം സ്ഥലങ്ങൾ പരിശോധിക്കുകയാണെങ്കിൽ എല്ലാഭാഗത്തും ഒരു പോലെ ജലം ലഭിക്കുന്നില്ലെന്ന് കാണാം. ഉയർന്നഭാഗങ്ങളിലും, കുത്തനെ ചെരിവുള്ളഭാഗങ്ങളിലും ജല ക്ഷാമം വളരെ രൂക്ഷമാണ് (ചിത്രം 8) മഴക്കാലങ്ങളിൽ മാത്രം ജലം ലഭിക്കുന്ന പ്രദേശങ്ങളാണിവ. ഏകദേശം 495 ഹെക്ടർ പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. മിതമായ ജലലഭ്യതയുള്ള സ്ഥലങ്ങൾ ഇടത്തരം ചരിവുള്ള പ്രദേശങ്ങളിലാണ്. ഈ ഭാഗങ്ങളിലാണ് ജനവാസം കൂടുതലുള്ളത്. ഇത് 882 ഹെക്ടർ പ്രദേശത്തോളം വരും. പഞ്ചായത്തിൽ ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങൾ 1068 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള താഴ്വര പ്രദേശങ്ങളാണ്. കുളങ്ങൾ കുഴിക്കുന്നതിനും കിണറ് കുഴിക്കുന്നതിനും ഈ പ്രദേശങ്ങൾ വളരെ യോഗ്യമാണ്

പട്ടിക-6

ജലലഭ്യത	വിസ്തീർണ്ണം (ഹെ)	ശതമാനം
കുറവ്	495	20.24
മിതം	882	36.07
കൂടുതൽ	1068	43.68

അവലംബം: വിഭവ ഭൂപടം, സെസ്സ്

മണ്ണ്

ജലം പോലെതന്നെ ഒരു പ്രദേശത്തിന്റെ കാർഷിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഒന്നാണ് ആ പ്രദേശത്തിന്റെ മണ്ണ്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കാണുന്ന മണ്ണ് ചെങ്കൽ മണ്ണാണ്. (ചിത്രം 9) നീർവാർച്ച കൂടുതലുള്ള ഈ മണ്ണ് ചരിവു പ്രദേശങ്ങളിൽ ജലസംഭരണത്തിന് വിഘാതമാണ്. ഏകദേശം 2070ഹെക്ടർ പ്രദേശത്ത് ചെങ്കൽ മണ്ണാണ്. പ്രധാന തോടായ അഗസ്ത്യത്തോടിന്റെ കര ഭാഗങ്ങളിൽ പശിമരാശിയുള്ള എക്കൽ മണ്ണ് കാണപ്പെടുന്നു. അതുപോലെ താഴ്വരകളിൽ പ്രത്യേകിച്ച് വയലേലകളിൽ കാണുന്നത് കളിമണ്ണും, എക്കൽ മണ്ണുമാണ്. വളരെ ഫലഭൂയിഷ്ഠമായ ഈ മണ്ണിൽ നീർവാർച്ച കുറവാണ്. ഇതിന് പുറമേ അമ്പലത്തും മുകൾ, അരിപ്ലാച്ചി, കൂട്ടപ്പാറ, മലവട്ടം എന്നീ ഭാഗങ്ങളിൽ ചെങ്കൽ മണ്ണിനോടൊപ്പം പാറയും കാണപ്പെടുന്നു.

പട്ടിക-7

മണ്ണിന്റെ തരം	വിസ്തീർണ്ണം (ഹെ)	ശതമാനം
1.ചെങ്കൽ മണ്ണ്	2070	84.66
2. എക്കൽ മണ്ണ് (കളിമണ്ണ്)	375	15.33

അവലംബം: വിഭവ ഭൂപടം, സെസ്സ്

നീർമറി പ്രദേശങ്ങൾ

മഴയെ ആശ്രയിച്ച് കൃഷി തുടങ്ങുന്ന ഒരു ഗ്രാമപഞ്ചായത്താണ് അഞ്ചൽ ഗ്രാമപഞ്ചായത്ത്. എന്നാൽ മഴയിൽ നിന്നും കിട്ടുന്ന ജലത്തെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കാതെ ജലം പാഴായിപ്പോകുന്നു. ഇങ്ങനെ പോകുന്ന ജലം വേണ്ട വിധത്തിൽ ഉപയോഗിക്കാൻ നടപ്പിലാക്കിയ പദ്ധതിയാണ് നീർമറി പ്രദേശവികസനപദ്ധതി. അഞ്ചൽ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിക്ക് പറ്റിയ ചില പ്രദേശങ്ങൾ ഉണ്ട് (ചിത്രം 7) പ്രധാന ചരിവുള്ള പ്രദേശങ്ങളും അവയോട് ബന്ധപ്പെട്ട് കിടക്കുന്ന തോടുകളും ചേർന്നതാണ് ഈ പ്രദേശങ്ങൾ. ഇവയെക്കുറിച്ചുള്ള വിവരണം താഴെ ചേർക്കുന്നു.

പട്ടിക-8

നീർമറി പ്രദേശങ്ങൾ	ഉൾപ്പെടുന്ന തോടുകൾ	വിസ്തീർണ്ണം ഹെക്ടർ
I	ഇഞ്ചക്കോട്-മുല്ലുവിള തോട്	669
II	വലിയ തോട്	406
III	അഗസ്ത്യത്തോട്	634
IV	പാലറ തോട്	400
V	വട്ടമൺ തോട്	143
VI	ഏറനാട് തോട്	193

അവലംബം: വിഭവ ഭൂപടം, സെസ്സ്

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2445 ഹെക്ടർ ആണ്. ഇത് ഉയർന്ന സമതലം, കുത്തനെ ചരിവുള്ള പ്രദേശങ്ങൾ, ഇടത്തരം ചരിവുള്ള പ്രദേശങ്ങൾ, താഴ്വര എന്നിങ്ങനെ നാല് ഭൂരൂപങ്ങളായി തരം തിരിച്ചിരിക്കുന്നു.

പട്ടിക-9			
	ഭൂരൂപങ്ങൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	ഉയർതന്ന സമതലം	65	2.66
2	കുത്തനെ ചരിവ്	430	17.59
3	ഇടത്തരം ചരിവ്	882	36.07
4	താഴ്വര	1068	43.68
	ആകെ	2445	100

അവലംബം: വിഭവ ഭൂപടം, സെസ്സ്

1995- ഫെബ്രുവരിയിൽ നടന്ന വിഭവഭൂപട സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മുഖ്യ കൃഷിയായി കാണപ്പെടുന്നത് റബ്ബറാണ്. ആകെ വിസ്തൃതിയുടെ 28.62 ശതമാനം (700 ഹെക്ടർ) ഇതിനായി വിനിയോഗിക്കുന്നു.(പട്ടിക 9) വർഷം കഴിയുന്തോറും റബ്ബർ കൃഷിയുടെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൃഷിഭവന്റെ ഇന്നത്തെ (1996) കണക്കനുസരിച്ച് 720 ഹെക്ടർ പ്രദേശങ്ങളിൽ റബ്ബർ കൃഷി ചെയ്യുന്നു. ഉയർന്ന സമതലങ്ങളിലും കുത്തനെ ചരിവുള്ള പ്രദേശങ്ങളിലും റബ്ബർ കൃഷി കീഴടക്കിക്കഴിഞ്ഞു. ചേറ്റുകുഴി, ആർച്ചൽ, തൂമ്പാശ്ശേരി, മാവിള, അരിപ്ലാച്ചി തുടങ്ങിയ സ്ഥലങ്ങൾ ചില ഉദാഹരണങ്ങൾ ആണ്. ഇടത്തരം ചരിവുകളിലേക്കും ഇത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ ലഭ്യതയും ആദായവും നാണ്യവിളയായ റബ്ബറിലേക്ക് കൃഷിക്കാരെ ആകർഷിക്കാൻ കാരണം. ഇതിന് പുറമേ റബ്ബർബോർഡ് പോലുള്ള സ്ഥാപനങ്ങൾ റബ്ബർ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിന് വായ്പകളും റബ്ബർ തൈകളും വിതരണം ചെയ്യുന്നു.

റബ്ബർ കൃഷി കഴിഞ്ഞാൽ കൂടുതൽ പ്രദേശങ്ങളിൽ കാണുന്നത് മിശ്രിതവിളയാണ്. ഇതിൽ തെങ്ങിനാണ് പ്രാധാന്യം. കൂടാതെ കവുങ്ങ്, മരച്ചീനി, മാവ്, പ്ലാവ്, കുരുമുളക്, വാഴ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 53. 6 ശതമാനം(1311 ഹെക്ടർ) പ്രദേശങ്ങളിൽ മിശ്രിത വിള നടക്കുന്നു. ഇടത്തരം ചരിവുകളിലും അപൂർവ്വം കുത്തനെ ചരിവുള്ള പ്രദേശങ്ങളിലും മിശ്രിത കൃഷി കണ്ടുവരുന്നു.

ഏകദേശം 304 ഹെക്ടർ പ്രദേശങ്ങളിൽ ചെയ്തിരുന്ന നെൽകൃഷിയാണ് മറ്റൊരു പ്രധാന കൃഷി. വളരെവേഗം കുറഞ്ഞുകൊണ്ടിരിക്കുന്ന കൃഷിയാണ് ഇത്. വീടുകൾ വയ്ക്കുന്നതിനും മറ്റ് മിശ്രിത വിളകൾ ചെയ്യുന്നതിനും പാടം നികത്തുന്നു. ഇന്നത്തെ കണക്കനുസരിച്ച് 270 ഹെക്ടറോളം പ്രദേശത്തു മാത്രമേ നെൽകൃഷിയുള്ളു. ഏകദേശം 23 ഹെക്ടർ പ്രദേശങ്ങൾ നികത്തിയിട്ടുണ്ട്. പഞ്ചായത്തിൽ 12 ഹെക്ടർ തരിശുഭൂമിയും 0.32 ഹെക്ടർ കൃഷിക്കു പറ്റിയ തരിശുഭൂമിയുമാണ്. (ചിത്രം 10.)

പട്ടിക-10			
	ഭൂവിനിയോഗം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	റബ്ബർ	700	28.62
2	മിശ്രിത വിളകൾ	1287	52.63
3	നെല്ല്	304	12.43
4	തെങ്ങ്	110	4.49
5.	മരച്ചീനി	8	0.32
6.	തരിശുഭൂമി	12	0.49
7.	കൃഷിക്ക് ഉപയുക്തമായതരിശു ഭൂമി	0.32	0.01
8.	നിലം നികത്തിയത്	23	0.94

അവലംബം: വിഭവ ഭൂപടം, സെസ്സ്

പരിസ്ഥിതി ബന്ധിത പ്രശ്നങ്ങൾ

തോടുകളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതു മൂലം നിലങ്ങളുടെ നിരപ്പിൽ നിന്നും തോടുകളുടെ ആഴം കൂടുന്നതിനാൽ തോടുകളിൽ നിന്നുള്ള നീരൊഴുക്ക് ജലസേചനത്തിന് ലഭിക്കുന്നില്ല. അതോടൊപ്പം നിലത്തിലെ ജലം തോട്ടിലേയ്ക്ക് ഒഴുകുകയും ചെയ്യുന്നു. മൂലവിളത്തോട്, പെരുമ്പള്ളിൽ തോട്, ആർച്ചൽ തോട്, കൊല്ലായിൽ ഏലാ തോട്, അഗസ്ത്യക്കോട് വലിയ തോട്, വട്ടമൺ തോട് തുടങ്ങിയ തോടുകളിൽ നിന്നും മണൽ വാരുന്നു.

മറ്റൊരു പ്രധാന പരിസ്ഥിതി പ്രശ്നം അനിയന്ത്രിതമായ നിലം നികത്തലാണ് ഏറം, ആർച്ചൽ, അഗസ്ത്യക്കോട്, ഏറനാട് ഏലകൾ, പനയഞ്ചേരി ഏല തുടങ്ങിയ ഭാഗങ്ങളിൽ നിലം നികത്തുന്നതു മൂലം നീരൊഴുക്കിനെ തടഞ്ഞ് ഏലാകളിൽ മഴസമയത്ത് വെള്ളം കെട്ടുന്നു.

വെട്ടിക്കോട് പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലംനികത്തലും, നിലത്തിനോട് ചേർന്നുള്ള തോടുകൾ നികത്തുന്നതു മൂലവും ഉണ്ടാകുന്നു.

ഏറം അഞ്ചുവിളക്കുന്നിൽ രൂക്ഷമായ മണ്ണൊലിപ്പു മൂലം കൊല്ലിയിൽ ഏലാതോട് നികത്തുന്നതിന്റെ ഫലമായി ഏറം ഏലാ പ്രദേശങ്ങളിൽ കാലവർഷ സമയങ്ങളിൽ വെള്ള പൊക്കം മൂലം കൃഷി നശിക്കുന്നു.

നെടിയറ-പൊന്നംകോട് ആർച്ചൽ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് മൂലം ആർച്ചൽ തോട് നികന്ന് കൊല്ല പൊട്ടൽ മൂലം ആർച്ചൽ ഏലായിലെ കൃഷി നശിക്കുന്നു.

അഗസ്ത്യക്കോട്-ഏലായുടെ മലാട്ട് ഭാഗത്തുള്ള ഏലായിലെ വലിയതോടിൽ നിന്നും കാലവർ സമയത്ത് കൊല്ല പൊട്ടി കൃഷി നശിക്കുക തോടിൽ നിന്നും മണൽ വാരുന്നതാണ് പ്രധാന കാരണം. കണിയാരം കോട് ഏലായിലും (ഏലാമുറ്റം) ഈ വിധത്തിൽ കൃഷി നശിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

തോടുകളിൽ നിന്നുള്ള മണൽ വാരൽ കർശനമായി തടയുകയും, തോടുകളിൽ തടയണകൾ നിർമ്മിക്കുകയും ചെയ്യുകയാണെങ്കിൽ തോടുകളുടെ നിരപ്പ് നിലത്തിനൊപ്പം ഉയരുകയും കൃഷിക്കാവശ്യമുള്ള ജലം തോട്ടിൽ നിന്ന് എത്തിക്കുന്നതിനും സാധിക്കും. കൊല്ല പൊട്ടുന്നത് ഒഴിവാക്കാനായി തോടുകളുടെ വീതി കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കണം. നിലം നികത്തിയുള്ള റോഡുപണികൾ നടക്കുമ്പോൾ പരിചയസമ്പന്നരായ കർഷകരുമായി ആലോചിച്ച് നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ കലുങ്കുകൾ നിർമ്മിക്കണം.

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 28612 ആയിരുന്നു. ഇതിൽ 14026 പുരുഷന്മാരും, 14526 സ്ത്രീകളുമായിരുന്നു. പുരുഷന്മാരെ അപേക്ഷിച്ച് 540 സ്ത്രീകൾ കൂടുതലാണ് (പട്ടിക 11) ആകെ വീടുകൾ 6218 ആയിരുന്നു അതായത് ശരാശരി വീടൊന്നിന് 4.6 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി.മി. ക്ക് 1170 ആയിരുന്നു. ഇത് സംസ്ഥാനത്ത് 749-ഉം കൊല്ലം ജില്ലക്ക് 9670ഉം ആയിരുന്നു. ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3444 ആയിരുന്നു. ഇതിൽ 1821 ആൺകുട്ടികളും 1523 പെൺകുട്ടികളുമാണ്. പട്ടിക ജാതി ജനസംഖ്യ 2860 ആയിരുന്നതിനാൽ 1391 പുരുഷന്മാരും 1465 സ്ത്രീകളുമാണ് സാക്ഷരതാ നിരക്ക് പരിശോധിക്കുകയാണെങ്കിൽ ആകെ ജനസംഖ്യയുടെ 79.8% ജനങ്ങൾ സാക്ഷരരാണ്. ഇതിൽ 11469 പേർ പുരുഷന്മാരും, 11377 സ്ത്രീകളുമാണ്.

ആകെ ജനസംഖ്യയുടെ 28.7% തൊഴിലാളികൾ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നു (പട്ടിക12) ഇതിൽ 6655 പേർ പുരുഷന്മാരും, 1566 പേർ സ്ത്രീകളുമായിരുന്നു. സ്ത്രീകൾ കൂടുതലും കൃഷി പ്പണിയിൽ കൂടുതലായി പണിയെടുക്കുന്നു.


പട്ടിക-11


ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	വെയസ്സിനു താഴെ കുട്ടികൾ	പട്ടികജാതി ജനസംഖ്യ	സാക്ഷരർ പുരുഷൻ	സ്ത്രീകൾ
28612	14026	1526	3444	2860	11469	11377

പട്ടിക-12


വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം

ക്രമ നമ്പർ		പുരുഷൻ	സ്ത്രീ	മൊത്തം	ശതമാനം
1	ആകെ പണിയെടുക്കുന്നവർ	6655	1526	8181	100.00
2	കർഷകർ	1647	70	1717	20.98
3.	കർഷകതൊഴിലാളികൾ	1573	485	2058	25.15
4.	കന്നുകാലി വളർത്തൽ, മത്സ്യബന്ധനം പ്ലാന്റേഷൻ തുടങ്ങിയവ	261	19	280	3.42
5.	ഖനനം	14	–	14	0.171
6.	കുടിൽ വ്യവസായം	53	30	83	1.01
7.	കെട്ടിടനിർമ്മാണം, റോഡുനിർമ്മാണം	329	6	335	4.09
8.	ഗതാഗതം, വാർത്താവിനിമയം, സംഭരണം	375	16	391	4.77
9.	വാണിജ്യം	805	55	860	10.51
10.	കുടിലേതര വ്യവസായം	555	432	987	12.06
11.	മറ്റുള്ളവ	753	449	12.02	14.61


76° 55'
അഞ്ചൽ പഞ്ചായത്ത്
സൂചിക
പഞ്ചായത്ത് അതിർത്തി
റോഡുകൾ
വാർഡ് അതിർത്തി
പഞ്ചായത്താഫീസ്
PRM. CESS, 1994
76° 55'



76° 55'
അഞ്ചൽ പഞ്ചായത്ത്
ഭൂരൂപങ്ങൾ
N
0 0.5 കി.മീ
8° 55'
സൂചിക
പഞ്ചായത്ത് അതിർത്തി
നീർമറി രേഖ
കുത്തനെചരിവ്
ഇടത്തരംചരിവ്
ഉയർന്ന സമതലം
താഴ്വര
ചരിവിന്റെദിശ
PRM, CESS, 1996
76° 55'


ചിത്രം 2.


76° 55'
നിമ്നോന്നത രേഖകൾ
N
0 0.5 കി.മീ
സൂചിക
100 ന് മുകളിൽ
80-100
60-80
40-60
40 ന് താഴെ
പഞ്ചായത്ത് അതിർത്തി
8° 55'
PRM, CESS, 1996

ചിത്രം 3


1991 മുതൽ 1995 വരെ ലഭിച്ച വർഷപാതം മി.മീറ്ററിൽ.







ചിത്രം 5


കാലാവസ്ഥ കലണ്ടർ




ചിത്രം :6


760 55'
അഞ്ചൽ പഞ്ചായത്ത്
നീർമറി പ്രദേശങ്ങൾ
N
0 05 കിലോ
I
II
III
IV
V
VI
സൂചിക
പഞ്ചായത്ത് അതിർത്തി
വറ്റാത്ത തോടുകൾ
വരണ്ട തോടുകൾ
നീർമറി പ്രദേശങ്ങളുടെ അതിർത്തി
നീരൊഴുക്കിന്റെ ദിശ
PRAKRITHI, CESS, 1996
76 55'


76° 55'
അഞ്ചൽ പഞ്ചായത്ത്
ജല ലഭ്യത
N
0 0.5 കി.മീ
സൂചിക
പഞ്ചായത്ത് അതിർത്തി
ജല ക്ഷാമമുള്ള പ്രദേശങ്ങൾ
മിതമായി ജലം ലഭിക്കുന്ന പ്രദേശങ്ങൾ
ജല ലഭ്യതയുള്ള പ്രദേശങ്ങൾ
8° 55'
PRM. CESS, 1996
76° 55'


മണ്ണ്
0 0.5 കി.മീ
N
സൂചിക
പഞ്ചായത്ത് അതിർത്തി
ചുവന്ന മണ്ണ്
ചെങ്കൽ മണ്ണ്
76° 55'
55'



ചിത്രം .10

കൃഷിയും ജലസേചനവും

കൊല്ലം ജില്ലയുടെ കിഴക്കേ അറ്റത്തുള്ളതും കാർഷികമായി വളരെയധികം വികസന സാധ്യത കളുമുള്ള ഒരു പഞ്ചായത്താണ് അഞ്ചൽ. ആദ്യകാലം മുതൽക്കുതന്നെ മുഖ്യവിളയായി നെല്ല് കൃഷി ചെയ്തി രുന്നു. കൂടാതെ മരച്ചീനി , മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, വാഴ, പച്ചക്കറിവർഗ്ഗങ്ങൾ, കൂവരക്, എന്നിവയും കൃഷി ചെയ്തിരുന്നു. നാണ്യ വിളകളായ തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് എന്നിവയും വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ കൃഷിക്കും പ്രാമുഖ്യം നൽകിയിരു ന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചുള്ള കൃഷി രീതി കളായിരുന്നു ഈ പ്രദേശത്ത് നടത്തിയിരുന്നത്. കൂടാതെ ചിറകൾ, കുളങ്ങൾ, തോടുകൾ ഇവയും ചെറിയ തോതിൽ കൃഷിക്ക് ഉപയോഗപ്പെടുത്തിയിരു ന്നു. ഏകദേശം 2445 ഹെക്ടർ വിസ്തൃതിയുള്ള പഞ്ചാ യത്തിന്റെ 24 ശതമാനത്തോളം പ്രദേശം നെൽവയ ലുകളായിരുന്നു. ബാക്കിയുള്ള പ്രദേശങ്ങൾ ഉയർന്ന കുന്നിൻപുറങ്ങളും ചരിഞ്ഞ പ്രദേശങ്ങളുമാണ്. സമുദ്ര നിരപ്പിൽ നിന്നും 40 മീറ്റർ തുടങ്ങി 210 മീറ്റർ വരെ ഉയർച്ചയുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്. വയലേലകളിൽ നെൽകൃ ഷിക്ക് പുറമേ ഇടവിളകൃഷികളും ചെയ്തു വന്നിരു ന്നു. ആദ്യകാലങ്ങളിൽ പ്രധാനമായും ഉപയോഗിച്ചി രുന്ന വിത്തിനങ്ങൾ ചമ്പാവ്,. അതിക്കിരാഴി, കറുത്ത മുണ്ടകൻ, തവളക്കണ്ണൻ, വെള്ളചേറാടി, കറുത്ത ചേറാടി, പള്ളിപ്പുറം തുടങ്ങിയവയായിരുന്നു. കാളയും കലപ്പയും ഉപയോഗിച്ചുള്ള ഉഴവും, ജൈവവളങ്ങളുടെ ഉപയോഗവും മറ്റുമായ നാടൻ കൃഷികളുമായിരുന്നു അവലംബിച്ചിരുന്നത്. 1960കളിലാണ് T.R-8 തുടങ്ങിയ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസ വള ങ്ങളും ഉപയോഗിക്കാൻ തുടങ്ങിയത്. തെങ്ങ്, കമുക് എന്നിവ നെൽപ്പാടങ്ങളുടെ വരമ്പുകളിൽ വ്യാപക മായി കൃഷി ചെയ്തിരുന്നു. കൂടാതെ ഉയർന്ന പ്രദേ ശങ്ങളിലും ചരിഞ്ഞ പ്രദേശങ്ങളിലും കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ ഫല വൃക്ഷങ്ങളും തെങ്ങ്, കമുക്, മരച്ചീനി, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ കുരുമുളക്, വാഴ, ഇഞ്ചി, മഞ്ഞൾ എന്നിവയും മുഖ്യവിളകളായി കൃഷി ചെയ്തിരുന്നു. ഇവയ്ക്ക് പുറമേ കൂവരക്, പയർ, ഉഴുന്ന്, മുതിര, മധുരക്കിഴങ്ങ്, കൂവ, പച്ചക്കറികൾ എന്നി വയും കൃഷി ചെയ്തിരുന്നു.

ജന്മി – കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാല ഘട്ടത്തിൽ പകുതിവാരം; പാട്ടം വ്യവസ്ഥകളിലും കൃഷി നടത്തിയിരുന്നു. ഭൂപരിഷ്കരണനടപടികൾ വന്നതോടെ ഭൂവുടമാബന്ധങ്ങളിൽ മാറ്റം വരുകയും അതിനനുസൃതമായി കൃഷി രീതികളും വിളക്രമങ്ങളും മാറുകയും ചെയ്തു. ഉടമസ്ഥാവകാശം ലഭിച്ച കർഷ കർ നെൽപ്പാടങ്ങൾ വ്യാപകമായ തോതിൽ നികത്തു കയും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കു വാനും തുടങ്ങി. ഇതുമൂലം നെൽപ്പാടങ്ങളുടെ വിസ്തൃതി താരതമ്യേന കുറയുകയും നെല്ലുല്പാദ നത്തെ സാരമായി ബാധിക്കുകയും ചെയ്തു. കർഷ കർക്ക് സമൂഹത്തിൽ അർഹമായ അംഗീകാരവും പരി രക്ഷയും ലഭിക്കുന്നതിനാലും, കൃഷിക്കാവശ്യമായ ഉല്പാദനോപാധികൾ ആവശ്യമായത്ര അളവിൽ യഥാസമയം ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്ത തിനാലും, കർഷക തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്കിനാലും ഉൽപ്പന്നങ്ങളുടെ കുറഞ്ഞ വിലയും കാരണം കൃഷിക്കാർക്ക് കാർഷിക മേഖലയിലുള്ള പ്രാമുഖ്യം കുറഞ്ഞു. റബ്ബർകൃഷിയിൽനിന്നും വർദ്ധിച്ച വരുമാനം ലഭ്യമായതോടെ മരച്ചീനി, തെങ്ങ്, കശുമാവ് എന്നിവയുടെ കൃഷി കുറയുകയും ഇവ കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷി സ്ഥാനംപിടിക്കുകയും ചെയ്തു. ഇപ്പോൾ അഞ്ചൽ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 21 ശതമാ നത്തോളം വരുന്ന ഏകദേശം 720 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു.

പഞ്ചായത്തിലെ പ്രധാന കൃഷികളിൽ മറ്റൊന്ന് തെങ്ങുകൃഷിയാണ്. ഏകദേശം 660 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്തുവരുന്നു. റബ്ബറിൽ നിന്നുമുള്ള വരുമാനം കഴിഞ്ഞാൽ കർഷകർക്ക് ഈ പ്രദേശത്ത് നല്ല വരുമാനം ലഭ്യമാക്കുന്ന വിള തെങ്ങാ ണ്. നെൽകൃഷി ചെയ്തു വരുന്നത് ഏകദേശം 270 ഹെക്ടർ സ്ഥലത്തുമാത്രമാണ്. നിലം നികത്തൽ,

മണ്ണൊലിപ്പ് ഇവയൊക്കെ മൂലം നീരൊഴുക്കിന്റെ ക്രമം തെറ്റുകയും നീരുറവകളിലും, തോടുകൾ, കുളങ്ങൾ തുടങ്ങി പരമ്പരാഗത ജല സ്രോതസ്സുകളിലും വെള്ള ത്തിന്റെ നില താരതമ്യേന കുറഞ്ഞും കാണപ്പെട്ടും തുടങ്ങി. ഇതുമൂലം വയലുകളിൽ കൃഷിക്കാവശ്യമായ വെള്ളം സമയാസമയങ്ങളിൽ ലഭ്യമാകാതെ ആകു കയും നെൽകൃഷി ലാഭകരമായി നടത്തുവാൻ കർഷ കർക്ക് സാധ്യമാകാതെയുമായി. മരച്ചീനിയും പഞ്ചാ യത്ത് പ്രദേശത്ത് വ്യപകമായി കൃഷിചെയ്തുവരുന്നു. മരച്ചീനി പ്രധാനമായും ഇടവിളകൃഷിയായാണ് നടത്തി വരുന്നത്. ഏകദേശം 360 ഹെക്ടർ സ്ഥലത്തോളം മരച്ചീനി കൃഷിചെയ്യുന്നുണ്ട്. വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, കമുക്, പച്ചക്കറി വർഗ്ഗങ്ങൽ, പയറുവർഗ്ഗ ങ്ങൾ, വെറ്റില, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ, കശു മാവ് എന്നീ വിളകളും ഈ പ്രദേശത്തെ കൃഷിയിന ങ്ങളിൽ ഉൾപ്പെടുന്നു. പ്രാദേശികവിളകളായി എടു ത്തുപറയാവുന്ന രണ്ടു വിളകളാണ് വെറ്റിലയും കൈത യും. ആദ്യകാലങ്ങളിൽ പറമ്പുകളിലെ തൊടികളിൽ മാത്രമായി കൃഷിചെയ്തിരുന്ന വെറ്റില ഇപ്പോൾ കൂടു തലും വയലുകളിലാണ് കൃഷിചെയ്യുന്നത്. കർഷ കർക്ക് നല്ല വരുമാനം നൽകി വരുന്ന വിളകളാണ് വെറ്റിലയും കൈതച്ചക്കയും.

അഞ്ചൽ പഞ്ചായത്തിലെ ഉല്പാദനക്ഷമത പരി ശോധിച്ചാൽ മിക്ക വിളകൾക്കും ജില്ലാ ശരാശരിയെ ക്കാൾ കൂടുതലാണെന്ന് കാണാവുന്നതാണ്. ഇവയിൽ ശ്രദ്ധേയമായിട്ടുള്ള ചില കണക്കുകൾ എടുത്തുകാണി ക്കത്തക്കതാണ്. നെല്ലിന് ജില്ലയുടെ ശരാശരി ഉല്പാ ദനക്ഷമത 1670 കി.ഗ്രാം/ഹെക്ടറാണ്. എന്നാൽ അഞ്ചൽ പഞ്ചായത്തിന്റെ ശരാശരി ഉല്പാദന ക്ഷമത 2400 കി.ഗ്രാം/ഹെക്ടറാണ്. മരച്ചീനിയുടെ ജില്ലാ ശരാ ശരി ഉല്പാദനക്ഷമത 17.11 ടൺ/ഹെക്ടറാണ്. എന്നാൽ ഈ പഞ്ചായത്തിന്റെ ശരാശരി ഒരു ഹെക്ടറിനുള്ള ഉല്പാദനക്ഷമത ഏകദേശം 20.04 ടണ്ണാണ്. കുരുമുള കിന്റെ ശരാശരി ഉല്പാദനക്ഷമത ജില്ലയിൽ ഹെക്ട റിന് 360 കിലോഗ്രാം ആകുമ്പോൾ പഞ്ചായത്തിന്റെ ശരാശരി ഏകദേശം 400 കി.ഗ്രാം/ഹെക്ടറാണ്. റബ്ബ റിന് ഹെക്ടറിനുള്ള ഉല്പാദനക്ഷമത ജില്ലയുടെ ശരാ ശരിയെക്കാൾ 133 കി.ഗ്രാം പഞ്ചായത്തിന് കൂടുതലാ ണ്. പഞ്ചായത്തിലെ മുഖ്യവിളകളിൽ ഒന്നായ തെങ്ങിനെ സംബന്ധിച്ചിടത്തോളം ജില്ലയുടെ ശരാശരി ഉല്പാദനക്ഷമതയെക്കാൾ കുറഞ്ഞാണ് പഞ്ചായ ത്തിലേതെന്ന് കാണുവാൻ സാധിക്കും. കാറ്റുവീഴ്ച്ച, ഓലചീയൽ തുടങ്ങിയ രോഗങ്ങളാണ് ഇതിനുള്ള പ്രധാന കാരണം.

ജലസേചനത്തിനായി ആദ്യകാലങ്ങളിൽ തോടു കൾ, കുളങ്ങൾ, ചിറകൾ ഇവ ഉപയോഗപ്പെടുത്തിയി രുന്നു. തോട്ടുവരമ്പുകളിൽ കൈത, ഈറ, മുള ഇവ വച്ചുപിടിപ്പിച്ച് നീരുറവകൾ സംരക്ഷിച്ചിരുന്നു. തോടു കളിൽ നിന്നും നിലങ്ങളിലേക്ക് ജലസേചനം നടത്തു ന്നതിന് പല സ്ഥലങ്ങളിലും തടയണകൾ നിർമ്മിച്ചിരു ന്നു. ചിറകളും, കുളങ്ങളും ജലസേചനാവശ്യത്തിനു വേണ്ടി കാട്ടുകല്ല്, പാറ എന്നിവകൊണ്ട് കെട്ടി സംര ക്ഷിച്ചിരുന്നു. പഞ്ചായത്തിലെ പ്രധാന ജലസ്രോത സ്സുകൾ വടമൺ തോട്, കൊക്കോട് ചിറ, ആയിര വല്ലിച്ചിറ എന്നിവയാണ്.

അഞ്ചൽക്കുളം, പനയഞ്ചേരിച്ചിറ, നെടിയച്ചിറ, പൊന്നുംകോണത്ത്ചിറ, ചാത്തൻകുളം, വൈരം കോണം കുളം എന്നിവയായിരുന്നു. ഇവയിൽ മിക്ക ചിറകളും കുളങ്ങളും ഇന്ന് ഉപയോഗശൂന്യമായി കിട ക്കുകയാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള കാർഷികോല്പന്ന ങ്ങളുടെ വിപണനം നടത്തിവരുന്നത് ജില്ലയിലേ തന്നെ ഏറ്റവും പ്രധാനപ്പെട്ട ചന്തകളിൽ ഒന്നായ അഞ്ചൽ ചന്തയിലൂടെയാണ്. പഞ്ചായത്ത് പ്രദേശത്തെ മാത്ര മല്ല അഞ്ചൽ ബ്ലോക്ക് പ്രദേശത്തുള്ള മിക്ക പഞ്ചായ ത്തുകളിലേയും തൊട്ടടുത്തുള്ള ചടയമംഗലം, കൊട്ടാ രക്കര പ്രദേശങ്ങളിലേയും കാർഷികോല്പന്നങ്ങൾ കൂടുതലും വിറ്റഴിക്കുന്നത് ഈ ചന്തയിലൂടെയാണ്. പഞ്ചായത്തിന്റെ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് അഞ്ചൽ ചന്തയിലൂടെ നടക്കുന്ന വിപണനം. ഈ രംഗത്ത് ഇടനിലക്കാരുടെ കടന്നുകൂടൽ വളരെയ ധികമുള്ളതുകാരണം കാർഷികോല്പന്നങ്ങൾക്ക് യഥാർത്ഥ കർഷകർക്ക് അർഹിക്കുന്ന വില ലഭ്യമാകാ റില്ല. ഉല്പന്നങ്ങളുടെ വിപണനത്തിലൂടെ കൂടുതൽ ലാഭം കൊയ്യുന്നത് ഇടനിലക്കാരായി വർത്തിക്കുന്ന ഒരു കൂട്ടം ആൾക്കാരാണ്. മലഞ്ചരക്ക് വ്യാപാരം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്ന ചന്തയാണ് അഞ്ചൽ ചന്ത. ഇടത്തട്ടുകാരെ ഒഴിവാക്കി നിർത്തിയാൽ ഉല്പാദ കർക്കും ഉപഭോക്താക്കൾക്കും നഷ്ടമില്ലാത്ത വിധം എല്ലാ കാർഷികോല്പന്നങ്ങളും ക്രയ വിക്രയം നട ത്തുവാൻ ഈ ചന്തയിലൂടെ സാധിക്കുന്നതാണ്. കാർഷികമേഖലയിൽ ഏറ്റവും അധികമായുള്ള പ്രതി സന്ധി കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവാണ്. പഞ്ചായത്ത് പ്രദേശത്ത് കൂടിൽ വ്യവസായമായി കശു വണ്ടിയാപ്പീസുകളും ചുടകട്ടച്ചൂളകളും മിക്കസ്ഥലങ്ങ ളിലും കാണുവാൻ സാധിക്കും. കാർഷിക മേഖല യിൽ ഉള്ള പണികൾക്ക് സീസണിൽ മാത്രം അവസരം ലഭ്യമാകുന്നതിനാൽ കർഷക തൊഴിലാളികൾ മിക്ക വാറും സ്ഥിരം തൊഴിൽ ലഭിക്കുന്നതിന് ചുടുകട്ടച്ചൂള

പട്ടിക 1


ഭൂവുടമസ്ഥതയുടെ അടിസ്ഥാനത്തിൽ കർഷകരെ ഉൾപ്പെടുത്തിയിരിക്കുന്ന വിവരം കാണിക്കുന്ന പട്ടിക

ക്രമനമ്പർ	ഭൂപരിധി	കർഷകരുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1	ഒരു ഹെക്ടറിൽതാഴെ	4687	1320.5
2	1 ഹെക്ടറിനും രണ്ട്-ഹെക്ടറിനും ഇടയിൽ	668	1002
3	2 ഹെക്ടറിന് മുകളിൽ	45	12.5

പട്ടിക 2

ഭൂവിനിയോഗം സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമനമ്പർ	വിളയുടെ വിവരം	വിസ്തീർണ്ണം ഹെക്ടറിൽ	
1	നെല്ല് ഒന്നാം വിള	270	
	രണ്ടാം വിള	270	
	മൂന്നാം വിള	ഇല്ല	
2	റബ്ബർ	720	
3	തെങ്ങ്	616	
4	മരച്ചീനി	360	
5	മറ്റു കിഴങ്ങു വർഗ്ഗങ്ങൾ	145	
6	വാഴ	134.5	
7	കുരുമുളക്	40	
8	കമുക്	25	
9	ഇഞ്ചി	20	(മൂന്നാംവിള-30 ഹെക്ടർ)
10	മഞ്ഞൾ	5	
11	പച്ചക്കറികൾ	15	
12	പയറുവർഗ്ഗങ്ങൾ	15	
13	വെറ്റില	7	
14	ഫലവർഗ്ഗങ്ങൾ	12	
15	കശുമാവ്	16	
16	സുഗന്ധ വിളകൾ	5	
17	മറ്റിനങ്ങൾ	29.5	



കളേയും കശുവണ്ടിയാഫീസുകളേയും ആശ്രയിച്ചിരിക്കുകയാണ്. വ്യവസായരംഗത്ത് വളരെയധികം പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രദേശമാകയാൽ അന്യദേശങ്ങളിൽ നിന്നും ധാരാളം കച്ചവടക്കാർ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുവാൻ തുടങ്ങി. ഇതോടെ വീടുകളുടേയും കടക്കളുടേയും നിർമ്മാണം വർദ്ധിച്ചു. കർഷക തൊഴിലാളികൾ അധികവും കല്പണിയിൽ താത്പര്യം കാട്ടിത്തുടങ്ങി. മറ്റു പണികൾക്ക് വർദ്ധിച്ച കൂലിനിരക്ക് ലഭ്യമായതും സ്ഥിരം തൊഴിൽ കിട്ടുന്നതും കാരണം കർഷക തൊഴിലാളികൾ എണ്ണം കുറഞ്ഞ് കാണപ്പെട്ടു. കർഷകതൊഴിലാളികൾക്ക് വിവിധ ജോലികൾക്കുള്ള കൂലിനിരക്കുകൾ താഴെ കാണിച്ചിരിക്കും വിധമാണ്.

ക്രമനമ്പർ	തൊഴിൽ	കൂലി നിരക്ക്
1	റബ്ബർ ടാപ്പിംഗ്	ഒരു മരത്തിന് 20 പൈസ
2	കിളയ്ക്കൽ	100 രൂപ ഒരു ദിവസം
3	കളപറിയ്ക്കൽ (സ്ത്രീകൾ)	80 രൂപ ,,
4	കല്പണി	125 രൂപ ,,
5	ആശാരിപ്പണി	125 രൂപ ,,
6	ചൂളപ്പണി 1, പുരുഷൻ	110 രൂപ ,,
	2, സ്ത്രീകൾ	90 രൂപ ,,

വളം

സഹകരണമേഖലയിൽ രണ്ടും സ്വകാര്യ മേഖലയിൽ ഒമ്പതും ആയി മൊത്തം 11 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ആകെയുള്ളത്. കൃഷിക്ക് കൂടുതലും രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. കൂടുതൽ കർഷകരും ശാസ്ത്രീയമായ രീതിയിലോ, മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല രാസവളപ്രയോഗം നടത്തുന്നത്. ആവശ്യമുള്ളതിനേക്കാൾ കൂടിയ അളവിൽ രാസവളങ്ങൾ ഉപയോഗിക്കുന്ന കർഷകരാണ് അധികവും. കൃഷിച്ചിലവ് വർദ്ധിക്കുവാൻ ഒരു പ്രധാനകാരണവും ഇതാണ്. ജൈവവളങ്ങൾ വളരെ കുറച്ചുമാത്രമേ കർഷകർ ഉപയോഗിക്കുന്നുള്ളു. ആവശ്യാനുസരണം ജൈവവളങ്ങൾ ലഭ്യമല്ല എന്നതാണ് ഇതിനുള്ള മുഖ്യകാരണം. കൃഷി ഭവനുകൾ നിലവിൽ വന്നതിനുശേഷം ലഭ്യമായ വളം വിൽപ്പനയുടെ വിശദവിവരം പട്ടിക 3-ൽ ചേർക്കുന്നു.

കീടനാശിനികൾ

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ മൂന്നും ഉൾപ്പെടെ നാല് കീടനാശിനി വില്പന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ട്. റബ്ബർ, തെങ്ങ്, വാഴ, നെല്ല്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നീ വിളകൾക്ക് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നു. ശാസ്ത്രീയരീതിയിൽ കീടനാശിനി പ്രയോഗം നടത്തുന്ന കർഷകർ വളരെ വിരളമാണ്. അമിതമായി കീടനാശിനിപ്രയോഗം നടത്തുന്ന കർഷകരാണ് അധികം പേരും.

കാർഷിക ഉപകരണങ്ങൾ

പട്ടികജാതി സഹകരണ സംഘം, പാടശേഖര സമിതികൾ, വ്യക്തികൾ എന്നിങ്ങനെയായി ഒരു ട്രാക്ടർ, രണ്ട് പവർ ടില്ലറുകൾ, 35 ഓളം റോക്കർ സ്പ്രേയറുകൾ, 80ഓളം നാപ്പ് സാക്സ്പ്രേയറുകൾ, മൂന്ന് തെങ്ങുകയറ്റ യന്ത്രങ്ങൾ ഇവയാണ് യന്ത്രോപകരണങ്ങളായി പഞ്ചായത്ത് പ്രദേശത്ത് ഉള്ളത്. നാടൻ കാർഷികോപകരണങ്ങളായ കലപ്പയും കരിയും ഇപ്പോൾ നാമമാത്രമായ കർഷകരേ ഉപയോഗിച്ചു വരുന്നുള്ളു. നിലവിലുള്ള യന്ത്രോപകരണങ്ങൾ പര്യാപ്തമല്ലാത്തതിനാൽ ഇവ മറ്റു സ്ഥലങ്ങളിൽ നിന്ന് വാടകയ്ക്ക് എടുത്തും ഉപയോഗിക്കുന്നുണ്ട്.

കർഷകസമിതികൾ

പഞ്ചായത്തിലെ മുഴുവൻ നെൽകൃഷി സ്ഥലങ്ങളും ഗ്രൂപ്പ് ഫാമിംഗ് സമിതികളിൽ ഉൾപ്പെട്ടതാണ്. 13 പാടശേഖരസമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. പാടശേഖര സമിതികളിൽ പലതും ആദ്യകാലങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നവയാണെങ്കിലും ഇപ്പോൾ ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ഗ്രൂപ്പ് ഫാമിംഗ് പദ്ധതികൾ കുറഞ്ഞുവന്നത് ഇതിനൊരു സുപ്രധാന കാരണമാണ്. നെൽകൃഷിക്കാർ മിക്കവരും മുഴുവൻ സമയവും കർഷകരല്ല. കർഷകരെ സംഘടിക്കുന്ന കാര്യത്തിലും പിന്നോക്കമാണ്. ഇതിനാൽ മിക്ക സമിതികളുടേയും പ്രവർത്തനം ആശാവഹമല്ല.

പട്ടിക-3

വളങ്ങളുടെ ഉപയോഗം

ക്രമ നമ്പർ	വർഷം	നൈട്രജൻ (N)	ഫോസ്ഫറസ് (P)	പൊട്ടാഷ്-(K)
1	1987	6.83 ടൺ	4.3 ടൺ	4.7 ടൺ
2	1988	7.6 ടൺ	6.5 ടൺ	5.3 ടൺ
3	1989	12.4 ടൺ	11.3 ടൺ	10.9 ടൺ
4	1990	14.2 ടൺ	12.1 ടൺ	11.85 ടൺ
5	1991	16.3 ടൺ	13.8 ടൺ	12.2 ടൺ
6	1992	19.5 ടൺ	17.5 ടൺ	17.6 ടൺ
7	1993	20.7 ടൺ	18.7 ടൺ	18.8 ടൺ
8	1994	22.9 ടൺ	21 ടൺ	21.2 ടൺ
9	1995	23.6 ടൺ	22.6 ടൺ	22.2 ടൺ

പാടശേഖരസമിതികളും വിളക്രമങ്ങളും

12 വാർഡുകളിലായി 10 കേരസംരക്ഷണസമിതികൾ 1990 കാലഘട്ടത്തിൽ രൂപീകരിച്ചിരുന്നു. കൂടാതെ 1994-95ൽ പഞ്ചായത്തിലെ മുഴുവൻ കേര കർഷകർക്കും അംഗങ്ങളാകാവുന്ന ഒരു കേരവികസന സമിതിയും നിലവിൽ വന്നു. സമഗ്ര നാളീകേരവിക സന പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത് കേരവിക സന സമിതിയിലൂടെയാണ്.

കാർഷികവായ്പ

രണ്ട് സഹകരണബാങ്കുകളും രണ്ട് കൊമേ ഴ്സ്യൽ ബാങ്കുകളുമാണ് പഞ്ചായത്ത് പ്രദേശത്തുള്ള ത്. എല്ലാ ബാങ്കുകളിലൂടേയും കാർഷിക വായ്പകൾ അനുവദിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന തുക യഥാർത്ഥ്യത്തിൽ ഈ ആവശ്യത്തിനു തന്നെ ഉപ യോഗിക്കുന്നില്ല എന്നതാണ് പൊതു പ്രവണത. പല വിളകൾക്കും കാർഷിക വായ്പകൾ നല്കുന്നുവെ ങ്കിലും പ്രാദേശിക വിളയായ വെറ്റിലകൃഷിക്കും, നെല്ല് , തെങ്ങ് ഇവയുടെ വളപ്രയോഗത്തിനും, തെങ്ങിന് ജല സേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും അനുവദി ക്കുന്ന വായ്പകൾ കൃത്യമായും കർഷകർ ഉപയോഗ പ്പെടുത്തുന്നുണ്ട്.

കൃഷിഭവൻ

1983ൽ അഞ്ചൽ, അലയമൺ, ഇടമുളയ്ക്കൽ എന്നീ പഞ്ചായത്തുകൾക്ക് പൊതുവായി ഒരു ഏലാ വികസനഓഫീസ് അഞ്ചൽ ആസ്ഥാന മാക്കി ആരംഭിക്കുകയും വിവിധ കാർഷികപ്രവർത്തന ങ്ങൾ നടത്തുകയും ചെയ്തിരുന്നു. കാർഷിക പ്രവർത്തന ങ്ങൾ രണ്ട് രീതിയിലാണ് ഈ ഓഫീസ് മുഖാ ന്തിരം നടത്തിയിരുന്നത്. കാർഷിക വികസന പ്രവർത്തനങ്ങളും, പരി ശീലന സന്ദർശനപരി പാടിയും തുടർന്ന് 1987ൽ വികസന പ്രവർത്തന ങ്ങൾ കൂടുതൽ ഫലപ്രദ മായി നടത്തുന്നതി ലേക്കും, കാർഷിക രംഗത്ത് കൈവരിച്ചിട്ടുള്ള സാങ്കേതിക പരിജ്ഞാനം കർഷകരിലേക്ക് എത്തിക്കുന്നതിലേക്കുമായി പഞ്ചാ യത്തുകൾതോറും കൃഷിഭവനുകൾ ആരംഭിച്ചു. ഒരു കൃഷിഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും അട ങ്ങുന്ന കൃഷിഭവനിലൂടെ, നെൽകൃഷി വികസനത്തി നായി ഗ്രൂപ്പ് ഫാമിംഗ്പദ്ധതി, തെങ്ങ് കൃഷി മെച്ചപ്പെ ടുത്തുവാൻ ഒരു സമഗ്രനാളീകേരവികസനപദ്ധതി, ജൈവവള വികസന പദ്ധതി , പച്ചക്കറികളുടേയും പയ റുവർഗ്ഗങ്ങളുടേയും വികസന പദ്ധതികൾ, പ്രത്യേക ഘടക പദ്ധതി, പ്രത്യേകതൊഴിൽദാനപദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി തുടങ്ങി കേരള സർക്കാർ ആവി ഷ്കരിച്ചിട്ടുള്ള 25ഓളം പദ്ധതികൾ നടപ്പിലാക്കി വരു ന്നു. ഇത്രയധികം പദ്ധതികൾ നടപ്പിലാക്കി വരുന്നതി നാൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് കർഷകരുമായി നിരന്തരം സമ്പർക്കം നടത്തുവാനോ, അതാതു സമ യങ്ങളിൽ വേണ്ടിവരുന്ന നിർദ്ദേശങ്ങളും, പരിശീലന ങ്ങളും മറ്റും നൽകുവാനോ സാധിക്കുന്നില്ല. ഇതുമൂലം കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾക്ക് ഉദ്ദേശിച്ചത്രയും ഫലപ്രാപ്തി ഉണ്ടായിട്ടില്ല.

നിലവിലുള്ള പ്രശ്നങ്ങൾ

1. നിലംനികത്തൽ അമിതമായിക്കൊണ്ടിരിക്കുന്നു. സമ യാസമയങ്ങളിൽ വരമ്പുകൾ ഇടുകയോ, കിളയ്ക്കൽ നടത്തുകയോ ചെയ്യുന്നില്ല. ഇതിനാൽ മണ്ണൊലിപ്പ് വളരെയധികം കാണപ്പെടുന്നു.

2. മണ്ണ് പരിശോധന എല്ലാ സ്ഥലങ്ങളിലും ഇനിയും നടക്കുന്നില്ല. അശാസ്ത്രീയ കൃഷിമുറകൾ നടത്തു

പട്ടിക–4

പാടശേഖര സമിതികളും വിളക്രമങ്ങളും

ക്രമ നമ്പർ	പാടശേഖര സമിതികൾ	1–ാം വിള	2–ാം വിള	3–ാം വിള
1	ഏറം ഏല	നെല്ല്	നെല്ല്	പച്ചക്കറികൾ പയറുവർഗ്ഗങ്ങൾ
2	അരീയ്ക്കൽ ഏല	വാഴ	പച്ചക്കറികൾ	“
3	വടമൺ ഏല	“	“	“
4	ചുനക്കര ഏല	“	“	“
5	കോമളം ഏല	“	“	“
6	അഗസ്ത്യക്കോട് ഏല	“	“	“
7	തഴമേൽ പാലറ ഏല	“	“	“
8	തഴമേൽ പെരുംകൈത ഏല	“	“	“
9	പനയഞ്ചേരിഏല	“	“	“
10	ആർച്ചൽ	“	“	“
11	നെടിയറ ഏല	“	“	“
12	മാവിള ഏല	“	“	“
13	ഏറനാട് ഏല	“	“	“

കയും അമിതമായ രാസവളങ്ങളുടേയും കീടനാശിനിയുടേയും ഉപയോഗം കൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട് കൃഷി നഷ്ടമായി തീർന്നിരിക്കുന്നു.

3. തോട്ടിൽ നിന്ന് മണ്ണുവാരൽ സർവ്വസാധാരണമായതോടേ ഊറ്റിന്റെനില താണുതുടങ്ങി. പല തോടുകളിലും നിർമ്മിച്ചിരുന്ന തടയണകൾ ഉപയോഗശൂന്യമായതോടെ ജലസേചനത്തിന് തോടുകളെ ആശ്രയിക്കാൻ സാധ്യമല്ലാതെയായി.

4. ഒരുകാലത്ത് ജലസേചനത്തിന് ഉപയോഗിച്ചുകൊണ്ടിരുന്ന കുളങ്ങളും ചിറകളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താതെ വിസ്തീർണ്ണം കുറഞ്ഞും ചിലത് നികന്നും പോയി. ഇവയിൽ പലതും സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുകയാണ്.

5. ജൈവവളങ്ങളുടെ ലഭ്യതക്കുറവും രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവും അശാസ്ത്രീയ ഉപയോഗവും മണ്ണിന്റെ ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

6. പ്രധാന വിളകളായ റബ്ബറിന്റെ ചീയൽ രോഗവും തെങ്ങിന്റെ കാറ്റുവീഴ്ച, ഓലചീയൽ എന്നിവയും കുരുമുളകിന്റെ ദ്രുത വാട്ടവും എല്ലാസ്ഥലങ്ങളിലും സർവ്വ സാധാരണമാണെങ്കിലും ഈ വിളകളെ സംരക്ഷിക്കുവാൻ സമയബന്ധിത പദ്ധതികൾ ഒന്നും കൃഷിഭവനിലൂടെ നടപ്പാക്കുന്നില്ല.

7. കൃഷിഭൂമികൾ തുണ്ടുതണ്ടാക്കപ്പെട്ടതോടെ നെൽവയലുകളിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതികൾ കർഷകരുടെ കൂട്ടായ്മയോടെ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

8. പച്ചക്കറികൃഷി വികസനത്തിന് ധാരാളം സാധ്യകൾ ഉള്ള പ്രദേശമാണെങ്കിലും ഈ വിളകളുടെ കൃഷി വർദ്ധിപ്പിക്കുന്നതിനും പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ഉതകുന്ന യാതൊരു പദ്ധതികളും പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാക്കുന്നില്ല.

9. വെറ്റില, വാഴ, ഇഞ്ചി തുടങ്ങിയ വിളകൾക്ക് സംരക്ഷണം ലഭിക്കുന്ന പദ്ധതികൾ കുറവായതിനാൽ ഈ വിളകളുടെ കൃഷിക്ക് താത്പര്യം കുറഞ്ഞുകാണുന്നു.

10. ഉല്പാദനോപാധികൾ പ്രത്യേകിച്ച് വിത്ത്, വളം, കീടനാശിനികൾ മറ്റു നടീൽവസ്തുക്കൾ തുടങ്ങിയവ യഥാ

സമയം വേണ്ടത്ര അളവിൽ ലഭ്യമാകാറില്ല.

11. തുടരെത്തുടരെയുള്ള വരൾച്ചയിലും വെള്ളപ്പൊക്കത്തിലും വിളകൾ പൂർണ്ണമായും നശിച്ചുപോകുന്ന കർഷകന് അർഹമായനഷ്ടപരിഹാരം ലഭ്യമാകാറില്ല.

12. കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും അമിതമായ കൂലിനിരക്കും കാരണം കൃഷി ലാഭകരമായി നടത്തുവാൻ സാധിക്കുന്നില്ല.

13. ആധുനിക യന്ത്രോപകരണങ്ങൾ പഞ്ചായത്ത് പ്രദേശത്ത് കുറവായിക്കാണുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ കൃഷിയിടങ്ങളിലും മണ്ണുപരിശോധനാ കാമ്പെയിനുകൾ സംഘടിപ്പിച്ച് മണ്ണുപരിശോധന നടത്തിക്കൊടുക്കുവാനുള്ള സൗകര്യം കൃഷിഭവനിലൂടെ ലഭ്യമാക്കണം. ഇതുമൂലം അശാസ്ത്രീയ കൃഷിരീതികൾ കുറച്ചുകൊണ്ട് കൃഷിച്ചിലവ് കുറക്കുവാൻ സാധിക്കും.

2. പഞ്ചായത്ത് പ്രദേശത്ത് ചരിവുകൾ കണക്കിലെടുത്ത് ചെറിയ ചെറിയ നീർമറി പ്രദേശങ്ങളായി തരംതിരിക്കുകയും മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ചരിവിന്റെ ശതമാനം കണക്കാക്കി നടപ്പിലാക്കുകയും ചെയ്താൽ മണ്ണൊലിപ്പ് നിയന്ത്രിക്കാൻ സാധിക്കും.

3. നിലം നികത്തൽ, കർശനമായി നിരോധിക്കുകയും ഇതിന് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും കൃഷിഭവനിൽ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

4. പ്രധാന തോടുകൾ സംരക്ഷിക്കുക. തോടുകളിലെ മണ്ണുവാരൽ കർശനമായി നിരോധിക്കണം. പ്രധാന തോടുകളായ വട്ടമൺ, അരീയ്ക്കൽ, കലമാനൂർ, കളിയിലിൽ, കോമളം, കൊച്ചുതോട്, അഗസ്ത്യക്കോട് തോട്, കാട്ടുപുറം തോട്, ചതിയറ തോട്, പുല്ലരിത്തോട്, പൊന്നംകോണത്ത് തോട്, മാവിള തോട്-ഇവയിൽ തടയണകൾ നിർമ്മിച്ച് ജലസേചനത്തിന് ഉപയോഗപ്പെടുത്തണം.

5. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള ഉപയോഗശൂന്യമായ കുളങ്ങൾ-ചാത്തൻകുളം, കൊക്കോട്ടു കുളം, വയരംകോണം കുളം, പന്നത്തുചിറ, കണ്ടയം ചിറ, ഞാറക്കാട്ട് ചിറ, നെടിയ ചിറ, പൊന്നംകോണത്ത് ചിറ, ഏറം ചിറ തുടങ്ങിയവ വൃത്തിയാക്കി പൊതു പമ്പുസെറ്റുകൾ സ്ഥാപിക്കുക. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഇവ ഉൾപ്പെടുത്തി ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ സാധ്യതകൾ ഉണ്ട്. കൂടാതെ ഏലാകളിൽ തലക്കുളങ്ങളിൽ നിർമ്മിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുക.

6. കല്ലട ഇറിഗേഷൻകനാലിൽ നിന്നും പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ ജലം ലഭ്യമാക്കിയാൽ ഇന്നുള്ള കാർഷിക വിളകളുടെ ഉല്പാദനം 50 ശതമാനത്തിൽ കൂടുതൽ വർദ്ധിക്കും.

7. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുക. നല്ലയിനം വിത്തുകൾ സമയാസമയങ്ങളിൽ കൃഷിഭവനിലൂടെ ലഭ്യമാക്കുക. ഇതിനായി രജിസ്ട്രേഡ് വിത്തുല്പാദന പരിപാടി പാടശേഖര സമിതികളിലൂടെ നടപ്പിലാക്കുക.

8. രാസവളങ്ങളുടെ അമിതമായ വില വർദ്ധനവിന് നിയന്ത്രണം ഏർപ്പെടുത്തുക. രാസവളങ്ങൾക്കും കീടനാശിനികൾക്കും സബ്സിഡി ഏർപ്പെടുത്തുക. ആധുനിക കീടനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും യഥാസമയങ്ങളിൽ കൃഷിഭവനുകളിലൂടെ കീടനാശിനികൾ വിതരണം ചെയ്യുകയും ചെയ്യുക.

9. കേരസമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി തെങ്ങു കൃഷി പ്രോൽസാഹിപ്പിക്കുക. തെങ്ങ് രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ സമിതികളിലൂടെ നടപ്പാക്കുകയും നല്ലയിനം തെങ്ങിൻതൈകൾ യഥാസമയം വിതരണം നടത്തുകയും ചെയ്യുക. ഇതിന് പുറമേ കേരോല്പന്നങ്ങൾ കൊണ്ടുള്ള വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും ഈ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക. ജലസേചന സൗകര്യം മെച്ചപ്പെടുത്തി തെങ്ങുകൃഷി ആദായകരമാക്കുക.

10. നടീൽ വസ്തുക്കൾ യഥാസമയങ്ങളിൽ കർഷകർക്ക് ലഭ്യമാകുന്നതിന് അംഗീകൃത നഴ്സറികൾ സ്ഥാപിക്കുക.

11. ഗ്രൂപ്പ് ഫാമിംഗുകളിലൂടെ കാർഷികോപകരണങ്ങളും യന്ത്രസാമഗ്രികളും കർഷകർക്ക് ലഭ്യമാക്കുക.

12. പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുക. ഇതിനായി എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് പച്ചക്കറി വിത്തും വളങ്ങളും സബ്സിഡിയിനത്തിൽ കൃഷിഭവനുകളിലൂടെ ലഭ്യമാക്കുക. പച്ചക്കറി കർഷകരുടെ സമിതി രൂപീകരിച്ച് പച്ചക്കറി ശേഖരിക്കുന്നതിന് വിപണനം നടത്തുന്നതിനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. ഇതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി ഉല്പാദകർക്കും ഉപഭോക്താവിനും നഷ്ടം വരാതെ പച്ചക്കറികൾ വാങ്ങുവാനും വിൽക്കുവാനും സാധിക്കും.

13. കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക. നെൽകൃഷിക്കാർക്ക് ദീർഘകാല അടിസ്ഥാനത്തിൽ ഉല്പാദന ബോണസ്സ് നൽകുകയും നെല്ലിന് ഇൻഷ റൻസ് ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ കൂടുതൽ പേരേ നെൽകൃഷിയിൽ ആകർഷിച്ചു നിർത്തുവാൻ സാധിക്കും.

14. മുഖ്യ വിളകളായ റബ്ബർ, തെങ്ങ്, നെല്ല്, വാഴ, കുരു മുളക് - ഇവയുടെ സംരക്ഷണത്തിനായി നാം സംയോജിത കീട നിയന്ത്രണ പദ്ധതി നടപ്പിലാക്കു കയും വിളകളെ സംരക്ഷിക്കുകയും ചെയ്യുക.

15. റബ്ബർ ഇറക്കുമതി നിർത്തലാക്കി ഇവിടെ ഉല്പാദി പ്പിക്കുന്ന റബ്ബറിന് നല്ല വില കിട്ടുവാനുള്ള സാധ്യത ഉണ്ടാകണം. റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് വ്യവസായ യൂണീറ്റുകൾ സ്ഥാപിക്കുക.

16. കർഷകതൊഴിലാളികൾക്ക് കൂലിനിരക്കിൽ വ്യത്യാസം വരുത്താതെ ഉല്പാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കുവാൻ വിപണി കണ്ടെത്തുക.

17. കൂൺ കൃഷി, തേനീച്ച വളർത്തൽ ഇവ പ്രോൽസാ ഹിപ്പിക്കുവാൻ കൃഷി ഭവനിലൂടെ പുതിയ പദ്ധതികൾ നടപ്പിലാക്കുക.

18. തെങ്ങ് കർഷകന് കിണറുകളും പമ്പുസെറ്റുകളും മറ്റും നൽകി ജലസേചനസൗകര്യം മെച്ചപ്പെടുന്ന സമഗ്ര നാളികേര വികസന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാൻ മിനിമം കൃഷിസ്ഥലം 30 സെന്റിൽ നിന്നും 10 സെന്റായി കുറക്കുക. കാർഷിക വായ്പ എടുക്കുന്ന കർഷകനേ സബ്സിഡി നൽകൂ എന്ന നിബന്ധന എടുത്തുമാറ്റുക.


19. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുക.

20. ഓരോ സീസണുകളിലും ബോധവൽക്കരണ സെമി നാറുകളും ചർച്ചാ ക്ലാസ്സുകളും കൃഷി ഭവനിലൂടെ നട ത്തുക.

21. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള എക്സി ബിഷനുകൾ, അവാർഡുകൾ ഇവ പഞ്ചായത്തുകളിൽ നടപ്പിലാക്കുക.

22. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കുക. ഇതിനായി ഓരോ വാർഡുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കു കയും, കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, കർഷക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്ത് പ്രതിനിധി കളും കർഷക പ്രതിനിധികളും , ഉദ്യോഗസ്ഥരും കൂട്ടാ യ്മയോടെ പ്രവർത്തിച്ച് കൃഷിഭവനിലൂടെ ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും യഥാർത്ഥ കർഷകന് യഥാ സമയം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

ഭൂവിനിയോഗം



റബ്ബർ


നെൽപ്പാടങ്ങൾ

നെല്ല്

തെങ്ങ്

മരച്ചീനി

തരിശുനിലം, നിലം നികത്തിയവ



മൃഗസംരക്ഷണം

കാർഷികമേഖലയായിരുന്ന അഞ്ചൽ പഞ്ചായത്തിൽകൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ. ഒരു കാലഘട്ടം വരെ 90 ശതമാനം കുടുംബങ്ങളിലും കാലിവളർത്തൽ പ്രധാന തൊഴിൽ ആയിരുന്നു. ഉഴവുമാടുകൾ എന്ന നിലയിലും ഭാര വണ്ടികൾ വലിക്കുന്നതിലും എണ്ണ, കരിമ്പ് എന്നിവ യാട്ടുന്ന ചക്കുകൾ വലിക്കുന്നതിനും കാലികളെ ഉപ യോഗിച്ചിരുന്നു. പാലുല്പാദനം എന്ന ലക്ഷ്യത്തിന് ഉപരിയായി കൃഷിക്കാവശ്യമായ വളത്തിന്റെ സ്രോതസ്സ് എന്ന നിലയിലും കാലിവളർത്തലിന് പ്രത്യേക പ്രാധാന്യം മുൻപുണ്ടായിരുന്നു.

' മരമടി 'എന്ന പരമ്പരാഗതമായ കാർഷിക ഉൽസവത്തിനും പേരുകേട്ട നാടായിരുന്നു അഞ്ചൽ. മരമടി മത്സരങ്ങൾ സംഘടിപ്പിച്ചു നല്ലയിനം ഉരുക്കളെ വളർത്തി കാർഷികരംഗത്തേക്ക് സംഭാവന ചെയ്ത ആളായിരുന്നു ശ്രീ. അഞ്ചൽ മാധവൻ പിള്ളസാർ. മുൻകാലങ്ങളെ അപേക്ഷിച്ച് മൃഗസംരക്ഷണത്തിന് വളരെയധികം മാറ്റം ഇന്ന് സംഭവിച്ചിട്ടുണ്ട്.

തരിശുഭൂമിയും കുറ്റിക്കാടുകളും നിറഞ്ഞ പ്രദേ ശമായിരുന്നു മുൻകാലങ്ങളിൽ ഈ പഞ്ചായത്ത്.. കൃഷി കഴിഞ്ഞാൽ ജനങ്ങൾ പ്രധാനമായും തൊഴിലാ ക്കിയിരുന്നത് കാലിവളർത്തലായിരുന്നു. ആഢ്യത്വ ത്തിന്റെ പ്രതീകമായിരുന്നു കാലിവളർത്തൽ. ഇല്ല ങ്ങളിലും തറവാട്ടുകളിലും ഇവയെ സംരക്ഷിക്കുന്ന തിനായി പ്രത്യേകം കൂലിമേയ്പ്പുകാർ ഉണ്ടായിരുന്നു. മൃഗങ്ങളുടെ ക്ഷേമത്തിനും പരിപാലനത്തിനും ചികിത്സാരംഗത്തും അറിയപ്പെടുന്ന പല മൃഗ വൈദ്യൻമാരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഏറം ഗോപാലപിള്ള ആ കൂട്ടത്തിലെ പ്രസിദ്ധനായ കാളവൈദ്യനായിരുന്നു.

കേരളത്തിന്റെ തെക്കൻ ജില്ലകളിലെ അറിയപ്പെ ടുന്ന ഒരു കന്നുകാലിച്ചന്തയാണ് അഞ്ചൽ കന്നുകാ ലിച്ചന്ത. അഞ്ചലിന്റെ സാമ്പത്തിക വളർച്ചയിൽ ഗണ്യ മായ പങ്ക് ഈ ചന്തയ്ക്കുണ്ട്. മാറിയ സാഹചര്യത്തിൽ കറവപ്പശു, ഉഴവ് – വണ്ടിക്കാളകൾ എന്നിവയുടെ കച്ചവടത്തേക്കാൾ മാംസത്തിന്റെ ഉപയോഗത്തിനുള്ള കാലികളുടെ വ്യാപാരമാണ് നടക്കുന്നതെങ്കിലും ചന്ത യുടെ തലയെടുപ്പ് ഇന്നും മോശമല്ല.

ആധുനികവൽക്കരണത്തിന്റെ നാന്ദിയായി ഇന്നുള്ള കാർഷിക അനഭിവൃദ്ധി മൂലം സാമ്പത്തികം, തൊഴിലില്ലായ്മ, അനാരോഗ്യം, പോഷകാഹാരക്കുറവ്, ജൈവവളക്ഷാമം, ഊർജ്ജക്കമ്മി എന്നിവയ്ക്കെല്ലാം പരിഹാരമായ ഒരു ഒറ്റമൂലിയാണ് കന്നുകാലി, കോഴി വളർത്തൽ. ഏതുതട്ടിലുള്ള ആളിനും പ്രത്യേക പരി ശീലനം കൂടാതെ ഏർപ്പെട്ടു അഭിവൃദ്ധി നേടാവുന്ന ഇതുപോലെ ഒരു തൊഴിൽ വേറെയില്ല തന്നെ. യഥാർത്ഥത്തിൽ 'അമൂൽ' ഉല്പന്നങ്ങളിൽ നാം അസൂ യാലുക്കളല്ലേ? 'ആനന്ദിന്റെ' അഭിവൃദ്ധി നേരിൽ കണ്ടാൽ ഉള്ള അവസ്ഥ പിന്നെ പറയാനുണ്ടോ? പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം, സംസ്കരണം, ഉപഭോഗം, സെക്കന്ററി തലത്തിലെ കാലിത്തീറ്റ, തോൽ എന്നിവയുടെ സംസ്കരണം, കയറ്റുമതി എന്നീ രംഗ ത്തെല്ലാം വളരെയധികം അഭിവൃദ്ധി മുന്നിൽ കാണാ വുന്ന ഒരു മേഖലയാണ് കന്നുകാലി സംക്ഷണത്തിന്റെ തുടർപാഠം.

1969ൽ അഞ്ചൽ പഞ്ചായത്തിൽ ഒരു വെറ്റിറി നറി ഡിസ്പെൻസറി സ്ഥാപിച്ചു. 1991ൽ ഇത് ഒരു ആശുപത്രിയായി ഉയർത്തി. 95–96ലെ കണക്കനുസ രിച്ച് 814 പശുക്കൾക്കും 275 കിടാരികൾക്കും ബീജ സങ്കലനം നടത്തിയിട്ടുണ്ട്. 357 നായ്ക്കൾക്കു പേവിഷ ബാധക്ക് എതിരെയുള്ള കുത്തിവയ്പ്പ് നടത്തി. 7840 കോഴികൾക്ക് വസന്തരോഗത്തിന് എതിരെയുള്ള കുത്തിവയ്പ്പ് നടത്തി. കൂടാതെ 3451 വിവിധതരം രോഗ ങ്ങൾക്കും ചികിത്സകൾ നടത്തുകയുണ്ടായി. കാലി കളിൽ പൊതുവേ കാണുന്നത് കുളമ്പുരോഗം, അകി

ടുവീക്കം തുടങ്ങിയവയാണ്. 95-96ൽ രേഖപ്പെടുത്തിയ വിവിധ രോഗങ്ങളുടെ വിവരം അനുബന്ധപ്പട്ടിക 1ൽ രേഖപ്പെടുത്തിയിരിക്കുന്നു.

നിലവിലുള്ള പ്രശ്നങ്ങൾ

1. തരിശുപ്രദേശങ്ങളോ പുൽമേടുകളോ ഇല്ലാത്തതിനാൽ ഉത്പാദനച്ചിലവ് വർദ്ധിക്കുന്നു.
2. കാലിത്തീറ്റയുടെ വില വർദ്ധനവ്.
3. വയ്ക്കോൽ, പുല്ല് മുതലായവയുടെ ദൗർലഭ്യം.
4. മരുന്നുകളുടേയും പോഷകാഹാരങ്ങളുടേയും വില വർദ്ധന.
5. തൊഴുത്ത് തുടങ്ങിയ സൗകര്യങ്ങളുടെ അപര്യപ്തത.
6. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

പരിഹാരനിർദ്ദേശങ്ങൾ.

1. കാലിത്തീറ്റകൾക്ക് സബ്സിഡി അനുവദിക്കുക.
2. അനുകൂലാവസ്ഥയിൽ വയ്ക്കോൽ, പുല്ല് എന്നിവ സംഭരിച്ച് സൂക്ഷിച്ചു ഗുണവർദ്ധന നടത്തി കർഷകർക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്തോ ക്ഷീരോത്പാദക സഹകരണ സംഘങ്ങളോ സൗകര്യമേർപ്പെടുത്തുക.
3. ആശുപത്രിയിൽ ചികിത്സക്കാവശ്യമായ എല്ലാ മരുന്നുകളും അത്യാവശ്യ പോഷകാഹാരവും ലഭ്യമാക്കുക.
4. കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുക.
5. പാൽ, മാംസം, മുട്ട എന്നിവയ്ക്ക് ന്യായമായ വില കർഷകന് ലഭ്യമാക്കുക.
6. പുൽകൃഷി വ്യാപിപ്പിക്കുക. കാർഷിക വികസനത്തിനുള്ള വിവിധ സഹായ പദ്ധതികൾ, മണ്ണു സംരക്ഷണ പദ്ധതികൾ , വാട്ടർ ഷെഡ് പദ്ധതികൾ എന്നിവയുടെ ഗുണഭോക്താക്കളെ പുൽകൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുക.
7. മെച്ചപ്പെട്ട കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
8. ആടുയൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ച് സമീകൃതാഹാരം മാത്രം കൊണ്ടുള്ള ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുക.
9. മുട്ട, മാംസം എന്നിവയുടെ ശേഖരണം വിപണനം തീറ്റ സബ്സിഡി എന്നിവയ്ക്കായി സഹകരണ പ്രസ്ഥാനം ദൃഢപ്പെടുത്തുക.
10. മൃഗഡോക്ടർക്ക് ജീപ്പ്, ടെലിഫോൺ, ജീവനക്കാർക്ക് കോട്ടേഴ്സ് എന്നിവ സൗകര്യപ്പെടുത്തുക.
11. രോഗ വിമുക്തമായ നല്ല മാംസം ലഭിക്കുവാൻ ആധുനിക കശാപ്പുശാലകളും ഗുണനിലവാരപരിശോധനയും കർശനമാക്കുക.
12. പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യുക.
13. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക.
14. വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് കർശനമാക്കുക.
15. പഞ്ചായത്തിൽ കൂടുതൽ ഐ. സി. ഡി. പി. സബ്സെന്ററുകൾ സ്ഥാപിക്കുക.
16. കേരോല്പന്നങ്ങൾ, എണ്ണപ്പന ഉല്പന്നങ്ങൾ എന്നിവ ഉപയോഗിച്ചും മറ്റും കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.
17. വൈദ്യുതോർജ്ജം ലാഭിക്കുന്നതിനും വിറകിനും പകരമായി ചാണകവും ഗോബർഗ്യാസ് ഉല്പാദിപ്പിക്കുന്നതിനും വ്യാപകമായ പ്രചരണം ധനസഹായം എന്നിവ ഏർപ്പെടുത്തുക.
18. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം, ശേഖരണം, വിപണനം ആധുനിക അനുബന്ധ ഉല്പന്നങ്ങളായി മാറ്റം ചെയ്യൽ എന്നിവയ്ക്ക് മിൽമ പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുക പാഴായിപ്പോകുന്ന മനുഷ്യശേഷി ഉല്പാദന വർദ്ധനവിനും മറ്റു കാർഷിക അഭിവൃദ്ധിക്കും വഴിതെളിക്കും വിധം ഈ രംഗത്തെ സാങ്കേതികവിദ്യകൾ സ്വായത്തമാക്കാൻ സഹായിക്കുക.

പട്ടിക-1

മൃഗരോഗ ചികിത്സാ വിവരം 1995-96

രോഗങ്ങൾ	പശു	എരുമ	ആട്	കോഴി	ആകെ
ദഹന സംബന്ധം	854	3	255	–	1112
ശ്വാസകോശ സംബന്ധം	264	–	164	–	428
ഉപാപചയ സംബന്ധം	23	–	–	–	23
ത്വക്ക് രോഗം	26	–	10	–	96
ധാതുക്കളുടെ അഭാവം	28	–	11	–	39
പരേദ രോഗങ്ങൾ	47	–	42	21	110
പ്രത്യുത്പാദനം	44	–	2	–	46
വന്ധ്യത	5	–	–	–	5
അകിടു വീക്കം	64	–	18	–	82
മുടന്തൻ പനി	237	–	40	–	277
പകർച്ച വ്യാധി	–	–	–	–	–
ആകെ	1592	3	542	21	2158

വ്യവസായം

അഞ്ചൽ പഞ്ചായത്തിൽ വ്യവസായമേഖലയിൽ കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. പൊതുമേഖലയിലോ സഹകാര്യമേഖലയിലോ വൻകിട വ്യവസായയൂണിറ്റുകളില്ല. പരമ്പരാഗത വ്യവസായ മേഖലയായ കശുവണ്ടിമേഖലയാണ് അൽപമെങ്കിലും പുരോഗതി പ്രാപിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ആകെ മൂന്ന് കശുവണ്ടി ഫാക്ടറികളാണുള്ളത്. സഹകാര്യമേഖലയിൽ ഉള്ള ഈ ഫാക്ടറികൾ ആർച്ചൽ, ഏറം 2-ടൗൺ എന്നീ വാർഡുകളിലാണ് സ്ഥിതിചെയ്യുന്നത്. ഇവയിലെ തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങൾ, വേതനനിരക്ക് തുടങ്ങിയവ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 126 ചെറുകിട വ്യവസായ യൂണിറ്റുകളിലായി 650 തൊഴിലാളികൾ പണിയെടുക്കുന്നു. വ്യാവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ പട്ടിക-2ൽ കൊടുത്തിരിക്കുന്നു.

ചെറുകിടവ്യവസായരംഗത്ത് പഞ്ചായത്തിൽ ചുടുകട്ടവ്യവസായത്തിന് പ്രാധാന്യമേറുന്നു. പഞ്ചായത്തിൽ ആകെ ആറ് ചുടുകട്ട വ്യവസായ യൂണിറ്റുകളിലായി 62 തൊഴിലാളികൾ പണിയെടുക്കുന്നു. ഹോളോബ്രിക്സ് നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് പന്ത്രണ്ടാം വാർഡിൽ പ്രവർത്തിക്കുന്നു. ഒരു ഷട്ടർനിർമ്മാണ യൂണിറ്റും ആർച്ചൽവാർഡിൽ പ്രവർത്തിക്കുന്നു. സഹകാര്യമേഖലയിലുള്ള ഈ സ്ഥാപനത്തിൽ അഞ്ച് തൊഴിലാളികൾ പണിയെടുക്കുന്നു. തഴമേൽ വാർഡിൽ ബുക്ക് ബയിന്റിംഗ് നിർമ്മാണ രംഗത്ത് ഒരു വനിതാവ്യവസായ യൂണിറ്റ്

പട്ടിക-1

കശുവണ്ടി ഫാക്ടറി തൊഴിലാളികളുടെ എണ്ണം
തൊഴിൽ ദിനങ്ങൾ, വേതനനിരക്ക് തുടങ്ങിയവ.

വാർഡ്	കശുവണ്ടി ഫാക്ടറി	തൊഴിലാളികളുടെ എണ്ണം			തൊഴിൽ ദിനങ്ങൾ	വേതന നിരക്ക്
		പുരു	സ്ത്രീ	ആകെ		
2	രശ്മി കാഷ്യൂ ഫാക്ടറി	3	52	55	50	ലഭ്യമല്ല
6	കുമാർ കാഷ്യൂ ഫാക്ടറി	3	67	70	65	"
9	K.G.N ഫാക്ടറി	36	642	678	180	"

1943ൽ പ്രവർത്തനമാരംഭിച്ച K.G.N. ഫാക്ടറി മാത്രമാണ് ആണ്ടടക്കം പ്രവർത്തിക്കുന്നത്. മറ്റുരണ്ട് ഫാക്ടറികളിലും തൊഴിലാളികൾക്ക് ആവശ്യമായ മിനിമംസൗകര്യങ്ങൾ തൃപ്തികരമല്ല.

(D.W.C.R.A.) ഉണ്ട്. പതിമൂന്നാം വാർഡിൽ D.W.C.R.A. പ്രകാരമുള്ള വനിതായൂണിറ്റ് കാലിവളർത്തൽ രംഗത്ത് പ്രവർത്തിക്കുന്നു. മൂന്നാം വാർഡിൽ ഒരു റെക്സിൻ നിർമ്മാണശാല പ്രവർത്തിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും വൈദ്യുതി ലഭ്യതയുടെ അനിശ്ചിതത്വവും മൂലം ഇന്നത് പ്രവർത്തിക്കുന്നില്ല. 12, 5 വാർഡുകളിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ വ്യവസായ യൂണിറ്റുകൾ ഇന്ന് പ്രവർത്തിക്കുന്നില്ല.

ചെറുകിടവ്യവസായമേഖലയിൽ പ്രമുഖ സ്ഥാനത്ത് നിൽക്കുന്ന മറ്റൊന്നാണ് തടിവ്യവസായം. പഞ്ചായത്തിൽ ആകെയുള്ള ഒമ്പത് തടി അധിഷ്ഠിത വ്യവസായ യൂണിറ്റുകളിലായി 70 തൊഴിലാളികൾ പണിയെടുക്കുന്നു. തടിയുടെ ലഭ്യതക്കുറവും വൈദ്യുതിയുടെ അപര്യാപ്തതയും യൂണിറ്റുകളുടെ ആധിക്യവും മൂലം മുഴുവൻ ശേഷിയും ഉപയോഗിക്കപ്പെടുന്നില്ല.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനം കൈത്തറിനെയ്ത്തായിരുന്നു. അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവും ലഭ്യതക്കുറവും ആധുനിക സാങ്കേതികവിദ്യ തൊഴിലാളികൾക്ക് പകർന്നു നൽകാത്തതും മെച്ചപ്പെട്ട പ്രതിഫലം ഇല്ലായ്മയും കമ്പോള മത്സരത്തിൽ പിടിച്ചു നിൽക്കാൻ കഴിയാത്തതും ഈ വ്യവസായ രംഗം പരാജയപ്പെടുവാനുണ്ടായ കാരണങ്ങളാണ്.

വൻകിടവ്യവസായ രംഗത്ത് റബ്ബറധിഷ്ഠിത വ്യവസായത്തിന് വളരെ സാധ്യതയുണ്ട്. റബ്ബർ ഉല്പാദനം മുൻപന്തിയിൽ നിൽക്കുന്നതിനാൽ സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഉപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങൾ, വൻകിട വ്യവസായികൾക്ക് ആവശ്യമായ ഘടകങ്ങൾ, ചെരിപ്പുകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുവാൻ ഒരു വലിയവ്യവസായ യൂണിറ്റിന് സാധ്യതകളേറെയാണ്. റബ്ബർ തടി പാകപ്പെടുത്തുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഒരു റബ്ബർ തടി സംസ്കരണകേന്ദ്രത്തിന് വളരെയേറെ സാധ്യതകളുണ്ട്. നിർദ്ധനരായ കെട്ടിട നിർമ്മാതാക്കൾക്ക് അനുഭവപ്പെടുന്ന തടിയുടെ ദൗർലഭ്യം അങ്ങനെ പരിഹരിക്കപ്പെടുന്നതാണ്. പ്രദേശത്ത് സാധ്യതയുള്ള മറ്റൊരു വ്യവസായമാണ് പ്ലൈവുഡും പായ്ക്കിംഗ് കേസ് നിർമ്മാണവും.

സാധ്യതകളുള്ള ചില മേഖലകളാണ് ഇലക്ട്രോണിക്സ് ഭക്ഷ്യസംസ്കരണവും ആട്ടോമൊബൈൽ ബോഡിനിർമ്മാണവും. അഞ്ചൽപട്ടണത്തിൽ ദിവസവും നൂറുകണക്കിന് ഉപകരണങ്ങളുടെ വ്യാപാരം നടക്കുന്നു. ഇതിന്റെ അസംബ്ലിംഗ്യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ തൊഴിൽരഹിതർക്ക് തൊഴിലും ഉല്പന്നങ്ങൾക്ക് വിപണിയും ഉണ്ടാകും. ശരിയായ രീതിയിൽ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാൻ സാധിക്കാത്തതിനാൽ ദിവസവും ടൺകണക്കിന് പാഴായിപ്പോകുന്നു. അഞ്ചൽ പട്ടണത്തിൽ വിവിധ തരത്തിൽപെട്ട 1000ത്തോളം വാഹനങ്ങൾ ദിവസവും സർവ്വീസ് നടത്തുന്നു. ഇവയ്ക്കാവശ്യമായ ബോഡിയും മറ്റും നിർമ്മിക്കുന്നതിന് ഇന്ന് വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നു. ആട്ടോമൊബൈൽ വ്യവസായ രംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾ ഉണ്ടെങ്കിലും വമ്പിച്ച മുതൽമുടക്ക് ഈ വ്യവസായം വളരുന്നതിന് തടസ്സമായി നിൽക്കുന്നു.

കാർഷിക മേഖലയായതിനാൽ പഞ്ചായത്തിൽ

പട്ടിക 2

ചെറുകിട വ്യവസായ യൂണീറ്റുകളെ സംബന്ധിച്ച വിവരങ്ങൾ.

വിഭാഗം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
		പു:	സ്ത്രീ	ആകെ
തടി വ്യവസായം	9	55	15	70
ഐസ് ഫാക്ടറി	1	4	ഇല്ല	4
അച്ചടി	7	19	9	28
കറിപൗഡർ നിർമ്മാണം	1	ഇല്ല	4	4
ആയുർവേദ മരുന്ന്	9	27	9	36
എഞ്ചിനിയറിംഗ്	26	225	ഇല്ല	225
സോഡാഫാക്ടറി	2	6	ഇല്ല	6
പർപ്പടകം	1	1	2	3
ബുക്ക് ബയന്റിംഗ്	1	ഇല്ല	10	10
ഹോളോബ്രിക്സ്	1	10	ഇല്ല	10
ചുടുകട്ട	6	32	30	62
ബേക്കറി	7	21	ഇല്ല	21
ഫർണിച്ചർ	4	16	ഇല്ല	16
റൈസ് മിൽ	15	17	13	30
പാൽ സംഭരണ വിതരണം	2	4	4	8
ഫോട്ടോസ്റ്റുഡിയോ	7	28	ഇല്ല	28
ടയർ റീ ട്രേഡിംഗ്	3	12	ഇല്ല	12
സ്വർണ്ണപ്പണി	12	30	6	36
മറ്റുള്ളവ	12	23	18	41
ആകെ	126	530	120	650

കാലിവളർത്തലിന് സാധ്യതകളുണ്ട്. ആവശ്യത്തിന് പാലുല്പാദനം ഉണ്ടായാൽ പാലുല്പന്നങ്ങളുടെ ബഹുവിധ വ്യവസായങ്ങൾക്ക് സാധ്യതയേറും. പാലുല്പന്നങ്ങൾ എക്കാലവും ലാഭമുള്ളതും ആരോഗ്യ സംരക്ഷണത്തെ സഹായിക്കുന്നതും ജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതുമാണ്. പ്രാഥമികമായി ഒരു ചില്ലിംഗ് പ്ലാന്റ് സ്ഥാപിച്ച് 100കണക്കിനാളുകൾക്ക് തൊഴിൽ ഉറപ്പാക്കാം.

നിലവിലുള്ളപ്രശ്നങ്ങൾ

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഇല്ല.
2. ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.
3. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല.
4. വൈദ്യുതി ലഭ്യതയിലെ അനിശ്ചിതത്വം വ്യവസായ യൂണിറ്റുകളെ പ്രതികൂലമായി ബാധിക്കുന്നു.
5. പാലുല്പന്നങ്ങളുടെ വ്യവസായങ്ങളില്ല.
6. പരമ്പരാഗത വ്യവസായ മേഖല പരാജയപ്പെടുന്നു.
7. ദിവസവും ടൺകണക്കിന് ഭക്ഷ്യവസ്തുക്കൾ പാഴായി പോകുന്നു.
8. വൻകിടവ്യവസായ യൂണിറ്റുകൾ ഇല്ല.
9. ചെറുകിട വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ അപര്യാപ്തത.
10. വ്യവസായ സാധ്യതയുള്ള അസംസ്കൃത വസ്തുക്കൾ പാഴായിപ്പോകുന്നു.
11. വിദേശ മലയാളികൾ വ്യവസായ മേഖലയിൽ പണം മുടക്കാൻ തയ്യാറാകുന്നില്ല.
12. ഈറ്റത്തൊഴിലാളികൾക്ക് ആവശ്യമായ ഈറ്റ യഥാസമയം ലഭിക്കുന്നില്ല.
13. മീൻ വളർത്താൻ താത്പര്യമുള്ളവർക്ക് മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകാനുള്ള സംവിധാനമില്ല.
14. വ്യവസായ സംരംഭകരുടെ മുന്നിൽ ബ്യൂറോക്രസി ഒരു ബാലികേറാമലയാണ്.
15. വായ്പകൾ നല്കുന്നതിലുള്ള ബാങ്കുകളുടെ വിമുഖത.

പരിഹാര നിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം.
2. റബ്ബർ തടി പാകപ്പെടുത്തുന്നതിനുള്ള ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഒരു റബ്ബർതടി സംസ്കരണ കേന്ദ്രം ആരംഭിക്കണം.
3. സ്ത്രീകളിൽ വിദ്യാസമ്പന്നരും ഗൃഹവൃത്തിമാത്രം തൊഴിലുള്ളവരുമായവരുടെ കർമ്മശേഷി വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുത്തണം.
4. ആട്ടോമൊബൈൽ ബോഡിനിർമ്മാണയൂണിറ്റ് ആരംഭിക്കണം.
5. ടൂറിസ്റ്റ് മേഖല വളർത്തിയെടുക്കണം.

ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാലഘട്ടമാണ് ഇത്. അഞ്ചൽ പട്ടണത്തിന്റെ വികസനത്തിന് ടൂറിസത്തിന് വലിയ പങ്കുവഹിക്കാൻ കഴിയും. വന്യജീവി സംരക്ഷണ കേന്ദ്രമായ ചെന്തരുണിയും തെന്മല ഡാമും ജലാശയവും കുളത്തൂപ്പുഴയും ആര്യങ്കാവും പാലരുവിയും പാലോട് ഗാർഡനും ഓയിൽ ഫാമും ഉൾക്കൊള്ളുന്ന ഒരു ടൂറിസ്റ്റ് മേഖല വളർത്തിയെടുക്കാവുന്നതാണ്. ഈ മേഖലയിലേക്കുള്ള സഞ്ചാര പാതയിലെ പ്രധാന പട്ടണമാണ് അഞ്ചൽ.

6. ഹോട്ടൽ വ്യവസായ രംഗം പുഷ്ടിപ്പെടുത്തണം.
7. ഇൻഡസ്ട്രിയൽഎസ്റ്റേറ്റ്

സൗകര്യപ്രദമായി പത്തോ പതിനഞ്ചോ ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് ഒരു ഇൻഡസ്ട്രിയൽഎസ്റ്റേറ്റ് നടപ്പിലാക്കുക എന്ന ആശയം ഏറെ ചർച്ചചെയ്യപ്പെട്ടിരിക്കുകയാണ്. പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടുന്ന ഒരു പദ്ധതിയാണ് ഇത്.

8. പറങ്കിമാങ്ങ, വാഴനാര്, തേങ്ങാവെള്ളം, ചിരട്ട എന്നിങ്ങനെ പാഴായിപ്പോകുന്ന വസ്തുക്കൾ ഉപയോഗിച്ച് ചെറുകിട വ്യവസായം പുഷ്ഠിപ്പെടുത്തണം.
9. ഈറ്റത്തൊഴിലാളികൾക്ക് മിതമായവിലയ്ക്ക് യഥാസമയം ഈറ്റ നൽകുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കണം.
10. മീൻവളർത്തലിൽ താല്പര്യമുള്ളവരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
11. പഞ്ചായത്ത് അടിസ്ഥാനത്തിൽ കിറ്റ്കോ(Kerala Industrial Technical Consultancy),റബ്ബർ ബോർഡ് എന്നിവരുടെ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക വിദ്യകളും സാമ്പത്തിക സഹായവും വ്യവസായ സംരഭകർക്ക് എത്തിച്ചുകൊടുക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം.
12. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പഞ്ചായത്ത്

തന്നെ ഒരുക്കിക്കൊടുക്കുക(ഗതാഗത സൗകര്യം, വൈദ്യുതി ലഭ്യത, ജല വിതരണം എന്നിവ) ഇതിനു വേണ്ടി പഞ്ചായത്ത് ചെലവിടുന്ന പണം വ്യവസായ സംരംഭകരിൽ നിന്നും ഈടാക്കാവുന്നതാണ്.

13. ക്രഷർ യൂണിറ്റ്, റബ്ബർ ബാന്റ് നിർമ്മാണം, ബലൂൺ നിർമ്മാണം, ചെരുപ്പ്, ചവിട്ടുമെത്ത, ആട്ടോമൊബൈൽ വ്യവസായത്തിനുവേണ്ട ചാനൽ, ബുഷ്, കുഴലുകൾ മുതലായവ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഉല്പാദിപ്പാക്കാവുന്നതാണ്.

ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

സ്പൈസസ് , കോക്കനട്ട്, പൈനാപ്പിൾ, കശുമാങ്ങ, റബ്ബർ തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമാണെന്നിരിക്കെ, ഏതു തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനും സാഹചര്യങ്ങൾ അനുകൂലമാണ്. സാമ്പത്തിക പരാധീനത ഇല്ലാതാക്കാൻ, താത്പര്യമുള്ള ആളുകളിൽ നിന്നും ഷെയറുകളായി പണം സ്വരൂപിക്കാവുന്നതാണ്. വാങ്ങുന്ന പണവും പലിശയും തിരിച്ചുകൊടുക്കുന്നതിന് സർക്കാർ പൂർണ്ണമായും ഉത്തരവാദിയാകേണ്ടതാണ്. തുടങ്ങുന്ന വ്യവസായം നഷ്ടം വരാത്തവയും ലാഭത്തിലാക്കാൻ കഴിയുന്നവയുമായി തെരഞ്ഞെടുക്കുക. മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തവും ആരോഗ്യകരമായ വ്യവസായിക അന്തരീക്ഷവും ഉറപ്പുവരുത്തണം.

വിദേശ മലയാളികളും സമ്പന്നരും ധാരാളം അധിവസിക്കുന്ന പ്രദേശമാണ് ഇത്. ഈ സമ്പത്ത് വേണ്ട രീതിയിൽ വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഈ പ്രദേശത്ത് സുലഭമാണ്. സമ്പന്നരുടെ സമ്പത്തും ലഭ്യമായ അസംസ്കൃത സാധനങ്ങളും അധ്വാനശീലരായ പ്രദേശത്തെ തൊഴിലാളികളേയും സംഘടിപ്പിച്ച് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി വ്യാവസായിക രംഗം പുഷ്ഠിപ്പെടുത്താവുന്നതാണ്.

പട്ടിക -3

വിഭാഗം	നമ്പർ	ഇനം
സ്മാൾ സ്കെയിൽ ഇൻഡസ്ട്രി	1	സോപ്പ് നിർമ്മാണം
	2	ചന്ദനത്തിരി
	3	കാഷ്യൂ ഫെനി
	4	മെഴുകുതിരി
	5	ക്ഷീരോൽപ്പന്നം
	6	കോഴിവളർത്തൽ
	7	അച്ചാർ
	8	തേനീച്ചവളർത്തൽ
	9	ആട്മാടുവളർത്തൽ
	10	പ്ലാസ്റ്റിക്ക് നിർമ്മാണം
	11	ജൈവവളനിർമ്മാണം
	12	മെറ്റൽക്രഷർ യൂണിറ്റ്
	13	പഴവർഗ്ഗ സംസ്ക്കരണം
	14	ശീതളപാനീയ നിർമ്മാണം
	15	റെഡിമെയ്ഡ് ഗാർമൻസ്
	16	കളിപ്പാട്ടനിർമ്മാണം
	17	റബ്ബർ ബാന്റ് നിർമ്മാണം
	18	തീപ്പെട്ടി നിർമ്മാണം
	19	വാഴനാരു കൊണ്ടുള്ള കരകൗശലവസ്തുക്കൾ
	20	സ്വിച്ച് ബോർഡ് നിർമ്മാണം
	21	ചിരട്ടകൊണ്ടുള്ള കൗതുക വസ്തുക്കൾ
	22	മീൻ വളർത്തൽ

ഊർജ്ജം

ഊർജ്ജം ജീവിതത്തിന്റെ അടിസ്ഥാന ആവശ്യ ഘടകങ്ങളിൽ ഒന്നാണ്. വെളിച്ചവും, പാചകം, ഗാർഹിക യന്ത്ര സാമഗ്രികളുടെ പ്രവർത്തനം, കാർഷികം, ചെറുകിട-വൻകിട യന്ത്രങ്ങളുടെ പ്രവർത്തനം എന്നിവയ്ക്കുള്ള ഇന്ധനങ്ങളായിട്ടാണല്ലോ ഊർജ്ജത്തിന്റെ ഉപയോഗം നടക്കുന്നത്. പെട്രോളിയം, ഡീസൽ, മണ്ണെണ്ണ, പാചക വാതകം, വൈദ്യുതി, സോളാർ പാനലുകൾ എന്നിവ ഉർജ്ജരൂപങ്ങളിൽ പെടുന്നു.

ഊർജ്ജത്തിന്റെ കാര്യത്തിൽ ഉപഭോഗം മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ നടക്കുന്നത്. ഊർജ്ജോല്പാദന ഉപാധികൾ വളരെ വിരളമാണ്. കേരളത്തിൽ ആകെ എന്നപോലെ നമ്മുടെ പഞ്ചായത്തും ഊർജ്ജ പ്രതിസന്ധി നേരിടുന്നു. ജലവൈദ്യുത പദ്ധതികളെ ആശ്രയിച്ചുള്ള വൈദ്യുത പദ്ധതികളാണ് കേരളത്തിൽ പ്രധാനമായും നിലനിൽക്കുന്നത്. കടുത്ത ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ പുതിയ പദ്ധതികൾ ആരംഭിച്ച് ഉല്പാദനക്ഷമമാകുന്നതിന് വർഷങ്ങൾ വേണ്ടിവരും. ആയതിനാൽ അതുവരെ ഊർജ്ജ പ്രതിസന്ധിക്ക് നമ്മുടേതായ പരിഹാര മാർഗ്ഗങ്ങളും ഊർജ്ജോല്പാദന പരിപാടികളും കണ്ടെത്തേണ്ടതായുണ്ട്. ഗ്രാമസഭകളിൽ പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുള്ളതും ആകുന്നു. ആ നിർദ്ദേശങ്ങളുടെ പ്രായോഗികതകൾ പഠിച്ച് നമുക്ക് തീരുമാനങ്ങൾ എടുക്കേണ്ടത് ഊർജ്ജ പ്രതിസന്ധിയുടെ പരിഹാരത്തിന് അനിവാര്യമാണ്. വൈദ്യുതി എത്തുന്നതിനും അപ്പുറം ഇരുളകറ്റാൻ മെഴുകുതിരികളും എണ്ണയൊഴിച്ച് കത്തിക്കുന്ന വിളക്കുകളും പാചകത്തിന് വിറകുമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ വൈദ്യുതി ഇന്ന് നമ്മുടെ ജീവിതത്തിൽ അനുപേക്ഷണീയമായ ഒരു ഘടകമായിത്തീർന്നിരിക്കുകയാണ്.

1955ലെ ചിങ്ങമാസത്തിൽ അഞ്ചൽ പട്ടണത്തിലെ ഏതാനും കടകളിൽ ബൾബുകൾ പ്രകാശിച്ചതോടുകൂടിയാണ് അഞ്ചൽ പഞ്ചായത്തിൽ വൈദ്യുതി വെളിച്ചം കണ്ടുതുടങ്ങിയത്. ഇപ്പോഴത്തെ സർവ്വീസ് സഹകരണസംഘം നിൽക്കുന്ന ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. നാലുപതിറ്റാണ്ടുകൾ പിന്നിട്ടുവെങ്കിലും ഇപ്പോഴും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. അഞ്ചൽ കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിച്ചതോടെ അഞ്ചൽ, അലയമൺ പഞ്ചായത്തുകൾ പൂർണ്ണമായും ഇട്ടിവ, ഇടമുളയ്ക്കൽ, ഏരൂർ, കുളത്തൂപ്പുഴ എന്നീ പഞ്ചായത്തുകൾ ഭാഗീകമായും ഈ ആഫീസിന്റെ പ്രവർത്തനപരിധിയിലായി. ആദ്യമൊക്കെ പട്ടണപ്രദേശത്ത് താമസക്കാരായ അപൂർവ്വം ചില സമ്പന്ന കുടുംബക്കാർ മാത്രമാണ് വൈദ്യുതി ഇന്ധനമായി ഉപയോഗിച്ചിരുന്നത്. ഗാർഹിക ഉപയോഗം വെളിച്ചത്തിന് മാത്രമായി ഒതുങ്ങിനിന്നു.

ഇന്ന് ഈ പഞ്ചായത്തിൽ ഗാർഹിക ഉപഭോക്താക്കൾ 53 ശതമാനവും വ്യാപാര ഉപഭോക്താക്കൾ 16.5 ശതമാനവും വ്യാവസായിക ഉപഭോക്താക്കൾ 1.65 ശതമാനവും കാർഷികമേഖലയിലെ ഉപഭോക്താക്കൾ 0.6 ശതമാനവും ആണെന്ന് K.S.E.B. സെക്ഷൻ കണക്കുകൾ വെളിപ്പെടുത്തുന്നു. ഇതിൽനിന്ന് 47 ശതമാനം വീടുകളിലും വെളിച്ചം നൽകുന്നത് മണ്ണെണ്ണ വിളക്കുകളും മെഴുകുതിരികളും ആണെന്ന് കാണാം. അതുപോലെതന്നെ വ്യാവസായിക കാർഷിക മേഖലകളിൽ ആശാവഹമായ സ്വാധീനം ചെലുത്താൻ ഇന്നോളം വൈദ്യുതിക്ക് കഴിഞ്ഞിട്ടില്ലെന്ന് കാണാൻ കഴിയും.

പഞ്ചായത്തിൽ മൊത്തം 24 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ മിക്കതും അധികം ഭാരം വഹിക്കുന്നവയും പ്രവർത്തനശേഷി കുറഞ്ഞവയും ആണ്. വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിന്റെ ശാപമായി മാറിയിരിക്കുകയാണ്. പുതിയ ട്രാൻസ്ഫോർമറുകൾക്കുവേണ്ടിയുള്ള മുറവിളി എല്ലാ ഗ്രാമസഭകളിലും ഉയർന്നുകേട്ടു.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പുതിയ അപേക്ഷകരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കണക്ഷൻ നൽകാൻ കഴിയുന്നില്ല. ഈ പഞ്ചായത്തിൽ വീടുകളിൽ വയറിംഗ് ജോലികൾ പൂർത്തിയാക്കി കണക്ഷനുവേണ്ടി 755 വീട്ടുകാരുണ്ട്.

ഗാർഹിക ഇന്ധനമായി വിറകും മണ്ണെണ്ണയും ഭൂരിഭാഗം വീടുകളിലും ഇപ്പോഴും ഉപയോഗിക്കുന്നു. പാചകവാതകത്തിന്റെ ഉപയോഗവും പരിമിതമായിട്ടുണ്ട് ഈ പഞ്ചായത്തിലാകെ 370 ഗ്യാസ് കണക്ഷനുകൾ ഉണ്ട്. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വിരളമാണ്.

മുൻകാലങ്ങളിൽ പഞ്ചായത്തിനോട് അടുത്തുള്ള പ്രദേശങ്ങളിൽ വനം ഉണ്ടായിരുന്നതിനാൽ വീട്ടാവശ്യങ്ങൾക്ക് വിറകുക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. ഇപ്പോൾ വിറകുക്ഷാമം രൂക്ഷമാണ്.

നിലവിലുള്ള പ്രശ്നങ്ങൾ

1. വീടുകൾ വയർ ചെയ്തു വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ട് ദീർഘനാൾ കാത്തിരിപ്പും ഭാരിച്ച പണച്ചെലവും അനുഭവപ്പെടുന്നു.

2. വോൾട്ടേജ്ക്ഷാമം, പീക്ക്ലോഡ് സമയം പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും അനുഭവപ്പെടുന്നു.

3. ഇടവിട്ടിടവിട്ടുള്ള കറണ്ട്കട്ട് ബുദ്ധിമുട്ടുണ്ടാക്കുന്നു.

4. ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തതമൂലം യഥാസമയം ജോലികൾ നടക്കുന്നില്ല. പലരുടേയും സേവനവും സമീപനവും തൃപ്തികരമല്ല.

5. കളക്ഷൻ സെന്ററുകളുടെ കുറവുമൂലം പണം അടയ്ക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നു.

6. മീറ്ററുകളുടെ തകരാറും ആറുമാസത്തിൽ ഒരിക്കലുള്ള റീഡിംഗ് എടുപ്പും സ്ലാബ് സമ്പ്രദായവും ഉപഭോക്താക്കൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുന്നു.

7. പഞ്ചായത്തിൽ മൊത്തം 544 തെരുവുവിളക്കുകൾ ഉണ്ടെങ്കിലും ഗ്രാമപ്രദേശങ്ങളിൽ മിക്കവയും പ്രകാശിക്കുന്നവയല്ല.

8. വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകളെമാത്രം ആശ്രയിക്കുന്ന കുടുംബങ്ങളിൽ ലഭിക്കുന്ന ഇന്ധനത്തിന്റെ അളവ് തുലോം പരിമിതമാണ്.

9. വിറകിന്റെ വിലവർദ്ധനവ് ദരിദ്രകുടുംബങ്ങളെ വീർപ്പുമുട്ടിക്കുന്നു.

10. ബയോഗ്യാസ് പ്ലാന്റുകൾ നാമമാത്രമാണ്.

പരിഹാരനിർദ്ദേശങ്ങൾ

1. വൈദ്യുതി ഉല്പാദനരംഗത്ത് താലൂക്കിനാകെ പ്രയോജനപ്പെടുന്ന

   (a) ഓലിയരിക് മിനി സ്കീം

   (b) മുക്കടവ്(പുനലൂർ) മിനി സ്കീം

   (c) M.S.L. 500 മിനി സ്കീം(തെന്മല)

   ഈ സ്കീമുകൾ സർക്കാർ ഏറ്റെടുത്ത് വൈദ്യുതി ഉല്പാദിപ്പിക്കുക. പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ കഴിവുറ്റ സ്വകാര്യ ഏജൻസികളെ ഏല്പിക്കുക.

2. സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

3. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ആര്യങ്കാവ് ചുരത്തിലൂടെ, നമ്മുടെ പഞ്ചായത്തിലേക്ക് വീശുന്ന ശക്തിയായ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രം ആർച്ചൽ സ്ഥാപിക്കാവുന്നതാണ്.

4. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ, എല്ലാവാർഡുകളിലും നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിക്കുക. ഇവയ്ക്കുപുറമേ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. വൈദ്യുതിലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷശാഖകൾ വെട്ടിമാറ്റുന്ന നടപടി കാര്യക്ഷമമാക്കുക.

6. കേടായ മീറ്ററുകൾ യഥാസമയം മാറ്റുക.


7. കറണ്ടുമോഷ്ടാക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.

8. സ്ട്രീറ്റ് ലൈറ്റുകൾ എല്ലാവാർഡുകളിലും ആവശ്യാനുസരണം സ്ഥാപിക്കുക. സൂര്യവിളക്കുകൾ സ്ഥാപിക്കുക.

9. കെ.എസ്.ഇ. ബോർഡിന്റെ പ്രവർത്തനങ്ങൾ ജനകീയ സമിതിയുടെ പരിശോധനക്ക് വിധേയമാക്കുക.

10. സാമൂഹിക വനവൽക്കരണം എല്ലാ റോഡുസൈഡുകളിലും ജനങ്ങളുടെ സഹകരണത്തോടുകൂടി വ്യാപിപ്പിക്കുക.

11. ഗോബർഗ്യാസ് പ്ലാന്റുകൾ, റബ്ബർഷീറ്റടിക്കുന്ന മലിനജലം ഉപയോഗിച്ചുള്ള പ്ലാന്റുകൾ, മറ്റുമാലിന്യവസ്തുക്കൾ ഉപയോഗിച്ചുള്ള ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രചാരണപ്രവർത്തനങ്ങളും സാങ്കേ



തിക സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

12. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നതിന് പ്രചാരണപ്രവർത്തനങ്ങൾ നടത്തുക.

13. വാർഡുകളിൽ പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ ദൂരം, ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കേണ്ടത്, സ്ട്രീറ്റ് ലൈറ്റുകൾ വേണ്ടത് തുടങ്ങിയവ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

മിക്ക ഗ്രാമസഭകളിലും സ്ട്രീറ്റ് ലൈറ്റുകൾക്കു വേണ്ടി നീണ്ട പട്ടികകൾതന്നെ സമർപ്പിച്ചിരിക്കുന്നു. പഞ്ചായത്തിൽ ആകെയുള്ള 21 ഹരിജൻകോളനികളിൽ രണ്ടെണ്ണം മാത്രമേ പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുള്ളു. വീടുകൾ വയർചെയ്തു വൈദ്യുതിക്കായി കാത്തിരിക്കുന്ന പട്ടികജാതി കുടുംബങ്ങൾ പഞ്ചായത്തിൽ ധാരാളമായുണ്ട്. മറ്റു വസ്തു ഉടമകളിൽനിന്ന് കൺസന്റ് വാങ്ങുന്നതിൽനിന്നും ഇത്തരക്കാരെ ഒഴിവാക്കേണ്ടതാണ്.

പട്ടിക-1

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും

നമ്പർ	കപ്പാസിറ്റി	പേര്	വാർഡ്
1	160 KV	വട്ടമൺ പാലം	IX
2	160KV	പനയഞ്ചേരി	V
3	100KV	ചീപ്പുവയൽ	IX
4	100KV	മിഷൻ ഹോസ്പിറ്റൽ	VIII
5	250KV	കൈതാടി	VIII
6	100KV	ഗണപതിക്ഷേത്രം	IX
7	100KV	പനയഞ്ചേരി ക്ഷേത്രം	V
8	100KV	തോയിത്തല	V
9	100KV	ആനയരുമുകൾ	I
10	100KV	ഏറം നമ്പർ-1	II
11	100KV	ഏറം നമ്പർ-2	II
12	100KV	പനയഞ്ചേരി ഓട് ഫാക്ടറി	V
13	160KV	അഗസ്ത്യക്കോട് No. 1	VIII
14	100KV	അഗസ്ത്യക്കോട No. 2	VIII
15	100KV	തുമ്പശ്ശേരി	VIII
16	100KV	മാവിള	VI
17	160KV	കുരുവിക്കോണം	XII
18	100KV	കോമളം	IV
19	250KV	ടൗൺ No.1	X
20	250KV	ടൗൺ No.2	X
21	160KV	ടെലഫോൺ എക്സ്ചേഞ്ച്	X
22	100KV	ടൗൺ ടെലഫോൺ എക്സ്ചേഞ്ച്	X
23	100KV	ആർച്ചൽ	VI
24	100KV	വെഞ്ചെമ്പ്	III


പട്ടിക-2

വാർഡ്	പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കേണ്ടത് എണ്ണം	സ്ട്രീറ്റ് ലൈറ്റുകളുടെഎണ്ണം
1	മംഗലത്തു വാതുക്കൽ-മൂലവിളവാതുക്കൽ	1200 മീ	2	40
	തെക്കതിൽ വാതുക്കൽ-കോയിക്കൽ വരെ	1.5 കി,മീ		
	കളിയിലക്കട ജംഗ്-ഒറ്റത്തെങ്ങ്	500 മീ		
	അനാട്-ഉച്ചിക്കോട്	900 മീ		
2	പള്ളിമുക്ക് -മീനമ്പള്ളി മുക്ക്	850 മീ		
	വെള്ളാം കുഴി ഹരിജൻ കോളനി	500 മീ		30
3	നടുക്കുന്നുംപുറം	300 മീ		
4	കോമളം തെക്കേമലപ്പുറം ഹരിജൻ കോളനി	500 മീ		13
	നാലുസെന്റ് കോളനി	600 മീ		5
	കൊല്ലോണം ഹരിജൻ പ്രദേശം	550 മീ		10
	കോമളം ശ്രീനാരായണ ഗുരു ഭജനമഠം-			
	താന്നിമുകൾ പ്രദേശം	1400 മീ		25
	പെരിഞ്ഞോലിക്കോണം ഹരിജൻ പ്രദേശം	500 മീ		10
5	നെടുവിള ഹരിജൻ കോളനി പ്രദേശം	500 മീ		
	ശിശുവിഹാർ-വിളയിൽ ഭാഗം	500 മീ		
	ആയില്യം വാതുക്കൽ-പനയഞ്ചേരി	1 1/2 മീ		
	വട്ടയത്ത് മഠം-തോട്ടത്തിൽ-മല്ലശ്ശേരി കരയോഗം	2 കിമീ		100
	കോടിയാട്ട് ജംഗ്-വെൺമണിയോട്	600 മീ		
	കശുവണ്ടി ഫാക്ടറി-നെടുമ്പച്ച	2 കിമീ		
	ഉച്ചകോട്-തോട്ടംമുക്ക്	1 1/2		65
6	വായനശാല ജംഗ്-ഭൂതക്കുഴി	1/2		
	റേഷൻകട ജംഗ്-തട്ടാരക്കോട്	300 മീ		
	മാണിക്കംകുന്ന്-പച്ചയിൽ	1/2കി മീ		
	കാണിക്കവഞ്ചി-അമ്പലംഭാഗം	"		
	റേഷൻകട ജംഗ്-ചെമ്പകശ്ശേരി	300 മീ		
	തട്ടാരത്തോട്-പുലിക്കോട്ട്കോണം	300 മീ		
	പൂതക്കുഴി-കാരോട്ട്കാവ്	300 മീ		
7	വെട്ടിക്കോട്- ക്ലാവോട്ട് കോളനി	1 കിമീ		75
	നെടിയറ ഹരിജൻ കോളനി	2 കിമീ		
	വെള്ളാരംകുന്ന്, കോളച്ചിറ	1 കിമീ		
	വെട്ടിക്കോട്ട് തുടങ്ങിയ പ്രദേശം			
8	പയ്യമ്പ്ര-ചീരവിള ഭാഗം	250 മീ		
	വെട്ടിക്കോട് ഭാഗം	200 മീ		
	കെ.വി ഹൗസ് ഇടവഴി	100 മീ		

പട്ടിക-2

വാർഡ്	പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കേണ്ടത് എണ്ണം	സ്ട്രീറ്റ് ലൈറ്റുക ളുടെഎണ്ണം
	ശ്രീകൃഷ്ണവലാസം ലൈബ്രറി-മുല്ലയ്ക്കൽഭാഗം	150 മീ		
	ന്യൂ എൽ പി എസ്-പുതുമംഗലം	75 മീ		
	ന്യൂ എൽ പി എസ്-കൊക്കോട് കോളനി	250 മീ		
	ചിറ്റൂർ കുഴുവിള പയ്യമ്പ്രഇടവഴികൾ	300 മീ	150	
	പനമൂട്ടിലൽ വാതുക്കൽ വരെ	150 മീ		
	വെട്ടിക്കോട്	200 മീ		
	ഇടയിലെവൈരവൻ ഭാഗം	250 മീ		
	ഏറനാട് ഏലാ	50 മീ		
	കൊല്ലന്റഴികം ചേരൂർവാതുക്കൽ	100 മീ		
	തുവര ഭാഗം	100 മീ		
	ശങ്കരത്തൽ-ലക്ഷംവീട്	300 മീ		
	കൈതാടി-ചിറ്റൂർ	120 മീ		
	പുലിയത്തു പടിഞ്ഞാരെറോഡ്	100 മീ		
	കെട്ടിടത്തിൽ ചെമ്പകശ്ശേരി	90 മീ		
	തൊണ്ടിയറ-കണിയാരം തോട്	300 മീ		
9	ചീപ്പുവയൽ-ശബരിഗിരി			
10	എൻ.എസ്.എസ് കരയോഗമന്ദിരം-കുട്ടൻകര-	800 മീ	കുട്ടൻകരയിൽ പുതിയ ട്രാൻസ്ഫോർമർ 160കി.വാ	50
	കരിമ്പിൻ ചാൽറോഡ്-വട്ടമൺഏലവരെ	400 മീ		
	സർവ്വീസ് സ്റ്റേഷൻ-വട്ടമൺഏല(ലിങ്ക്)	100 മീ		
11	ചൂരക്കുളം ഹരിജൻ-ഉദവാക്കോട്ട് വാതുക്കൽവരെ, ചൂരക്കുളം-ചൂരക്കുളംഏലവരെ, വടക്കേപ്പുര വാതുക്കൽ-ആയിരവല്ലിക്കോണംവരെ പോരുന്നൽക്കാവ്-പാലറഏലവരെ വട്ടമൺവാതുക്കൽ-ഊറ്റടിവാതുക്കൽ.			
12	മങ്ങാട്ടുപൊയ്ക മുതൽ കാട്ടുംപുറംവരെ	2കി.മീ.		
	കാലാന്തൂർമുതൽകാച്ചാണിവരെ	1.5കി.മീ.		
	കാച്ചാണിമുതൽ അരിയിക്കൽവരെ	1കി.മീ		
	കുരുവിക്കോണം-പൊന്നംകോട്	1.5കി.മീ.		200
	മാണിക്കംകുന്നിൽ-മഠത്തിൽ	1.5 കി.മീ.		
	കൊച്ചുകുകുരുവിക്കോണം-കലമാനൂർ	1കി.മീ		

ഗതാഗതം



അഞ്ചൽ പഞ്ചായത്തിന്റെ രൂപീകരണം 1953 -ൽ ആണെങ്കിലും നമ്മുടെ നാട്ടിലെ റോഡുകൾക്ക് രണ്ടാംലോകമഹായുദ്ധകാലത്തോളം പഴക്കമുണ്ട്.ശ്രീ. ചിത്തിരതിരുനാൾമാർത്താണ്ഡവർമ്മ തിരുവിതാംകൂർ വാണിരുന്നകാലം കൊല്ലത്തു നിന്നും കുളത്തൂപ്പുഴ തെന്മലവഴി അന്നത്തെ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ചെങ്കോട്ടയിലേക്കും മറ്റും സൈനികാവശ്യങ്ങൾക്കും വ്യവഹാരവാണിജ്യ ആവശ്യങ്ങൾക്കും പുണ്യക്ഷേത്രങ്ങളായ അച്ചൻകോവിൽ, ആര്യങ്കാവ് ക്ഷേത്രസന്ദർശനത്തിനുവേണ്ടിയും നിർമ്മിച്ച ഒരുകാട്ടുപാത മാത്രമായിരുന്നു അഞ്ചലിന്റെ ആദ്യകാല ഗതാഗതസൗകര്യം. എട്ടുപത്ത് അടിവീതിയിൽ ചെമ്മണ്ണുനിറഞ്ഞ ഈ പാതയുടെ ഇരുവശങ്ങളിലും തണൽവിരിച്ച് തലയെടുപ്പോടെ നിന്നിരുന്ന കപ്പുമാവുകളും മറ്റു വൃക്ഷങ്ങളും ഇന്നും നമുക്ക് കാണാൻ കഴിയും.

1940–45 കാലഘട്ടം വൻവൃക്ഷങ്ങളും കുറ്റിക്കാടുകളും കൊണ്ടുനിറഞ്ഞ ഒരു വനപ്രദേശമായിരുന്ന നമ്മുടെ പഞ്ചായത്തിന് ഇന്നുവന്നിരിക്കുന്ന മാറ്റം അവിശ്വസനീയമാണ്. കാളവണ്ടികളും, കുതിരവണ്ടികളും യാത്രക്കുവേണ്ടി ഉപയോഗിച്ചിരുന്ന നമ്മുടെ നാട്ടിൽ മാറ്റത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് 1945ൽ സദാനന്ദപുരം ആശ്രമാധിപതി മഹാപ്രസാദസ്വാമിയുടെ വകയായി .യശോദ, ഭാരതി എന്നീ രണ്ടുബസുകൾ കൊല്ലത്തുനിന്ന് അഞ്ചൽ വഴി കുളത്തൂപ്പുഴക്ക് ആദ്യമായി സർവ്വീസ് ആരംഭിച്ചു. ഡ്രൈവർ മാമ എന്ന അബൂബേക്കർ ഒരു ഫോർഡുകാർ 1950ൽ വാങ്ങിയതോടുകൂടി അദ്ദേഹം അഞ്ചലിലെ ആദ്യത്തെ മോട്ടോർമുതലാളിയാകുകയും ആദ്യമായി ഈ പ്രദേശത്ത് ടാക്സിസർവ്വീസ് ആരംഭിച്ച ആളുമായി.

1957ന് ശേഷമാണ് കാട്ടുപാതയായിക്കിടന്നിരുന്ന അഞ്ച ലിലെ പ്രധാനറോഡുകൾ ടാർ ചെയ്യപ്പെടുന്നത്. അഞ്ചലിലെ മറ്റുപ്രധാനറോഡുകളായ അഞ്ചൽ ചണ്ണപ്പേട്ടറോഡിന് 40വർഷത്തോളവും, അഞ്ചൽ തടിക്കാട് റോഡിന് 30 വർഷത്തോളവും പഴക്കമുണ്ട്. 1957ലാണ് അഞ്ചൽ പഞ്ചായത്തിലൂടെ ആദ്യമായി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നത്. തിരുവനന്തപുരത്തുനിന്നാരംഭിച്ച് പുനലൂരിൽ എത്തിച്ചേരുന്ന എക്സ്പ്രസ് ഒരുവർഷത്തോളം സർവ്വീസ് നടത്തിയിരുന്നു. പിന്നീട് സ്വകാര്യമേഖലയിൽ സി.കെ.എം. യൂണിയൻ എന്ന ബസ്സും ഓടിത്തുടങ്ങി. മോട്ടോർ വാഹനങ്ങളുടെ രംഗപ്രവേശം അഞ്ചലിലെ റോഡുകളുടെ പുരോഗതിയിലും ഗതാഗതസൗകര്യത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി.

അഞ്ചൽ പഞ്ചായത്തിന്റെ ഗതാഗതപ്രശ്നങ്ങളെപ്പറ്റിപഠിക്കുമ്പോൾ പഞ്ചായത്തിന്റെ വിവിധമേഖലകളിൽ ഉള്ള ഇന്നത്തെ വളർച്ചയും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പത്തനാപുരം താലൂക്കിൽ മാത്രമല്ല ദക്ഷിണകേരളത്തിൽത്തന്നെ അറിയപ്പെടുന്നതും, അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു പട്ടണമാണ് അഞ്ചൽ. മൂന്ന് കശുവണ്ടിഫാക്ടറികളും 70ഓളം സർക്കാർ ആഫീസുകളും 300ഓളം വ്യാപാരസ്ഥാപനങ്ങളും നിരവധി സ്വകാര്യമേഖലയിലെ ആഫീസുകളുമായി ബന്ധപ്പെട്ട് 4000ത്തോളം തൊഴിലാളികളും 3500 കോളേജ് വിദ്യാർത്ഥികളും, 5000ത്തിലേറെ പാരലൽ കോളേജ് വിദ്യാർത്ഥികളും സാങ്കേതിക പഠനത്തിനായി എത്തുന്ന 1500 വിദ്യാർത്ഥികളും

-7500സ്കൂൾകുട്ടികളും ഉൾപ്പെടെ 17000ത്തോളം വിദ്യാർത്ഥികൾ അഞ്ചലിൽ വന്നുപോകുന്നു. കൂടാതെ മദ്ധ്യ തിരുവിതാംകൂറിലെ പ്രസിദ്ധമായ മലഞ്ചരക്ക് വ്യാപാരകേന്ദ്രവും കായ്കറിച്ചന്തയും അഞ്ചലിലാണ് സ്ഥിതിചെയ്യുന്നത്. പണ്ടുമുതലേ പ്രസിദ്ധമായ കന്നുകാലിച്ചന്തയും ഇവിടെയുണ്ട്. ഇവയുമായെല്ലാം ബന്ധപ്പെട്ട് ജനസഞ്ചയത്തിന്റെ ആവശ്യാനുസരണം അഞ്ചലിൽ വന്നുചേരുന്ന വാഹനങ്ങളുടെ എണ്ണം 1500ആണ്. അഞ്ചൽ പട്ടണം കേന്ദ്രമാക്കി ഗതാഗതം നടത്തുന്നതിന് സ്റ്റാന്റ് പെർമിറ്റുള്ള 200 ആട്ടോറിക്ഷകളും 69 കാറുകളും 75 ജീപ്പുകളും 35 മിനി ലോറികളും 60 ലോറികളും സർവ്വീസ് നടത്തുന്നു. ഇവയ്ക്കുപുറമേ അഞ്ചൽ പട്ടണത്തിൽ സ്റ്റാന്റുപെർമിറ്റില്ലാത്ത അനവധി വാഹനങ്ങൾ അനധികൃതമായി സർവ്വീസ് നടത്തുന്നു. ഈ കണക്കുകൾ അഞ്ചൽ പട്ടണത്തിന്റെ പട്ടണവൽക്കരണത്തിന്റെ ആക്കം വെളിപ്പെടുത്തുന്നു. ഈ വാഹനപ്പെരുപ്പം സ്ഥലപരിമിതിയുള്ള ഈ ചെറുപട്ടണത്തിന് ഉൾക്കൊള്ളാവുന്നതിലും എത്രയോ വലുതാണെന്ന് മനസ്സിലാക്കാം. ഈ വാഹനങ്ങളുടെ അശാസ്ത്രീയമായ പാർക്കിംഗ് അഞ്ചൽ ടൗണിനെ ശ്വാസം മുട്ടിക്കുന്നു. കാൽനടയാത്രക്കാർക്കും ഇരുചക്രവാഹനങ്ങൾക്കും പേടിസ്വപ്നമാണ് അഞ്ചൽ. കൊല്ലം ജില്ലയിൽത്തന്നെ ഏറ്റവും കൂടുതൽ വാഹനാപകടങ്ങൾ ഉണ്ടാകുന്ന മേഖലയാണിവിടം.

അഞ്ചൽ പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗ്ഗം റോഡുകളാണ്. റെയിൽവേയുടെ ഗുണം ഇനിയും അഞ്ചലിൽ എത്തേണ്ടിയിരിക്കുന്നു. നിർദ്ദിഷ്ട തിരുവനന്തപുരം, കോട്ടയം ശബരി റെയിൽവേ അഞ്ചലിലൂടെ കടന്നുവരികയാണെങ്കിൽ അഞ്ചലിന് വ്യാവസായികപരമായും വാണിജ്യപരമായും വളരെയധികം മുൻപന്തിയിൽ എത്തുവാൻ സാധിക്കും. കൊല്ലത്തുനിന്നും കൊട്ടിയം-കണ്ണനല്ലൂർ, ഓയൂർ, അമ്പലംകുന്ന്, ചടയമംഗലം-കടയ്ക്കൽ-അഞ്ചൽ കുളത്തൂപ്പുഴ-തെന്മലവഴി ചെങ്കോട്ടക്ക് ഒരു പുതിയ റെയിൽവേ ലൈൻ വന്നാൽ അത് അഞ്ചലിനെ വ്യാവസായിക വാണിജ്യപരമായ ഒരു മുതൽക്കൂട്ടായിരിക്കും.

ജില്ലാറോഡുകളായകൊല്ലം-കുളത്തൂപ്പുഴ റോഡും, അഞ്ചൽ-പുനലൂർ റോഡും, ചെങ്ങമനാട്-കടയ്ക്കൽ റോഡുമാണ് അഞ്ചൽ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡുകൾ. അഞ്ചലിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിലേക്കായി മേൽപ്പറഞ്ഞ കൊല്ലം-കുളത്തൂപ്പുഴ റോഡിനും അഞ്ചൽ-പുലനലൂർ റോഡിനും സമാന്തരറോഡുകൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. വട്ടമൺ പാലത്തിന് സമീപത്തുനിന്നും ആരംഭിച്ച് വെസ്റ്റ്ഹൈസ്കൂൾ,മാർക്കറ്റ്, കോളറപ്പാലം വഴി, ചീപ്പുവയൽവഴി മുസ്ലീം പള്ളിവഴി പെട്രോൾ പമ്പിന് സമീപം എത്തത്തക്കവിധത്തിൽ പഞ്ചായത്ത് റോഡുകൾ വിപുലീകരിച്ച് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും അതോടൊപ്പം ടാക്സി, ജീപ്പ് തുടങ്ങിയ എല്ലാത്തരം വാഹനങ്ങൾക്കും പ്രത്യേക സ്റ്റാന്റുണ്ടാവുകയും, കാൽനടയാത്രക്കാർക്ക് ഫുട്പാത്തുകൾ നിർമ്മിക്കുന്നതും അത്യാവശ്യമാണ്. ടെലഫോണുകൾ നിക്ഷേപിക്കുന്നതിനുവേണ്ടി നിരന്തരം ജംഗ്ഷനിലെ റോഡുകൾ കുഴിക്കുന്നതിനുപകരം ഓടകൾക്കു സമീപത്തുകൂടി കോൺക്രീറ്റ് ട്രഞ്ചുകൾ ഉണ്ടാക്കി സ്ലാബുകൾ ഇട്ടാൽ ആരംഭ ചിലവുകൾ കൂടുമെങ്കിലും മെയിന്റനൻസിനും റോഡുകളുടെ നിരന്തരമായ വെട്ടിമുറിക്കലും ഒഴിവാക്കാൻ സാധിക്കും.

അഞ്ചലിൽ നിന്ന് നേരിട്ട് തീർത്ഥാടനകേന്ദ്രങ്ങളും, ടൂറിസ്റ്റ് കേന്ദ്രങ്ങളുമായ ശബരിമല, കൊട്ടാരക്കര, കുളത്തൂപ്പുഴ, തെന്മല, കടയ്ക്കൽ, വർക്കല, ചിറയൻകീഴ്, തെങ്കാശി തുടങ്ങിയ കേന്ദ്രങ്ങളിലേക്കും സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തേക്കും ജില്ല ആസ്ഥാനമായ കൊല്ലത്തേക്കും, വ്യവസായിക കേന്ദ്രമായ എറണാകുളത്തേക്കും, മറ്റു പ്രധാന പട്ടണങ്ങളായ പാലാ, മൂഴിയാർ, നെടുങ്കണ്ടം, എരുമേലി, ചെങ്ങന്നൂർ, കായംകുളം, ആറ്റിങ്ങൽ, ആലപ്പുഴ തുടങ്ങിയ ഒട്ടുമിക്ക പ്രദേശങ്ങളിലേക്കും യഥേഷ്ടം വാഹനസൗകര്യങ്ങളുണ്ട്. എന്നാൽ ഈ വാഹനങ്ങൾ പഞ്ചായത്ത് പണിതുനൽകിയിരിക്കുന്ന പഞ്ചായത്ത് ബസ് സ്റ്റാന്റിൽ കയറുവാനോ, പാർക്കുചെയ്യുന്നതിനോ വിമുഖത കാണിക്കുന്നു. ഇവിടെനിന്ന് ഉത്തരകേരളത്തിലേക്കും, കിഴക്കൻ മലയോരപ്രദേശങ്ങളിലും സർക്കാർ ജോലിക്കും, തോട്ടം തൊഴിലിനും, മറ്റും പോകുന്ന നിരവധിപേർക്ക് വളരെയധികം യാത്രാക്ലേശം അനുഭവപ്പെടുന്നു. ആയതിനാൽ അഞ്ചലിൽ ഒരു കെ.എസ്. ആർ.

ടി.സി. ബസ് സ്റ്റാന്റ് തുറന്ന് പ്രവർത്തിക്കുകയും അവിടെനിന്ന് കോട്ടയം, തിരുവല്ല, അങ്കമാലി, തൃശൂർ, ഗുരുവായൂർ, പാലക്കാട്, ചെങ്കോട്ട, മധുര, തിരുനെൽവേലി തുടങ്ങിയ പ്രധാന പട്ടണങ്ങളിലേക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുകയും വേണം.

അഞ്ചൽ പഞ്ചായത്തിലെ ഗ്രാമീണറോഡുകുടെ സ്ഥിതി ശോചനീയമാണ്. 90 ശതമാനം റോഡുകളും മണ്ണുറോഡുകളാണ്. ചുരുക്കം ചില റോഡുകൾ മാത്രമാണ് ടാറിംഗ് നടത്തിയിട്ടുള്ളത്. റോഡുകളുടെ വികസനത്തിനായി പഞ്ചായത്തിൽനിന്നും, ബ്ലോക്കിൽനിന്നുമുള്ള ധനസഹായത്തോടുകൂടി പൊതുജനങ്ങളുടെ വസ്തു എടുത്ത് എട്ടുമീറ്റർ വീതിയിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം മെയിന്റനൻസുപോലും ചെയ്യാൻകഴിയാത്ത അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പല റോഡുകളും ഇടുങ്ങിയതും, കുത്തനെയുള്ള കയറ്റിറക്കങ്ങൾ കൊണ്ട് സഞ്ചാരയോഗ്യമല്ലാത്തതുമാണ്. ഇത്തരം കയറ്റിറക്കങ്ങൾ വർഷകാലത്ത് തെറ്റൽ അനുഭവപ്പെടുന്നതുമൂലം വാഹനഗതാഗതം ആസാദ്ധ്യമായിത്തീരുന്നു. പല റോഡുകളുടേയും നടുവിലൂടെ കൈത്തോടുകളും, നീർച്ചാലുകളും ഒഴുകുന്നതിനാൽ അവിടങ്ങളിൽ പാലങ്ങളോ കലുങ്കുകളോ ഇല്ലാത്തതുകൊണ്ട് യാത്ര ബുദ്ധിമുട്ടുള്ളതാകുന്നു.

പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ ചാർട്ട് 1 ലും പഞ്ചായത്തിലെ റോഡുകളിൽ ചെയ്യേണ്ടുന്ന വികസന പ്രവർത്തനങ്ങളെപ്പറ്റി ചാർട്ട് രണ്ടിലുംആവശ്യമുള്ള പാലങ്ങളുടെയും കലങ്കുകളുടേയും, സംരക്ഷണഭിത്തികളുടെ കണക്കുകൾ ചാർട്ട് 3ലും രേഖപ്പെടുത്തിയിരിക്കുന്നു.

നിലവിലുള്ള പ്രശ്നങ്ങൾ


1. ഗ്രാമീണറോഡിലെ ഗതാഗതം സുഗമമല്ല.
2. പലറോഡുകൾക്കും ഓടകളും കൺവർട്ടറുകളുമില്ലാത്തതിനാൽ നാശോന്മുഖമാണ്.
3. പട്ടണപ്രദേശത്ത് പല റോഡുകൾക്കും വാഹനഗതാഗതത്തിന് ആവശ്യമായ വീതിയില്ല.
4. പട്ടണത്തിലെ ഗതാഗതക്കുരുക്ക് അപകടങ്ങളുടെ പരമ്പരകൾതന്നെ സൃഷ്ടിക്കുന്നു.
5. അത്യാവശ്യമുള്ള പലസ്ഥലങ്ങളിലും പാലങ്ങളും കലുങ്കുകളും ഇല്ല.
6. ചിലപ്രദേശങ്ങളിലെ റോഡുകളിൽ മഴക്കാലത്ത് വഴുക്കൽ അനുഭവപ്പെടുന്നു.
7. വ്യാപാരസ്ഥാപനങ്ങൾ റോഡിലേക്ക് ഇറക്കി പ്രവർത്തിപ്പിക്കുന്നത് കാൽനടയാത്രക്കും വാഹനഗതാഗതത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നു.
8. റോഡുകളിൽ കൃത്യമായി അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.
9. അഞ്ചൽ പട്ടണത്തിലെ റോഡുകളുടെ ഇരുവശങ്ങളിലുമുള്ള ഓടകൾ മണ്ണും ചപ്പുചവറുകളുംകൊണ്ടുനിറഞ്ഞ് മഴക്കാലത്ത് മലിനജലം റോഡിലൂടെ ഒഴുകുന്നു.
10. ടെലിഫോൺ കേബിൾ സ്ഥാപിക്കുന്നതിനു വേണ്ടി ഇടവിട്ടിടവിട്ടുള്ള റോഡിന്റെ വശങ്ങൾ കുഴിക്കുന്നതും അതിനുശേഷം അത് വേണ്ടവണ്ണം മണ്ണിട്ട് നികത്താത്തതും അപകടം ഉണ്ടാക്കുന്നു.
11. കെട്ടിടനിർമ്മാണത്തിന്റെ സാധനസാമഗ്രികൾ റോഡിൽ ഇറക്കിയിടുന്നത് ഗതാഗതം തടസ്സപ്പെടുത്തുന്നു.
12. വാഹനങ്ങളുടെ അശാസ്ത്രീയമായ പാർക്കിംഗ് വാഹനഗതാഗതത്തേയും കാൽനടയാത്രയേയും ദുഷ്കരമാക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. റോഡുകളുടെ സംരക്ഷണത്തിന് പ്രാദേശികമായി ജനസമിതികൾ ഉണ്ടാക്കുകയും ഈ സമിതികളുടെ സേവനംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
2. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക.
3. ആവശ്യമുള്ള സ്ഥലങ്ങളിൽകലുങ്ക്, പാലം, നടപ്പാലം, സംരക്ഷണഭിത്തി എന്നിവ നിർമ്മിക്കുക.
4. പ്രധാനറോഡ് ടാർ ചെയ്യുക.
5. സ്ലിപ്പിംഗ് ഉള്ള സ്ഥലങ്ങളിൽ റോഡ് കോൺക്രീറ്റ് ചെയ്യുക.
6. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയറോഡുകളും സ്റ്റെപ്പുകളും സ്ലാബുകളും നിർമ്മിക്കുക.
7. പട്ടണത്തിൽ ഉടനീളം ഫുട്പാത്ത് നിർമ്മിക്കുക.
8. ഓടകൾക്ക് മുകളിലൂടെ സ്ഥിരമായ കോൺക്രീറ്റ് മൂടികൾ നിർമ്മിക്കുകയും ചപ്പുചവറു

കൾ ഇട്ട് ഓടയിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നതിനെതിരെ നിയമനടപടികൾ എടുക്കാൻ പഞ്ചായത്തിന് അധികാരം നൽകുക.

9. എല്ലാത്തരം വാഹനങ്ങളും വെവ്വേറെ പാർക്കു ചെയ്യാൻ സ്ഥലമെടുത്ത് സൗകര്യം ചെയ്യുന്നതിന് പഞ്ചായത്തിനെ സർക്കാർ അടിയന്തിരമായി സഹായിക്കുക.
10. ടാർ റോഡുകളുടെ പാച്ച് വർക്ക് പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് റോഡുകളുടെ സംരക്ഷണത്തിന് ഗുണകരമായിരിക്കും.
11. റോഡിലിരിക്കുന്ന ബങ്കുകളും കടകളുടെ ചരിപ്പുകളും വിട്ടുവീഴ്ചയില്ലാതെ നീക്കംചെയ്യാൻ സർക്കാർ നിയമം കർക്കശമാക്കണം.
12. റോഡിൽ ഇറക്കി കെട്ടിയിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ P.W.D.യും സർക്കാരും അയവില്ലാത്ത നിയമം കൊണ്ടുവരണം. ഗതകാല ഗ്രാമീണചാരുതയ്ക്കും സൗഭാഗ്യങ്ങൾക്കും പുനർജന്മം നൽകാൻ ഒരു ഹരിത വിപ്ലവം പഞ്ചായത്തിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയും. അഞ്ചൽ പട്ടണത്തിലും ഇതരഭാഗങ്ങളിലും ഉള്ള റോഡുകളുടെ പരമാവധി വീതി ഉപയോഗപ്പെടുത്തി പാതയോരങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പഞ്ചായത്തിലെ ഹരിതസമൃദ്ധവും 'ഫല'സമ്പുഷ്ടവും ആക്കുവാൻ കഴിയും. സ്കൂളുകളുടേയും മറ്റു സർക്കാർ സ്ഥാപനങ്ങുടേയും കോമ്പൗണ്ടുകളിലും ശാസ്ത്രീയമായി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് തണലും ശുദ്ധവായുവും ഫലസമൃദ്ധിയും സുസാദ്ധ്യമാക്കുവാൻ കഴിയും. ഈ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നത് ഒരു സമയബന്ധിത തീവ്രയത്നപരിപാടിയായി കൃഷി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും സന്നദ്ധ സംഘടനകളുടേയും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും കൂട്ടായ്മയിലുള്ള പ്രാവർത്തികമാക്കാവുന്നതാണ്.



ചാർട്ട് – 1

അഞ്ചൽ പഞ്ചായത്തിലെ P.W.D. റോഡുകൾ

നമ്പർ	പേര്	നീളം കി.മീ.	റിമാർക്സ്
1	അഞ്ചൽ–പുനലൂർ റോഡ്	5	ബസ്സർവീസ് ഉണ്ട്
2	ആയൂർ–കുളത്തൂപ്പുഴ റോഡ്	3	" "
3	വിളക്കുപാറ–തടിക്കാട് റോഡ്	9.245	" "
4	അഗസ്ത്യക്കോട്–ആലഞ്ചേരി റോഡ്	2.5	" "
5	വടൺ കോമളം–അഗസ്ത്യക്കോട് റോഡ്	2.666	സർവ്വീസ് ഇല്ല
6	ചെങ്ങമനാട്–കടയ്ക്കൽ റോഡ്	4.773	ബസ്സർവ്വീസ് ഉണ്ട്
7	കുരുവിക്കോണം–ഭാരതീപുരം റോഡ്	4	" "
	ആകെ	30.734	

ചാർട്ട് – 2

അഞ്ചൽ പഞ്ചായത്തിലെ V.T.C. റോഡുകൾ

നമ്പർ	റോഡിന്റെ സ്വഭാവം	എണ്ണം	നീളം കി.മീ.
1	ടാർ റോഡ്	4	7.6
2	കോൺക്രീറ്റ് റോഡ്	5	265
3	മെറ്റൽഡ് റോഡ്	3	2900
4	5 മീറ്റർ കൂടുതൽ വീതിയുള്ള മൺപാതകൾ	137	48.200
	ആകെ	149	58.425

ചാർട്ട് – 3

അഞ്ചൽ പഞ്ചായത്തിലെ V.R.M. റോഡുകൾ

നമ്പർ	ഏതുതരം വികസനപ്രവർത്തനം	നീളം കി.മീ.
1	ടാർ ചെയ്യേണ്ടവ	31.85
2	കോൺക്രീറ്റ് ചെയ്യേണ്ടവ	2
3	ഫോം വർക്ക്	10
4	വീതി കൂട്ടേണ്ട വഴികൾ	50
5	പഞ്ചായത്തിൽ നിർമ്മിക്കേണ്ട റോഡുകളുടെ ആകെ നീളം	25
6	വാർഷിക മെയിൻന്റൻസ്	

ചാർട്ട് – 4

വികസനപ്രവർത്തനങ്ങളുടെ സ്വഭാവം

നമ്പർ	വികസനപ്രവർത്തനങ്ങളിലൂടെ	എണ്ണം	നീളം
1	പാലം	6	
2	നടപ്പാലം	96	
3	കലങ്കുകൾ	47	10000
4	സംരക്ഷണഭിത്തി	76	

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

അഞ്ചൽ പഞ്ചായത്തിൽ 9969 പാർപ്പിടങ്ങളാണുള്ളത്. ഇതിൽ 29 ശതമാനവും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ആധുനിക സൗകര്യങ്ങൾ ഉള്ളവ 18 ശതമാനം മാത്രമേയുള്ളു. ഓടുമേഞ്ഞവ 61 ശതമാനമാണ്. ഇഷ്ടിക, വെട്ടുകല്ല്, നാടൻ മൺകട്ട എന്നിവകൊണ്ടാണ് ഇവയുടെ ചുമരുകൾ. ഇതിൽതന്നെ പകുതിയോളം പണിപൂർത്തീകരിക്കപ്പെടാത്തവയാണ്. ഓല മേഞ്ഞ വീടുകളുടെ ചുമരുകൾ മിക്കവയും പച്ച ക്കട്ട കൊണ്ടുള്ളവയാണ്. മിക്കവയുടേയും തറ ചാണകം മെഴുകിയതുമാണ്. 50 ശതമാനം വീടുകളും അടിയന്തിരമായും മെച്ചപ്പെടുത്തേണ്ടവയാണെന്ന് പഠനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ 172 മാത്രമാണ്. നിലവിലുള്ള വീടുകളുടെ പട്ടിക ചേർത്തിട്ടുണ്ട്. സ്വന്തമായി വീടു നിർമ്മിക്കുവാൻ കഴിവില്ലാത്ത 2039 കുടുംബങ്ങളിൽ 250ഓളം പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരാണ്. ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് അഞ്ചൽബ്ലോക്ക് ഹൗസിംഗ് സൊസൈറ്റി. ഈ സ്ഥാപനത്തിൽ നിന്നും 45 വീടുകൾ നിർമ്മിക്കുവാൻ വേണ്ടി മാത്രമേ അഞ്ചൽ പഞ്ചായത്ത് പരിധിയിൽ വായ്പ നൽകിയിട്ടുള്ളു. പത്താനാപുരം കാർഷികവികസനബാങ്കാണ് ഭവനനിർമ്മാണ വായ്പ നൽകുന്ന മറ്റൊരു സ്ഥാപനം. സ്ഥിര വരുമാനമുള്ളവരോ, ഭൂവുടമകളായ ഇടത്തരക്കാരോ ആണ് ഇവിടെനിന്നും വായ്പ എടുത്തിട്ടുള്ളവർ. സർക്കാർ ഉദ്യോഗസ്ഥർ ഡിപ്പാർട്ടുമെന്റ് മുഖേനയുള്ള വായ്പാ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കായി ഏർപ്പെടുത്തിയിട്ടുള്ള JRY, United Fund, രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി, ഹൗസിംഗ്ബോർഡിന്റെ മൈത്രീ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയെ ആശ്രയിക്കുകയേ ഈ വിഭാഗത്തിലുള്ളവർക്ക് കഴിയൂ. അഞ്ചൽ പഞ്ചായത്തിൽ 1,2 ,8,11 വാർഡുകളിലായി നൂറു "ലക്ഷംവീടു"കളുണ്ട്. കാലപ്പഴക്കംകൊണ്ടും കെടുകാര്യസ്ഥകകൊണ്ടും ഇവയെല്ലാം ഏതുസമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 17 കുടുംബങ്ങളുണ്ട്. അവർക്ക് സ്വന്തം സ്ഥലവും വീടും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ രംഗത്തെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗികസംവിധാനങ്ങൾ കൊണ്ടുമാത്രം കഴിയില്ല. ഫലപ്രദമായ ജനകീയ സംവിധാനങ്ങൾ രൂപപ്പെടേണ്ടതുണ്ട്. ഉപയോഗരഹിതമായി നമുക്കുള്ള അദ്ധ്വാനശേഷി ദുർബ്ബലവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് സഹായകരമാകും വിധത്തിൽ ഇതിനായി സന്നദ്ധ സംഘടന രൂപീകരിക്കുകയും, ചിലവുകുറഞ്ഞ നിർമ്മാണ രീതികൾ അവലംബിക്കേണ്ടതുമാണ്. വികസിച്ചുവരുന്ന ഒരു പട്ടണമെന്നനിലയിൽ വീർപ്പുമുട്ടുന്ന ഈ പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതും ആവശ്യമാണ്.

പട്ടിക–1

അഞ്ചൽ ഗ്രാമപഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരം

ആകെ വീടുകൾ	ഒന്നിലധികം നിലകളുള്ളവ	മേൽക്കൂരയുടെ സ്വഭാവം		
		കോൺക്രീറ്റ്	ഓട്	ഓല
9969	77	1763	6089	2039

നിലവിലുള്ള പ്രശ്നങ്ങൾ

1. 138 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല.
2. ഭവന നിർമ്മാണസാമഗ്രികളുടെ അമിതമായ വിലവർദ്ധനയും, വേതനവർദ്ധനവും, ഈ രംഗത്തെ വ്യാപാര-വ്യവസായികളുടെ ചൂഷണവും.
3. വൈദഗ്ധ്യമുള്ള നിർമ്മാണതൊഴിലാളികളുടെ കുറവും ഏകീകൃതമല്ലാത്ത കൂലിനിരക്കും.
4. വായ്പകളും ധനസഹായങ്ങളും ലഭിക്കുന്നതിനുള്ള നിയമക്കുരുക്കും, കാലതാമസവും.
5. ചുരുങ്ങിയ വിസ്തീർണ്ണത്തിൽ പരമാവധി പ്രയോജനകരമാക്കാവുന്ന സാങ്കേതികവിദ്യയുടെ അഭാവം.
6. പരിസ്ഥിതിപ്രശ്നങ്ങൾ ഉയർത്തുന്നതും, ഗതാഗത വികസനത്തിന് തടസ്സം വരുത്തുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ.
7. സന്നദ്ധസേവന അഭാവം
8. ഭൂരഹിതർക്ക് സൗജന്യമായി സ്ഥലം ലഭിക്കുന്നതിനുള്ള പ്രശ്നം.
9. പദ്ധതികളുടെ അപര്യാപ്തത.
10. സാമ്പത്തിക ബുദ്ധിമുട്ടുകൾ.
11. ഭവനനിർമ്മാണത്തിന് കൊടുക്കുന്ന സഹായധനവായ്പ ഉപയോഗിച്ച് 'പ്ലാൻ' അനുസരിച്ച് വീടു നിർമ്മിക്കുന്നതിന് കഴിയാതിരിക്കുക.12. അഞ്ചൽപഞ്ചായത്തിലെ ഭവനനിർമ്മാണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള ഹൗസിംഗ് സൊസൈറ്റിക്ക് കഴിയുന്നില്ല.
13. ന്യായവിലക്ക് കെട്ടിടനിർമ്മാണസാമഗ്രികൾ ലഭിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പുറമ്പോക്കുഭൂമികളും മിച്ചഭൂമികളും ഏറ്റെടുത്ത് ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനായി നൽകുക.
2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിപണനം സഹകരണ സ്ഥാപനങ്ങളിലൂടെ നടത്തുക.
3. റബ്ബർതടി സംസ്ക്കരിച്ച് കെട്ടിട നിർമ്മാണത്തിന് പരമാവധി ഉപയോഗിച്ചുകൊണ്ട് തടിയുടെ ദൗർലഭ്യവും അധിക വിലയും അതിജീവിക്കുക.
4. കോൺക്രീറ്റ് ജനൽ, കട്ടിള, ഗ്രില്ലുകൾ എന്നിവ വ്യാപകമായി ഉപയോഗിക്കുക.
5. നിർമ്മാണതൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുകയും ഏകീകൃതകൂലിനിരക്കുകൾ നടപ്പിലാക്കുകയും ചെയ്യുക.
6. വായ്പകളും സഹായങ്ങളും ലഭിക്കാൻ നിയമങ്ങൾ ലഘൂകരിക്കുക.
7. നിർമ്മിതി, ലാറീബേക്കർ തുടങ്ങിയ നവീനവും ചിലവുകുറഞ്ഞതുമായ മോഡലുകളുടെ സാങ്കേതിക വിദ്യ വ്യാപിപ്പിക്കുക.
8. വൻ സൗധങ്ങളുടെ നിർമ്മാണവും, നിർമ്മാണത്തിന് വൻതുകകളുടെ നിക്ഷേപവും നിരുൽസാഹപ്പെടുത്താൻ ഒരു കുടുംബത്തിന് ആവശ്യമായ പാർപ്പിടത്തിന്റെ പരമാവധി വിസ്തീർണ്ണം നിർണ്ണയിച്ച് നിയമം ഉണ്ടാക്കുക.
9. സന്നദ്ധ സംഘടനകൾ ഉണ്ടാക്കുവാനും പ്രവർത്തിക്കാനും വേണ്ട ബോധവൽക്കരണം സംഘടിപ്പിക്കുക.
10. കേരളത്തിന്റെ കാലാവസ്ഥക്കും, മണ്ണിന്റെ ഘടനക്കും അനുസരണമായ തരത്തിൽ കെട്ടിട നിർമ്മാണ ശൈലി നടപ്പിലാക്കുക.
11. ലക്ഷം വീട് കോളനികൾ അടിയന്തിരമായി പുനഃരുദ്ധരിക്കുക.
12. 50000 രൂപ വരെ ചിലവുവരുന്ന വീടുകളെ നികുതിയിൽനിന്ന് ഒഴിവാക്കുകയും അനാവശ്യമായ ആഡംബരങ്ങൾക്ക് വൻതുക ചിലവിടുന്ന വീടുടമസ്ഥരിൽനിന്ന് പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്ത് ഒരു നിശ്ചിതതുക ഭവനരഹിതർക്ക് വീടു നിർമ്മിക്കുന്നതിനായി ഈടാക്കുക.
13. വീടു വയ്ക്കാനുള്ള വായ്പാതുകയും സഹായധനവും കുറഞ്ഞത് രണ്ടു കൊല്ലത്തിലൊരിക്കൽ കാലാനുസൃതം പുതുക്കി നിശ്ചയിക്കുക.
14. ഹൗസിംഗ് സൊസൈറ്റിയുടെ വായ്പാ വിതരണം ത്വരിതപ്പെടുത്താനും പലിശനിരക്ക് കുറയ്ക്കാനും സർക്കാർ ഇടപെടണം.
15. പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ ഉല്പാദനയൂണിറ്റുകൾ ആരംഭിക്കുകയും, അവിടുത്തെ ഉല്പന്നങ്ങൾ സർക്കാർ ധനസഹായത്തിലും വായ്പയിലും കെട്ടിടം നിർമ്മിക്കുന്നവർക്ക് ന്യായവിലക്ക് നൽകാനും സംവിധാനം ഉണ്ടാക്കുക.

പട്ടിക – 2

അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സൊസൈറ്റി മുഖേന അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത വായ്പകളുടെ വിവരം

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം	അനുവദിച്ച തുക
1991-92	11	379000
1992-93	7	264000
1993-94	10	368000
1994-95	7	265000
1995-96	10	363500
ആകെ	45	1639500

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും-തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നതുമായി ഇതിനെ രണ്ടായിതരം തിരിക്കാം. രണ്ടു വിധത്തിലുള്ള സമൂഹ്യ ക്ഷേമപദ്ധതികളാണ് ഇപ്പോൾ പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും (I.R.D.P, Trisem,D.W.C.R.A) വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ സഹായ പദ്ധതികലും ഐ.ആർ.ഡി.പി സർവ്വേ അനുസരിച്ചും അഞ്ചൽ പഞ്ചായത്തിൽ ദാരിദ്ര്യ ദാരിദ്ര്യ രേഖക്ക് താഴെയുള്ളു. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 82670 ആണ്. ഇതിൽ പട്ടികജാതി-വർഗ്ഗ കുടുംബാംഗങ്ങൾ (പട്ടിക -1)

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ I.R.D.P. സഹായം ലഭിച്ചത് 264 കുടുംബാംഗങ്ങൾക്കാണ്. ഇതിൽ 123 കുടുംബങ്ങൾ പട്ടികജാതിക്കാരാണ് I.R.D.P. പദ്ധതിയുടെ ഉപഭാഗമായി തൊഴിൽപരീശീലന പരിപാടി (ട്രൈസം), ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി, D.W.C.R.A എന്നിവയും സാമൂഹ്യക്ഷേമവകുപ്പുവഴി നടപ്പാക്കുന്നു. 1991 -92 മുതൽ 1995 വരെയുള്ള കാലയളവിൽ ട്രൈസം പദ്ധതിയുടെ തൊഴിൽ പരിശീലനം നടത്തിയവർ 31 ഉം തൊഴിൽ ലഭിച്ചവർ 26 ഉം ആണ്. D.W.C.R.A. പദ്ധതിപ്രകാരം (പട്ടിക -2) ഈ കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് 3 യൂണിറ്റുകളാണ് ആരംഭിക്കുവാൻ സാധിച്ചത്. സ്ത്രീകൾക്ക് ഇതിലൂടെ ഗുണം ലഭിക്കുന്നു.

പട്ടിക - 1

I.R.D.P. സഹായം ലഭിച്ചവരുടെ വിവരം

വർഷം	ആകെ	പട്ടികജാതിക്കാർ
1991-92	70	39
1992-93	46	26
1993-94	45	26
1994-95	53	11
1995-96	50	21
ആകെ	264	126

പട്ടിക - 2

ട്രൈസം പദ്ധതിക്ക് പരിശീലനം നേടിയിവരുടെ വിവരം

വർഷം	പരിശീലനം നേടിയവർ	5 വർഷത്തിനുള്ളിൽ കൊഴിൽ ലഭിച്ചവർ (ആകെ)
1991-92	12	
1992-93	2	
1993-94	3	
1994-95	11	
1995-96	3	
ആകെ	31	26

പട്ടിക - 3

DWCR പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങൾ

തൊഴിൽ സംരംഭം	പ്രവർത്തിച്ചിരുന്ന അംഗങ്ങളുടെ എണ്ണം.	വാർഡ് നമ്പർ
മിൽക്ക് യൂണിറ്റ്	4	VII
ബുക്ക്ബയന്റിംഗ് യൂണിറ്റ്	7	XI
ഡയറി യൂണിറ്റ്	9	VIII
ആകെ	20	

ധനസഹായം ലഭിക്കുന്നവരെല്ലാം അതിനർഹരാണ്. എന്നാൽ അർഹതയുള്ള നല്ലൊരുഭാഗം ആളുകൾക്ക് ധനസഹായം ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. അതുപോലെ അപേക്ഷ നൽകാതിരിക്കുന്ന നിരവധി ജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിലുള്ള എല്ലാ 7ോമപദ്ധതികളുടെയും വ്യാപ്തി ഏറെ വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കേണ്ടിയുമിരിക്കുന്നു.

വികലാംഗർക്കുള്ള നിരവധി ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നില്ല. വളരെചുരുക്കം ആളുകൾക്ക് മാത്രമേ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകകുന്നുള്ളു. ഇവ പരിഹരിക്കുകയും വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ട കർമ്മപരിപാടി ആവിഷ്ക്കരിക്കുയും വേണം.

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യക്ഷേമവ

കുപ്പിന്റെ കീഴിൽ ഏറം, തഴമേൽ ല എന്നിവിടങ്ങളിൽ രണ്ട് അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ ലഭിക്കുന്നില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. അംഗൻവാടികളുടെ കുറവ്, ആരോഗ്യപോക്ഷണരംഗത്ത് പിന്നോക്കം പോകുന്നതിന് കാരണമായിട്ടുണ്ട്.

നിലവിലുള്ള പ്രശ്നങ്ങൾ :

* ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമമേ പ്രയോജനപ്പെടുന്നുള്ളു.
* പദ്ധതി വിവരങ്ങളെക്കുറിച്ചുള്ള അജ്ഞത.
* ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം.
* പദ്ധതിപ്രകാരം ലഭ്യമാക്കുന്ന സാധനസാമഗ്രികൾ വ്യവസ്ഥകൾക്കുവിപരീതമായി കൈമാറ്റം ചെയ്യപ്പെടുന്നു.
* ധനകാര്യസ്ഥാപനങ്ങളിലൂടെ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.
* സാങ്കേതിക പരിശീനലകേന്ദ്രങ്ങളുടെ അഭാവം
* ട്രൈസം പദ്ധതിപ്രകാരം പരിശീനലം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട സ്കീമുകളുടെ അഭാവം.
* അവശവിഭാഗങ്ങളിൽ അർഹതയുള്ളവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.
* ക്ഷേമപ്രവർത്തനങ്ങളുടെ കാര്യക്ഷമതയില്ലായ്മ.
* വൃദ്ധമന്ദിരങ്ങളുടെ അഭാവം.
* ബോധവൽക്കരണത്തിന്റെ അഭാവം.

പരിഹാരനിർദ്ദശങ്ങൾ

* ഐ.ആർ.ഡി.പി. ആനുകൂല്യം ലഭിക്കാത്തവർഡക്ക് ലഭ്യമാക്കാനുള്ള പരിപാടി.
* വനിതകൾക്കായി 20-25 പുതിയ D.W.C.R.A. യൂണികൾ രൂപീകരിക്കൽ.
* ട്രൈസം പരിശീലനം പദ്ധതിയിൽ തൊഴിൽ സാദ്ധ്യതകൾക്കനുസരിച്ചുള്ള പരിശീലനപരിപാടി ആവിഷ്ക്കരിക്കുക.
* ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ലഭ്യമാക്കുന്നതിനും പഞ്ചായത്തുതലത്തിൽ ജനകീയസംവിധാനം.
* ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഗ്രാമസഭകളെ ഉപയോഗിക്കുക.
* ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
* മഹിളാസമാജങ്ങൾ, അംഗൻവാടികൾ, കോളനികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര വിതരണം പ്രതിരോധ ചികിത്സാസംവിധാനം എന്നിവ നടപ്പാക്കുക.
* അംഗവൈകല്യം സംഭവിച്ചവർക്കുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുക.
* വൃദ്ധമന്ദിരം, അഗതിമന്ദിരം, സീസൺ ഡേകെയർ സെന്റർ എന്നിവ സ്ഥാപിക്കുക.
* ബോധവൽക്കരണം സംഘടിപ്പിക്കുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

കുടിവെള്ളത്തിന്റെ കാര്യത്തിൽ അഞ്ചൽ പഞ്ചായത്ത് ഇന്നോളം കിണറുകളേയും കുളങ്ങളേയും മാത്രമാണ് ആശ്രയിക്കുന്നത്. ഒരു മഹാനഗരത്തോട് കിടനിൽക്കുന്ന അഞ്ചൽ പട്ടണത്തിൽ ആധുനിക രീതിയിലുള്ള ശുദ്ധജല സംഭരണ വിതരണ സംവിധാനങ്ങളൊന്നും തന്നെയില്ല. സ്വകാര്യ ആശുപത്രികളുടേയും പാരലൽ കോളജുകളുടേയും പറുദീസ എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഈ ചെറിയ ' വലിയപട്ടണ' ത്തിൽ സർക്കാർ ആശുപത്രിയും സർക്കാർ പള്ളിക്കൂടങ്ങളും അനവധി അൺ-എയ്ഡഡ് സ്കൂളുകളും നിരവധി സർക്കാർആഫീസുകളും പ്രവർത്തിച്ചുപോരുന്നുണ്ട്. ഒരു മഹാജന സഞ്ചയം ദിനംപ്രതി വന്നുപോകുന്നു. ഈ പട്ടണത്തിൽ മെച്ചപ്പെട്ട ഒരു ശുദ്ധജല വിതരണ സംവിധാനം അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ അഞ്ചൽ ഗ്രാമം കൂടുതലും കുന്നുകളും മലകളും നിറഞ്ഞതാണ്. വേനൽക്കാലത്തിന്റെ ആഗമനത്തോടെ ജലക്ഷാമം പഞ്ചായത്തിൽ ഉടനീളം അനുഭവപ്പെട്ടുതുടങ്ങും. വരൾച്ച മൂർഛിക്കുന്നതോടെ പഞ്ചായത്തിലെ മുക്കാൽഭാഗം കിണറുകളും വറ്റിവരണ്ടുപോകും. തോടുകളും കുളങ്ങളും വേനലിന്റെ തുടക്കത്തിൽതന്നെ ജലശൂന്യമാകും. ഇത്തരം ചുറ്റുപാടിൽ സമഗ്രമായ ഒരു ശുദ്ധജല പദ്ധതിയിലൂടെ മാത്രമേ അഞ്ചൽ പഞ്ചായത്തിലെ ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയൂ.

പഞ്ചായത്തിൽ ആകെ 7218 കുടുംബങ്ങളും 600ൽപരം കച്ചവട സ്ഥാപനങ്ങളും, 50ൽ പരം സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളും '10' ആശുപത്രികളും '1' കോളേജും 11 സ്കൂളുകളും ഒരു ഡസനിൽ അധികം പാരലൽ കോളേജുകളും ഉണ്ട്. എന്നാൽ പഞ്ചായത്തിൽ ആകെ 7028 കിണറുകള് മാത്രമാണ് ഉള്ളത്. 600 വീട്ടുകാർക്ക് കിണറുകൾഇല്ല. മൊത്തം കിണറുകളിൽ 5500 കിണറുകളും വേനലിന്റെ വരവോടെ വറ്റുന്നവയാണ്. ഇവയ്ക്ക് പുറമേ 12 വാർഡുകളിലായി 22 പൊതുകിളണറുകളും 19 കുഴിക്കിണറുകളും ഉണ്ട്. പൊതുക്കിണറുകളിൽ ഭൂരിഭാഗവും മാർച്ച് മാസം മുതൽ കാലവർഷം ശക്തിപ്പെടുന്നതുവരെ വെള്ളം കിട്ടാത്ത അവസ്ഥയിലുമാണ്. 19 കുഴൽകിണറുകളിൽ '4 എണ്ണം' മാത്രമാണ് ഉപയോഗ്യമായിട്ടുള്ളത്. അവശേഷിക്കുന്ന കുഴൽ കിണറുകളിൽ നിന്നും ഓരും തുരുമ്പും കലർന്ന മലിനജലമാണലഭിക്കുന്നത്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽകൂടി ഇത്തിക്കരയാറും വടക്കേ അതിർത്തിയിൽ കൂടി കെ.ഐ.പി ഇടതുകര കനാലും കടന്നുപോകുന്നു. ഈ സ്രോതസ്സുകൾ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കിയിട്ടില്ല. അഞ്ചൽ ഠൗണിൽ നിന്നുള്ള മാലിന്യങ്ങൾ ചീപ്പുവയൽ തോട്ടിൽ കൂടി ഒഴുക്കിവിടുന്നതിനാൽ അതിന്റെ പരിസരവാസികൾക്ക് പകർച്ചവ്യാധികൾ ഉണ്ടാകുന്നു.

പ്രശ്നങ്ങൾ

1. 12 വാർഡുകളിലും കുടിവെള്ളക്ഷാമം ഏറിയും കുറഞ്ഞും അനുഭവപ്പെടുന്നു.
2. നിലവിലുള്ള കുഴൽകിണറുകൾ ശൂന്യമാണ്.
3. പൊതു കിണറുകളിൽ വേനൽക്കാലത്തു വെള്ളം വറ്റിപ്പോകുന്നു.
4. 600 വീടുകൾക്ക് കിണറുകൾ ഇല്ല
5. ചേറ്റുകുഴി ഭാഗത്തെ ജനങ്ങൾ തലച്ചുമടായും

സൈക്കളിലും രണ്ടുകി.മീറ്റർ ദൂരം താണ്ടിയാണ് കുടിവെള്ളം വീടുകളിൽ എത്തിക്കുന്നത്.

6. പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീമുകൾ ഒന്നുംതന്നെയില്ല.
7. ആകെയുള്ള 7028 കിണറുകളിൽ 1528 കിണറുകളിൽ മാത്രമേ സ്ഥിരമായി വെള്ളം ലഭിക്കുന്നുള്ളു.

പരിഹാര നിർദ്ദേശങ്ങൾ

1. അഞ്ചൽ പഞ്ചായത്തിലാകെ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിനായി ഇത്തിക്കരയാറ്റിൽ നിന്നും കെ.ഐ.പി. കനാലിൽ നിന്നും പ്രവർത്തിപ്പിക്കാവുന്ന സ്കീമുകൾ നടപ്പിലാക്കുക.
2. നിലവിൽ സർക്കാർ പരിഗണനയിൽ ഉള്ള മീനാട് പദ്ധതിയിൽ അഞ്ചൽ പഞ്ചായത്തിനെക്കൂടി ഉൾക്കൊള്ളിച്ച് ഉടനേ നടപ്പിലാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയും.
3. അഞ്ചൽ പട്ടണത്തിലേക്ക് മാത്രമായി പട്ടണത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ ഉള്ള പഴയ ചിറകളായ അഞ്ചൽ കുളം, കുണ്ടുമൺ ചിറ, പുളിമൂട്ടിൽ ചിറ, ആയിരവല്ലി ചിറ ഇവ ആഴം കൂട്ടിയും രണ്ടോ മൂന്നോ പുതിയ ചിറകൾ നിർമ്മിച്ച് വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കാം (മാനാഞ്ചിറ മോഡൽ)
4. പഞ്ചായത്തിൽ ആകെ 50 ശതമാനം കുഴൽകിണറുകളും പൊതുകിണറുകളും നിർമ്മിക്കണം.
5. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാകുടുംബങ്ങൾക്കും കിണർ നിർമ്മിക്കാൻ സാമ്പത്തികസഹായം ചെയ്യണം.
6. നിലവിലുള്ള പൊതുകിണറുകൾക്ക് ആഴം കൂട്ടുക.
7. നിലവിലുള്ള കുഴൽകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
8. ഇരുമ്പ് പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുക.
9. മലവെട്ടത്ത് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കുളങ്ങൾ വൃത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാം.

പൊതുജനാരോഗ്യം

രോഗമില്ലാത്ത ശരീരാവസ്ഥക്ക് മാത്രമല്ല ആരോഗ്യം എന്നുപറയുന്നത്. ശരീരത്തിന് സുഖവും മനസ്സിന് ശാന്തിയുമുള്ള അവസ്ഥക്കാണ് 'ആരോഗ്യം' എന്നുപറയുന്നത്. നല്ല ശീലങ്ങളും ജീവിതശൈലിയും വളർത്തിയെടുക്കുവാനും ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കണം നടത്തുവാനും ലക്ഷ്യബോധത്തോടെയുള്ള കൂട്ടായ പ്രവർത്തനം നമ്മുടെ സമൂഹത്തിന് ആവശ്യമാണ്. ആരോഗ്യ പരിപാലനത്തിന് പോഷകാഹാരം, ശുദ്ധജലം, ശുദ്ധവായു, വ്യായാമം എന്നിവ ആവശ്യമാണ്. രോഗം വരാതിരിക്കുവാനുള്ള സാഹചര്യങ്ങൾ സംജാതമാക്കുക എന്നുള്ളതാണല്ലോ രോഗശുശ്രൂഷയെക്കാൾ അഭികാമ്യം. രോഗം ബാധിക്കുന്നതിനുള്ള കാരണങ്ങൾ, ശരീരശുദ്ധി, മനഃശുദ്ധി, പരിശുദ്ധി എന്നിവയുടെ പ്രാധാന്യം എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്താവുന്നതുമാണ്. എന്നിരുന്നാലും രോഗം പിടിപെടാതെ എല്ലാവരേയും സംരക്ഷിക്കുക എന്നത് ക്ലേശകരമാണ്. ആയതിനാൽ ചികിത്സാസമ്പ്രദായവും മരുന്നും നമുക്ക് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായി നിലനിൽക്കുന്നു.

മന്ത്രവും മന്ത്രവാദവും ബലിയുംകൊണ്ട് രോഗശാന്തിവരുത്താവുന്ന വിശ്വാസമായിരുന്നു പ്രാകൃതമനുഷ്യനുണ്ടായിരുന്നത്. തുടർന്ന് 'മരുന്നും മന്ത്രവും' എന്ന പ്രമാണത്തിലായി വിശ്വാസം. ഇത്തരം രീതികളിൽനിന്നും മരുന്നിനും പരിചരണത്തിനും രോഗചികിത്സയിൽ പ്രാമുഖ്യം കൽപ്പിച്ചുകൊണ്ടുള്ള മുന്നേറ്റം നമ്മുടെ ഗ്രാമത്തിലെചികിത്സാരംഗത്തെ ഉഷാറാക്കി. അഞ്ചലിൽ ആയൂർവേദ-അലോപ്പതി-ഹോമിയോ ചികിത്സാരംഗങ്ങളോരുന്നും തനതായ പ്രാവീണ്യം തെളിയിച്ചുകൊണ്ട് മുന്നേറിയ ചരിത്രമാണ് 50 കൾക്ക് ശേഷമുള്ളത്.

അഞ്ചലിലെ ആദ്യത്തെ അലോപ്പതി ആശുപത്രി വട്ടമൺ പാലത്തിന് പടിഞ്ഞാറുവശം ഡോ. ഐസക് സ്ഥാപിച്ചു. 1953 ൽ 'മേരീമക്കൾ'സന്യാസിനി സഭയുടെ പ്രവർത്തനത്തിലൂടെ സ്ഥാപിതമായ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ ചരിത്രം അഞ്ചലിലെ ചികിത്സാരംഗത്തിന്റെ വളർച്ചയുടെ ചരിത്രംകൂടിയാണ്. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ H.P. വാറന്റെ വക പുരയിടത്തിലാണ് പ്രസ്തുത ആശുപത്രി ആരംഭിച്ചത്. പഴയതലമുറ 'പട്ടരുവിള ആശുപത്രി 'എന്നാണ് ഈ മിഷൻ ആശുപത്രിയെ വിളിച്ചിരുന്നത്. 1954ൽ ചാർജ്ജെടുത്ത അന്നമ്മഡോക്ടർ അതുല്യമായ സംഭാവന

ആതുരസേവനരംഗത്ത് നൽകിയിട്ടുണ്ട്. ഇന്ന് അഞ്ചലിലെ ആധുനികസൗകര്യങ്ങളോടുകൂടിയ ഏറ്റവും മികച്ച ആശുപത്രിയാണിത്. 1954ൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിച്ചുകൊണ്ട് ആതുരസേവനരംഗത്ത് നിറഞ്ഞുനിന്ന ജോർജ്ജ് ഡോക്ടർ അഞ്ചലിന്റെ മനസ്സിൽ ഇപ്പോഴും നിലനിൽക്കുന്നു. 'സർക്കാർ വൈദ്യൻ'എന്നറിയപ്പെട്ടിരുന്ന ഡോ. പരമേശ്വരൻപിള്ളയും ശ്രീ. നാണു വൈദ്യരും ശ്രീ. മാധവൻവൈദ്യരും അഞ്ചലിന്റെ ചികിത്സാരംഗത്ത് ഗണ്യമായ സംഭാവനകൾ നൽകിയവരാണ്. ആശുപത്രിയുടെ പറുദീസയായിക്കഴിഞ്ഞ അഞ്ചലിൽ ഇന്നും ചികിത്സനടത്തിവരുന്നപഴയതലമുറയിലെ ശ്രീ. ചന്ദ്രൻവൈദ്യരുടെ സേവനവും നമ്മുടെ ഗ്രാമത്തിലെ ചികിത്സാരംഗത്ത് എടുത്തുപറയേണ്ടുന്ന നാമധേയമാണ്.

ആരോഗ്യ രംഗത്ത് അഞ്ചലിൽ സർക്കാർ മേഖലയിൽ 1966-ൽ സ്ഥാപിക്കപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററും അതിന്റെ കീഴിലുള്ള-സബ്സെന്ററുകളും പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തിച്ചുവരുന്നു. സ്വകാര്യമേഖലയിൽ മിഷൻ ആശുപത്രിക്ക് പുറമേ പി. എൻ.എസ്. ഹോസ്പിറ്റൽ, മെറ്റേർണിറ്റി ഹോസ്പിറ്റൽ, ശബരിഗിരി ഹോസ്പിറ്റൽ, ഡോ. ദേവദാസ് ഹോസ്പിറ്റൽ എന്നിങ്ങനെ 'നാല്'അലോപ്പതി ഹോസ്പിറ്റലുകളും 'രണ്ട്'ഹോമിയോ ആശുപത്രികളും 'രണ്ട്'ആയുർവേദ ആശുപത്രികളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. 'ഒമ്പത്'മെഡിക്കൽ സ്റ്റോറുകൾ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. ഇവയ്ക്കുപുറമേ അഞ്ചൽ പട്ടണത്തിലെ അലയമൺ പഞ്ചായത്ത് ' അതിർത്തിയിലും അനേകം ആശുപത്രികളുംമെഡിക്കൽ സ്റ്റോറുകളും അഞ്ചലിന്റെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പ്രശ്നങ്ങൾ

1. അഞ്ചൽ പ്രൈമറി ഹെൽത്ത് സെന്ററിൽ പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുള്ള ചികിത്സാസൗകര്യങ്ങൾ തുലോം പരിമിതമാണ്.
2. ശുചീകരണ സൗകര്യങ്ങളും സംവിധാനങ്ങളും അപര്യാപ്തമാണ്.
3. സബ്സെന്ററുകൾ നാമമാത്രമായിട്ടേ പ്രവർത്തിക്കുന്നുള്ളു.
4. പഞ്ചായത്തിലെ കക്കുസുകളില്ലാത്ത കുടുംബങ്ങൾ ആരോഗ്യരംഗത്ത് വെല്ലുവിളികൾ ഉയർത്തുന്നു.
5. പനയഞ്ചേരിയിലെ ഫാമിലി വെൽഫെയർ സെന്ററിന് സ്വന്തമായി കെട്ടിടമില്ല.
6. ഏറം ഫാമിലി വെൽഫെയർ സെന്ററിനും സ്വന്തമായി കെട്ടിടമില്ല.
7. ആയൂർവേദ ഹോമിയോ രംഗത്ത് സർക്കാർ ആശുപത്രികൾ ഇല്ല.
8. ഹോട്ടലുകളിലെ പഴകിയ ആഹാരസാധനങ്ങളുടെ വിൽപ്പനയും പാചകപ്പുരയിലും പരിസരങ്ങളിലും ഉള്ള ശുചിത്വമില്ലായ്മയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
9. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കൾ ആരോഗ്യത്തിന് ഭീഷണിയാണ്.
10. എയിഡ്സും മറ്റുമാരകരോഗങ്ങളും വലിയ ഭീഷണിയാണ്.
11. ഭക്ഷ്യസാധനങ്ങളിലെ മായംചേർക്കൽ രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നു.
12. അഞ്ചലിൽ ഒരു മാനസികരോഗ്യകേന്ദ്രത്തിന്റെ കുറവ് നിലനിൽക്കുന്നു.
13. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനും മലിനജലം ഒഴുകിപ്പോകുന്നതിനും സൗകര്യമില്ലാത്ത സ്ഥിതിയുണ്ട്.

പരിഹാരനിർദ്ദേശങ്ങൾ

I. (a) അഞ്ചൽ പ്രൈമറി ഹെൽത്ത് സെന്ററിൽ ചികിത്സക്കുള്ള ഉപകരണങ്ങളും മരുന്നുകളും സുലഭമാക്കണം.

(b) ആശുപത്രി വാർഡുകളുടെ കിഴക്കേഭാഗത്ത് ഓടനിർമ്മിക്കുക.

(c) വെയിസ്റ്റ് നിക്ഷേപിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

(d) വെയ്സ്റ്റ് കത്തിക്കളയുവാനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കണം.

(e) ലബോറട്ടറിയിൽ രക്തം, കഫം, മലം, മൂത്രം തുടങ്ങിയവ പരിശോധിക്കുവാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുക.

(f) രോഗികൾക്ക് ആഹാരം കഴിക്കുന്നതിനുള്ള ഡൈനിംഗ് റൂം അത്യാവശ്യമാണ്.

(g) കൊതുക് നിവാരണത്തിനായി 'ഫോഗിം ഗ്' മെഷീൻ''5' എണ്ണം ആവശ്യമാണ്.

(h) പത്താംക്ലാസ്സ് കഴിയുന്നതോടെ പെൺകുട്ടികൾക്ക് 'Rubella' വാക്സിൻ കൊടുക്കുന്നതിനുള്ള സ്ഥിരമായ സംവിധാനം ആവശ്യമാണ്. അംഗവൈകല്യമുള്ള ശിശുക്കൾ ഉണ്ടാകാതിരിക്കുന്നതിന് ഇത് സഹായിക്കും.

(i) പോളിയോ വാക്സിൻ കേടുകൂടാതെ സൂക്ഷി

ക്കുന്നതിനായി W.H.O. യുടെ 'BOX' ലഭ്യമാക്കണം.

(j) ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ ക്രമമായ ഇടവേളകളിൽ നടത്തണം.

(k) I.P. വാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുക.

(l) വാട്ടർപൈപ്പു സംവിധാനം മെച്ചപ്പെടുത്തുക.

2. ഓടകൾ ശുചീകരിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകണം;കാര്യക്ഷമമാക്കണം.

3. എല്ലാ വാർഡുകളിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.

4. വടമൺ, ഏറം ഉപകേന്ദ്രങ്ങളിൽ സ്ഥിരമായി ഡോക്ടറേയും ചികിത്സക്ക് ആവശ്യമായ മരുന്നുകളും ലഭ്യമാക്കണം.

5. എയിഡ്സ് ബോധവൽക്കരണത്തിന് പഞ്ചായത്ത് തലത്തിൽ സ്ഥിരം സംവിധാനം ഉണ്ടാകണം.

6. നിരോധ് ലഭ്യത ഉറപ്പാക്കണം.

7. നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

8. അഞ്ചൽ പഞ്ചായത്തിൽ ഒരു ശ്മശാനം ആവശ്യമാണ്.

9. ഭക്ഷ്യവസ്തുക്കളുടെ വിതരണം ഫുഡ് ഇൻസ്പെക്ടർമാർ കൃത്യമായി പരിശോധിക്കണം.

10. അന്തരീക്ഷമലിനീകരണം നിയന്ത്രിക്കുവാനുള്ള സംവിധാനം വേണം.

11. ഹോട്ടലുകൾ പ്രവർത്തിക്കുന്നതിന് ഹെൽത്ത് സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം.

12. പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകൾക്ക് കക്കൂസിനുള്ള ധനസഹായം അനുവദിച്ചുകൊടുക്കുക.

13. പഞ്ചായത്തിന്റെ വകയായി ഒരു ആമ്പുലൻസ് ആവശ്യമാണ്.

14. പഞ്ചായത്ത് പൊതുകിണറുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം വേണം.

15. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

16. പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തി, അലഞ്ഞുതിരിഞ്ഞ് നടക്കുന്നവയെ നശിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനം നടത്തണം.

17. ഏറം, പനയഞ്ചേരി എന്നിവിടങ്ങളിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്ഥിരസംവിധാനം ഉണ്ടാകണം.

18. പഞ്ചായത്തിന് ഒരു വെയ്സ്റ്റ് റിമൂവൽ വാഹനം ആവശ്യമാണ്.

19. പ്രൈമറി ഹെൽത്ത് സെന്ററിന് കോമ്പൗണ്ട് വാൾ കെട്ടണം.

20. ഓപ്പറേഷൻ തീയറ്റർ ഗ്രിൽ ഇട്ട് അടക്കണം.

21. ആശുപത്രിക്കിടക്കകൾ വർദ്ധിപ്പിക്കണം.

22. P.H.C. യിൽ X-ray യൂണിറ്റ്, E.C.G. സൗകര്യം ലഭ്യമാക്കണം.

23. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മാനസികാരോഗ്യകേന്ദ്രം അഞ്ചലിൽ സ്ഥാപിക്കുന്നതിനുള്ള ധനസഹായം സർക്കാർ ലഭ്യമാക്കണം.

24. ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തണം. രക്തഗ്രൂപ്പും രോഗവിവരങ്ങളും നിർണ്ണയിച്ച് യഥാവിധി ചികിത്സിക്കാൻ ഇതുപകരിക്കും.

25. ആയൂർവേദ ചികിത്സക്ക് പ്രാധാന്യമേറുന്ന ഈ കാലഘട്ടത്തിൽ ഒരു മാതൃകാ ആയൂർവേദ ഔഷധത്തോട്ടം ആരംഭിക്കണം.

പരിസരശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ അതുമൂലമുണ്ടാകുന്ന പരിസര മലിനീകരണം കുറവാണ്. അഞ്ചൽ ടൗൺ കേന്ദ്രീകരിച്ചാണ് മലിനീകരണപ്രശ്നം ഉള്ളത്. ഹോട്ടലുകളിൽനിന്നും ഒഴുക്കിവിടുന്ന അവശിഷ്ടങ്ങളും മലിനജലവും കടകളിൽനിന്നുള്ള ചപ്പുചവറുകളും മലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങളാണ്. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് ആവശ്യമായത്ര 'വെയ്സ്റ്റ് ബിന്നുകൾ' ഇല്ലാത്തതും ഇതിന് കാരണമാകുന്നു. ഹോട്ടലുകളിൽനിന്നും ആഹാരാവശിഷ്ടങ്ങളും മറ്റും ഒരു നിയന്ത്രണവുമില്ലാതെ പുറത്തേക്ക് തുറന്നുവിടുന്നത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അഞ്ചൽ ചന്തയുമായി ബന്ധപ്പെട്ടാണ് അടുത്തതായി വരുന്ന മലിനീകരണപ്രശ്നം. മീൻ വിൽപ്പനക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തല്ലാതെ മീൻ വിൽപ്പന നടത്തുന്ന പ്രവണതയുണ്ട്. ഇത് കർശനമായും നിയന്ത്രിക്കണം. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുവേണ്ടി കൂടുതൽ വെയ്സ്റ്റ് ബിന്നുകൾ സ്ഥാപിക്കണം. മലിനജലം കെട്ടിക്കിടക്കാതെ ഒഴുകിപ്പോകുന്നതിന് റോഡിന് ഇരുവശങ്ങളിലുമുള്ള ഓടയിലെ തടസ്സങ്ങൾ കൂടെക്കൂടെ പരിശോധിച്ച് വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യാൻ കഴിയണം.

പട്ടിക – 1

നിലവിലുള്ള കുഴൽക്കിണർ, , പൊതുക്കിണർ				
വാർഡ്	കുഴൽക്കിണർ	പൊതുക്കിണർ	ചിറ/കുളം	വാട്ടർടാങ്ക്
III		മാവിള		
VI		ഉച്ചിക്കോട് 1		ആർച്ചൽ
		ഉച്ചിക്കോട് 2		മാവിള
VII	വെള്ളാരംകുന്ന്	നെടിയറ		
XII	മാവിള	കുരുവിക്കോണം	അഗസ്ത്യക്കോട്	
			കാലാന്തൂർ	

പട്ടിക – 2

ആവശ്യമായ പൊതുക്കിണറുകളുടെയും
കുഴൽക്കിണറുകളുടെയും വിവരങ്ങൾ

വാർഡ്	കുഴൽക്കിണർ	പൊതുക്കിണർ
1		2
2	6	2
3	2	2
4		1
5		
6	6	6
7	6	1
8	3	1
9	3	2
10	2	2
11		3
12	1	4

അഞ്ചൽ പഞ്ചായത്തിലെ ആതുരശുശ്രൂഷാലയങ്ങൾ

സ്ഥാപനത്തിന്റെ പേര്	വിഭാഗം
സെന്റ് ജോസഫ് ഹോസ്പിറ്റൽ	അലോപ്പതി
സെന്റ് പോള്ഡസ് "	ഹോമിയോ
ശബരിഗിരി ട്രസ്റ്റ്	അലോപ്പതി
ആഷാമെറ്റർണിറ്റി	അലോപ്പതി
പി.എൻ.എസ്. ഹോസ്പിറ്റൽ	അലോപ്പതി
ഹേമാ ആയുർവ്വേദാശുപത്രി	ആയുർവേദം
സനാതനാ കണ്ണാശുപത്രി	അലോപ്പതി
അഗസസ്ത്യവിലാസം ആയുർവ്വേദ ആശുപത്രി	ആയുർവ്വേദം
ഡി.സസിഎം. മർമ്മചികിത്സാലയം	"
ഇ.എസ്.ഐ. ആശുപത്രി	

അഞ്ചൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ കണക്കുകൾപ്രകാരം രോഗവിവരങ്ങൾ (1990 – 96)

രോഗത്തിന്റെ പേര്	1990–92	93–95	95–96
ശ്വാസകോശരോഗങ്ങൾ	816	718	754
ജ്വരം	26	18	21
മഞ്ഞപ്പിത്തം	16	12	10
പൊങ്ങൻപനി	21	13	10
ക്ഷയം	62	65	67
വായൂജന്യം	171	158	165
ജലജന്യം	140	175	165
മറ്റ് രോഗങ്ങൾ	721	728	696
ചികിത്സയിലിരിക്കുന്നവ			25
മരിച്ചവർ	6	3	4
ഭേദമായത്	16	28	15



വിദ്യാഭ്യാസം


ഈ ശതാബ്ദത്തിന്റെ ആദ്യകാലങ്ങളിൽ സാമൂഹിക പരിഷ്ക്കരണപ്രവർത്തനങ്ങൾ അഞ്ചലിന്റെ വിദ്യാഭ്യാസമേഖലയെ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്. ഈ രംഗത്ത് ആത്മാർത്ഥതയും അർപ്പണബോധവുമുള്ള അദ്ധ്യാപകരുടെ നിസ്വാർത്ഥസേവനവും പരിശ്രമവുമാണ് അഞ്ചലിന്റെ ഉയർന്ന വിദ്യാഭ്യാസനിലവാരത്തിന് അടിസ്ഥാനമെന്നുള്ളത് ചരിത്രസംഗതിയാണ് ഇങ്ങനെ സ്വാതന്ത്ര്യസമ്പാദനത്തിന് വളരെ മുമ്പു തന്നെ പൊതുവിദ്യാഭ്യാസരംഗത്ത് അഞ്ചൽ പ്രദേശം ഏറെ മുന്നിലായിരുന്നു.

അഞ്ചൽ എന്ന കൊച്ചുഗ്രാമത്തിന്റെ അഭൂതപൂർവ്വമായ വളർച്ചക്കും ഇവിടം ഒരു പട്ടണപ്രദേശമായി മാറുന്നതിനും വിദ്യാഭ്യാസമേഖലയിലുണ്ടായ വമ്പിച്ച പുരോഗതി കാരണമായി. വിദ്യാഭ്യാസരംഗത്ത് ഉജ്ജ്വലമായ സംഭാവനകൾ നേടിയിട്ടുള്ളവർ ഏറെയുണ്ടെങ്കിലും ചരിത്രത്തിൽ തിളങ്ങി നിൽക്കുന്ന വ്യക്തിത്വമാണ് മുൻപഞ്ചായത്ത് പ്രസിഡന്റും നിയമസഭാ സാമാജികനുമായിരുന്ന പി. ഗോപാലൻ സാറിന്റേത്.

എച്ച്. ഹരിഹര അയ്യർ എന്ന ബ്രാഹ്മണയുവാവ് അഞ്ചൽ പുളിമുക്കിൽ സ്ഥാപിച്ച, മൂന്നാം ക്ലാസ്സുവരെ മാത്രം പഠിപ്പിച്ചിരുന്ന പുല്ലുമേഞ്ഞ പള്ളിക്കൂടമാണ് അഞ്ചൽ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം. അതിനു ശേഷം കൊല്ലവർഷം 1089-ൽ നാലാം ക്ലാസുവരെയുള്ള ഗവ. പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഈ സ്കൂളുകളാണ് ഇപ്പോഴത്തെ അഞ്ചൽ ഗവ. ഹൈസ്കൂൾ . പിന്നീട് അനുവദിക്കപ്പെട്ട മാധവൻപിള്ളസാറിന്റെ ഭഗവതി വിലാസം ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആണ് ഇപ്പോൾ (B.V.U.P.S) ആയി മാറിയത് കോരുത് സാർ (ഒന്നാം സാർ) തിരുവനന്തപുരം വേലുപ്പിള്ളസാർ, വയലാ കുട്ടൻപിള്ള സാർ തുടങ്ങിയവർ അക്കാലത്തെ പേരുകേട്ട അദ്ധ്യാപകരായിരുന്നു. കോട്ടവിള നാരായണൻ നായർ സ്ഥാപക മാനേജരായി നാട്ടുകാരുടെ കമ്മിറ്റി സ്ഥാപിച്ച് പിൽക്കാലത്ത് ഗവ. സ്കൂളായി മാറിയതാണ് ഇപ്പോഴത്തെ അഞ്ചൽ ഈസ്റ്റ് ഗവ. ഹൈസ്കൂൾ അഞ്ചലിന്റെ വിദ്യാഭ്യാസ മേഖലക്ക് മറക്കാനാവാത്ത സംഭാവനകൾ നൽകിയ സ്കൂളാണിത്.

അവികസിത ഗ്രാമമായിരുന്ന അഞ്ചലിൽ, അരനൂറ്റാണ്ട് മുമ്പുള്ള വിദ്യാഭ്യാസം സാഹസികത നിറഞ്ഞതായിരുന്നു. വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കാറില്ലായിരുന്നു ഏതാനും ചില പ്രമാണിക്കുടുംബങ്ങളിലെ കുട്ടികൾ അദ്ധ്യാപകരുടെ നിർബന്ധം മൂലം സ്കൂളിലെത്തിയെന്ന് വരും. അന്ന് സർക്കാർ സ്കൂളിന് സർക്കാർ ഗ്രാന്റ് കിട്ടും അതിലൊരു ഭാഗം അദ്ധ്യാപകരുടെ ശമ്പളമായി കണക്കാക്കിയിരുന്നു. ഒരു അദ്ധ്യാപകന്റെ ശമ്പളം അന്ന് 8 രൂപയായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തോടെ അദ്ധ്യാപനം നിലയ്ക്കും. തുടർന്നു പഠിക്കണമെങ്കിൽ പുനലൂരോ കൊട്ടാരക്കരയിലൊ പോകണം. അന്ന് അപൂർവ്വം ആളുകളെ അത്രത്തോളം സാഹസികത കാണിച്ചിരുന്നുള്ളു.

ഈ സാഹചര്യത്തിലാണ് നാട്ടിലെ ചില വ്യക്തികൾ ചേർന്ന് അഞ്ചലിൽ ഉപരിവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു വേണ്ടി ശ്രമങ്ങൾ നടത്തിയതും ആദ്യകാല സ്കൂളുകൾ സ്ഥാപിക്കപ്പെടുന്നതും.



അവയുടെ നടത്തിപ്പ് വളരെ ക്ലേശകരമായിരുന്നു. അഞ്ചലും പരിസരപ്രദേശങ്ങളിലും സ്കൂൾ പ്രവർത്തകർ കറങ്ങി നടന്ന് സമ്മർദ്ദം ചെലുത്തിയാണ് പതിനഞ്ചോ ഇരുപതോ കുട്ടികളെ സംഘടിപ്പിക്കുന്നത്. അവരിൽ നിന്ന് പിരിച്ചെടുക്കുന്ന ഫീസ് കൊണ്ടുവേണം സ്കൂൾ നടത്താൻ , കുറച്ചുപേർ പണമായും ബാക്കിയുള്ളവർ കാർഷികോല്പന്നങ്ങളുമായാണ് ഫീസ്നൽകുക. പണമായി കിട്ടുന്നത് പ്രധാനാദ്ധ്യാപകരും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും വീതിച്ചു നൽകും. മറ്റദ്ധ്യാപകർക്ക് ശമ്പളം കാർഷികോല്പന്നങ്ങളാണ്.

അറുപതുകളുടെ തുടക്കത്തോടെയാണ് അഞ്ചലിൽ വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചു കയറ്റം നടന്നത്. അഞ്ചൽ സെന്റ് ജോൺസ് കോളേജാണ് ഇന്ന് ഈ പ്രദേശത്തും ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ വിദ്യാഭ്യാസ സ്ഥാപനം.

ഹൈസ്കൂൾ വിദ്യാഭ്യാസരംഗത്ത്, മൊത്തം നാലു സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ രണ്ടെണ്ണമാണ് സർക്കാർ മേഖലയിലുള്ളത്. മൊത്തം അദ്ധ്യാപകരിൽ 64% വും വിദ്യാർത്ഥികളിൽ 62% വും ഈ മേഖലയിലാണുള്ളത്

പട്ടിക-1

ഗവ: സ്കൂളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ശതമാനം	ആകെ വിദ്യാർത്ഥികൾ	ഗവ:വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
247	58	64	7063	4361	62

പട്ടിക - 2

സ്കൂളുകൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ

		മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരു.	സ്ത്രീ	ആകെ
1	അഞ്ചൽ ഈസ്റ്റ് ഗവ: ഹൈസ്കൂൾ	ഗവ:	660	513	1173	31	14	45
2	അഞ്ചൽ വെസ്റ്റ് ഗവ: ഹൈസ്കൂൾ	ഗവ: 78	8	725	1513	25	32	57
3	വടമൺ യു.പി.എസ്	ഗവ:	278	246	524	8	10	18
4	ഏറം ഗവ: എൽ.പി.എസ്	ഗവ:	112	121	233	3	4	7
5	അഞ്ചൽ എൽ.പി.എസ്.	ഗവ:	313	226	539	6	13	17
6	അഗസ്ത്യകോട് ഓൾഡ് എൽ.പി.എസ്	ഗവ:	96	67	163	1	5	6
7	അഗസ്ത്യകോട് ന്യൂ എൽ.പി.എസ്.	ഗവ:	114	102	216	5	38	8
8.	അഞ്ചൽ B.V.U.P.S	എയ്ഡഡ്	132	107	239	1	9	10
9	ശബരിഗിരിഹൈസ്കൂൾ	അൺ എയ്ഡഡ്	297	219	516	7	17	24
10	ശബരിഗിരി റെസിഡൻഷ്യൽ സ്കൂൾ	അൺ എയ്ഡഡ്	372	307	679	4	9	13
11	സെന്റ് ജോൺസ് ഹൈസ്കൂൾ	"	300	371	671	6	16	22
12	സെന്റ് ജോർജ്ജ് ഇംഗ്ലീഷ് സ്കൂൾ	"	275	207	482	ഇല്ല	16	16
13	ഹോളി ഫാമിലി എൽ.പി.എസ്	"	59	56	115	ഇല്ല	4	4

അവലംബം : സെക്കന്ററി ഡാറ്റാ

ഇന്ന് 33163 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ 13 വിദ്യാലയങ്ങളിലായി 7063 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തുകയും 247 അദ്ധ്യാപകർ സേവനരംഗത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ സ്കൂളുകളുടേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വിവരങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾ ഇടക്കു വച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ 'ഒഴിഞ്ഞുപോയവരുടെ' വിവരം പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 3

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
3	2	5	17	32	39

ആകെ 44 .

അവലംബം സാക്ഷരതാ സമിതി സർവ്വേ.

പട്ടിക - 4

L.P, U.P., H.S. എന്നീ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
7063	1532	1233	45	1275	971	43	1049	903	40

പട്ടിക - 5

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.		U.P.		H.S.	
	SCT/ST	%	SCT/ST	%	SCT/ST	%
7063	180	6.50	23.5	10	195	10

പട്ടിക - 6

സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരം

വിഭാഗം	എണ്ണം
ട്യൂഷൻ സെന്റർ	8
പാരലൽ	4
കംപ്യൂട്ടർ സെന്റർ	3
ടൈപ്പ് റൈറ്റിംഗ് കോഴ്സ്	
ഇലക്ട്രോണിക്സ് സാധനങ്ങൾ	5
വയറിംഗ് & പ്ലമ്പിംഗ്	2
വർക്ക് ഷോപ്പുകൾ	8
ലബോറട്ടറി ടെക്നീഷ്യൻകോഴ്സ്	2
ജനറൽ നേഴ്സിംഗ് കോഴ്സ്	1

ആദ്യകാലങ്ങളിൽ സ്ത്രീകൾഅപൂർവ്വമായി മാത്രമേ വിദ്യാഭ്യാസം നടത്തിയിരുന്നുള്ളു. പിന്നീടുണ്ടായ സാമൂഹ്യ മാറ്റം സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് അനുഗുണമായിതീർന്നു. ഇന്നു പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം പട്ടിക-4 ൽ ചേർത്തിരിക്കുന്നു.

വിവിധ സ്കൂളുകളിലായി പഠിക്കുന്ന പട്ടികജാതി-പട്ടി കവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക-5ൽ കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്ക് പാരലൽ കോളേജുകൾ വലിയ പങ്കാണ് വഹിച്ചി

ട്ടുള്ളത് ഒരു കാലത്ത് അഞ്ചൽ കോളേജിനേക്കാൾ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിട്ടുള്ള പാരലൽ കോളേജായിരുന്നു പി. ഗോപാലൻ സാർ സ്ഥാപിച്ച പി.ജി.റ്റി. ഇന്ന് അഞ്ചലിൽ പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിവരം പട്ടിക-6ൽ കൊടുത്തിരിക്കുന്നു

കൂടാതെ ടൈസം ട്രെയിനിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ നികുതി പഠനകേന്ദ്രം, ഹിന്ദി വിദ്യാലയം തുടങ്ങിയതൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ആശ്രയിക്കാവുന്ന ഒരു സ്ഥാപനവും അഞ്ചലിൽ ഇല്ല. പോളിടെക്നിക്ക്, ഐ.ടി.ഐ, തുടങ്ങിയവ വേണമെന്ന ആവശ്യം ഏറെ പഴക്കമുള്ളതും ഗ്രാമസഭകളിൽ വളരെ ചർച്ച ചെയ്തിട്ടുള്ളതുമാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള മൂന്ന് അംഗന വാടികൾ 8, നേഴ്സറി സ്കൂളുകളും 2 ശിശു വിദ്യാലയങ്ങളുമാണ് ഇപ്പോൾ അഞ്ചൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ പലതിന്റേയും കെട്ടിടങ്ങൾ തൃപ്തികരമായ അവസ്ഥയിലല്ല. മുൻകാലങ്ങളിൽ നല്ല നല്ലയിൽ പ്രവർത്തിച്ചിരുന്ന ആർച്ചൽ വാർഡിലെ നേഴ്സറി സ്കൂൾ കെട്ടിടം ഉപയോഗയോഗ്യമല്ലാതെ നശിച്ചു കൊണ്ടിരിക്കുന്നു. അത് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഗവ: സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. വിശദമായ പഠനങ്ങൾ കാണിക്കുന്നത്, ജനങ്ങൾക്ക് ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമവും ഗവ: സ്കൂളുകളുടെ ശോചനീയാവസ്ഥയും അദ്ധ്യാപകരുടെ ആത്മാർത്ഥതയില്ലായ്മയും പ്രധാന കാരണങ്ങൾ എന്നാണ്.

പ്രശ്നങ്ങൾ

1. ഫലപ്രദമായ തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
2. അഞ്ചൽ ഗവ: ഹൈസ്കൂളുകളിലെ അദ്ധ്യയന നിലവാരം താരതമ്യേന മോശമായി വരുന്നു.
3. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
4. കായിക-കലാഭ്യാസനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
5. സ്കൂളുകളിൽ അദ്ധ്യാപക നിയമനം വൈകുന്നു.
6. സാമ്പത്തികഞെരുക്കത്താൽ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നവർ ഏറെയുണ്ട്.
7. പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗം പൂർണ്ണമായി സ്വകാര്യമേഖലയുടെ നിയന്ത്രണത്തിലാണ്.
8. പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കേണ്ടവരിൽ 40% ന് അതു ലഭിക്കുന്നില്ല.
9. പ്രീ-പ്രൈമറി വിദ്യാഭ്യാസ പ്രക്രിയ ഇവിടെ അശാസ്ത്രീയമാണ്.
10. ഗവ: സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല
11. ഗവ: സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുന്നു.
12. ശിശുവിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.
13. ആർച്ചൽ, തഴമേൽ ഏറം1, ഏറം2, എന്നീ വാർഡുകളിൽ യതൊരു വിദ്യാഭ്യാസ സ്ഥാപനങ്ങളുമില്ല.
14. സാക്ഷരതാ-തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. സർക്കാർ മേഖലയിൽ തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം.
2. അധ്യാപകർക്ക പാഠ്യവിഷയങ്ങളിൽ കാലാനുസൃതമായ പരിശീലനം നൽകുക.
3. വിദ്യാഭ്യാസമേഖലയിൽ കലാ-കായിക-അക്കാദമിക്ക് രംഗങ്ങളിലൂടെ ഉന്നതിക്കായി ഫലപ്രദമായ മോണിറ്ററിംഗ് സമിതികൾ ഉണ്ടാകണം.
4. പ്രൈമറിവിദ്യാഭ്യാസത്തിന് യാതൊരു സൗകര്യങ്ങളുമില്ലാത്ത ആർച്ചൽ, തഴമേൽ ഏറം1, ഏറം2, വാർഡുകളിൽ വിദ്യാലയങ്ങൾ ആരംഭിക്കണം.
5. കലാ-കായിക-രംഗങ്ങൾ പരിപോഷിപ്പിക്കുന്നതിനായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൽ ഏർപ്പെടുത്തുക.
6. സർക്കാർ നിയന്ത്രിത സ്കൂളുകളിൽ ആവ

ശ്യമായ അദ്ധ്യാപകർ ഉണ്ടെന്ന് ഉറപ്പു വരുത്തണം.

7. വിദ്യാഭ്യാസരംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കണം

8. സ്കൂളുകളിൽ നിന്നു കുട്ടികൾ 'കൊഴിഞ്ഞു വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യങ്ങളുമില്ലാത്ത ആർച്ചൽ, തഴമേൽ ഏറം1,ഏറം2, വാർഡുകളിൽ വിദ്യാലയങ്ങൾ ആരംഭിക്കണം.

5. കലാ-കായിക-രംഗങ്ങൾ പരിപോഷിപ്പിക്കുന്നതിനായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൽ ഏർപ്പെടുത്തുക.

6. സർക്കാർ നിയന്ത്രിത സ്കൂളുകളിൽ ആവശ്യമായ അധ്യാപകർ ഉണ്ടെന്ന് ഉറപ്പു വരുത്തണം.

7. വിദ്യാഭ്യാസരംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കണം.

8. സ്കൂളുകളിൽ നിന്നു കുട്ടികൾ 'കൊഴിഞ്ഞു വിദ്യാഭ്യാസത്തിന് ടോതൊരു സൗകര്യങ്ങളുമില്ലാത്ത ആർച്ചൽ, തഴമേൽ ഏറം1,ഏറം2, വാർഡുകളിൽ വിദ്യാലയങ്ങൾ ആരംഭിക്കണം.

5. കലാ-കായിക-രംഗങ്ങൾ പരിപോഷിപ്പിക്കുന്നതിനായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൽ ഏർപ്പെടുത്തുക.

6. സർക്കാർ നിയന്ത്രിത സ്കൂളുകളിൽ ആവശ്യമായ അധ്യാപകർ ഉണ്ടെന്ന് ഉറപ്പു വരുത്തണം.

7. വിദ്യാഭ്യാസ രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കണം.

8. സ്കൂളുകളിൽ നിന്നു കുട്ടികൾ 'കൊഴിഞ്ഞു പോകുന്നതിന്റെ' കാരണം കണ്ടെത്തി ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കണം.

9. പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് ആവശ്യാനുസരണം സർക്കാർ സ്ഥാപനങ്ങൾ ഉണ്ടാകണം.

10. സർക്കാർ സ്കൂളുകളിലെ നിലവാരത്തകർച്ച പരിഹരിച്ചു കൊണ്ട്, ഇംഗ്ലീഷ് മീഡിയം ഭ്രമം ഒഴിവാക്കണം.

11. വടമൺ യു.പി.എസ്. ഹൈസ്കൂളായി ഉയർത്തുക.

12. അഞ്ചൽ ഈസ്റ്റ് ഗവ: ഹൈസ്കൂളിന് പുതിയ കെട്ടിടങ്ങൾ ഉണ്ടാകണം.

13. എല്ലാ ഗവ:സ്കൂളുകൾക്കും ചുറ്റുമതിൽ കെട്ടണം.

14. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കുക (1:30)

15. അഞ്ചൽ ആസ്ഥാനമായി കേരളാ സർവ്വകലാശാലയുടെ ഇൻഫർമേഷൻസെന്റർ അനുവദിക്കുക.

16. അൺ-എയ്ഡഡ് സ്കൂളുകളുടെ മേൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുക. ഫീസ് ഏകീകരിക്കുക.


പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ അവശന്മാരും ആർത്തന്മാരും ആലംബഹീനരുമായി നിസ്വാർത്ഥസേവനത്തിന് പകരം നിർദ്ദയ മർദ്ദനം വേതനം പറ്റിയിരുന്ന അധഃകൃത വർഗ്ഗത്തെ പട്ടികജാതി – പട്ടികവർഗ്ഗമെന്ന പേര് നൽകി സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്തി കൊണ്ടുവരാൻ നമ്മുടെ ഭരണഘടനാശില്പികൾ സംവരണം ഏർപ്പെടുത്തി. പിന്നെയും നാലര പതിറ്റാണ്ടുകൾ കടന്നുപോയി. അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാതെ ഈ അടിസ്ഥാനവർഗ്ഗം ഇന്നും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ പാഞ്ചജന്യം മുഴക്കികൊണ്ട് വികസന സംസ്കാരം പടക്കുതിരയെപ്പോലെ മാറ്റത്തിന്റെ കുളമ്പടി ശബ്ദവുമായി 21-ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോഴെങ്കിലും സാമൂഹിക-സാമ്പത്തിക ഉച്ചനീചത്വങ്ങളുടെ ഉദകക്രിയ നടത്താമെന്ന പ്രത്യാശയിൽ ഗ്രാമസഭകൾ ആവേശഭരിതമായി.

അഞ്ചൽ പഞ്ചായത്തിലെ പട്ടികജാതി-പട്ടിക വർഗ്ഗ ജനസംഖ്യ 2826 ആണ്. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 9.15% ആണ്. നമ്മുടെ പഞ്ചായത്തിൽ 3 ഐ.എച്ച്.ഡി.പി.കോളനികൾ ഉണ്ട്. 18 എണ്ണം കോളനികളായി പ്രഖ്യാപിക്കാനുമുണ്ട്. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളക്ഷാമം മിക്ക കോളനികളിലേയും അടിസ്ഥാനപ്രശ്നമാണ്. ഭൂരിഭാഗം കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. കക്കൂസുകളുടെ അപര്യാപ്തതയും എടുത്ത് പറയാനുണ്ട്. പൊതുവഴി, പൊതുശ്മശാനം മുതലായ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ പട്ടികജാതി – പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഇന്ന് സാമൂഹികമായും സാമ്പത്തികമായും സാസ്കാരികമായും പിൻ നിരയിലാണ്. പ്രൈമറി വിദ്യാഭ്യാസം മുതൽതന്നെ പഠനം ഉപേക്ഷിച്ചു പോകുന്ന സ്ഥിതി നില നിൽക്കുന്നു. രക്ഷകർത്താക്കൾ കുടുംബം പോറ്റാൻ തൊഴിൽ തേടിപോകുമ്പോൾ വീട്ടുകാര്യങ്ങൾ കുട്ടികളെ ചുമതലപ്പെടുത്തി പോകുന്നതാണ് ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇവരുടെ ഇടയിൽ വ്യാപകമായി നിലനിൽക്കുന്ന പുരുഷന്മാരുടെ മദ്യപാനശീലം ഇതിനൊരു കാരണമാണ്. ഈ പ്രവണത കൂടുതലായി കാണാനുള്ളത് ഈ പഞ്ചായത്തിലെ തഴമേൽ, ഏറം, ഉച്ചിക്കോട്, ആർച്ചൽ തുടങ്ങിയ കോളനികളിലാണ്.

ഈ വിഭാഗത്തിൽപ്പെടുന്നവർ തൊഴിലെടുക്കുന്നത് കൂടുതലും കാർഷികമേഖലയിലും കശുവണ്ടി മേഖലയിലും ആണ്. പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 1.3% ത്തോളം വരും. ഇവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കാത്ത കാരണത്താൽ കൂടുതൽ ആളുകളും കെട്ടിട നിർമ്മാണ മേഖലകളിലേക്ക് മാറിയിരിക്കുകയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് 100 രൂപയും പുരുഷന്മാർക്ക് 125 രൂപയും ലഭിക്കുന്നുണ്ട്. കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ളതിനേക്കാൾ കൂടിയ ശമ്പളനിരക്ക് നിർമ്മാണരംഗത്ത് ലഭിക്കുന്നതിനാൽ പുതിയ തലമുറ കാർഷികമേഖലയെ പാടേ അവഗണിക്കുന്നതാ



യാണ് കാണപ്പെടുന്നത്.

ഈ മേഖലയിൽ നിരക്ഷരർ പൊതുവേ കൂടുതലാണെങ്കിലും സാക്ഷരതാപ്രവർത്തനത്തിലൂടെ കുറെയൊക്കെ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികപരാധീനതയും പഠനോപകരണങ്ങളുടെ അപര്യാപ്തതയും ഈ വിഭാഗത്തിലുള്ള കുട്ടികളെ പഠനംനിർത്തുന്നതിനു പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ആവശ്യമായ പഠനോപകരണങ്ങളും വസ്ത്രങ്ങളും നൽകാൻ സാധിച്ചാൽ ഈ വിഭാഗത്തിൽ നിന്നും വളരെ ഏറെ കുട്ടികളെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കാൻ സാധിക്കും.

പഞ്ചായത്തിലെ പട്ടിക ജാതി-പട്ടിക വർഗ്ഗക്കാരിൽ 250 ഓളം ആളുകൾ വീടില്ലാത്തവരായുണ്ട്. സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങൾ 180ഓളം വരും. സർക്കാർഏജൻസികൾ നാമമാത്രമായ വീടുകൾ നിർമ്മിച്ചു നൽകുന്നുണ്ടെങ്കിലും വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പോലും, ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിലേക്കു മാത്രമായി കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചു നൽകിയിട്ടുണ്ടെങ്കിലും കുടിവെള്ളപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. ഇതിനു പരിഹാരമായി നിലവിലിരിക്കുന്ന മില്യൻ വെൽസ്കീം തൃപ്തികരമല്ല. അതിനാൽ വ്യാസം കുറഞ്ഞ കിണറുകൾ കുഴിക്കുന്നതിന് വ്യക്തികൾക്ക് സർക്കാരിൽ നിന്നും ധനസഹായം നൽകിയാൽ കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

ജാതീയമായ ഉച്ചനീചത്വങ്ങളും; ജാതിപ്പേരിൽ സംബോധനചെയ്യുന്ന സ്ഥിതിവിശേഷവും പലയിടങ്ങളിലും നിലനിൽക്കുന്നുണ്ട്. ഈ വിഭാഗക്കാരുടെ വിവാഹം തുടങ്ങിയ ചടങ്ങുകൾ മറ്റു വിഭാഗക്കാർ അപൂർവ്വമായി പങ്കെടുക്കുന്നുണ്ടെങ്കിലും പുരോഗമന ചിന്താഗതിക്കാർ പോലും വിവാഹസദ്യയിൽ നിന്നൊഴിഞ്ഞു നിൽക്കുന്നു. ദേശീയപാർട്ടികളുടെ നേതൃനിരയിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗക്കാർ അപൂർവ്വമായിട്ടുണ്ടെങ്കിലും മറ്റു ബഹുജനസംഘടനകളിൽ നേതൃത്വം തുലോം കുറവാണ്.

നിലവിലുള്ളപ്രശ്നങ്ങൾ

1. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. ചില പ്രത്യേക സീസണിൽ ഉണ്ടാകുന്ന ദാരിദ്ര്യവും പട്ടിണിയും
3. വിദ്യാഭ്യാസനിലവാരത്തിലുള്ള പിന്നോക്കാവസ്ഥ
4. തൊഴിൽപരമായ പിന്നോക്കാവസ്ഥ.
5. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ.
6. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വരുത്തുന്ന വിനകൾ.
7. സ്വന്തമായി ഭൂമിയുള്ളവർക്കു തന്നെ വീടില്ലാത്ത അവസ്ഥ.
8. വൈദ്യുതിയുടേയും കുടിവെള്ളത്തിന്റെയും അപര്യാപ്തത.
9. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത അവസ്ഥ.
10. പരമ്പരാഗത തൊഴിലുകൾക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
11. പട്ടികജാതി- പട്ടികവർഗ്ഗ വനിതകളുടെ യൂണിറ്റുകൾക്കും കൈത്തൊഴിലുകൾക്കുമുള്ള സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
12. കോളനികളിൽ പൊതുശ്മശാനം പൊതുകളിസ്ഥലം മുതലായവ നിലവിൽ ഇല്ല.
13. പട്ടികജാതി-പട്ടികവർഗ്ഗ വനിതകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിനു വേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും പോഷകാഹാരവിതരണ കേന്ദ്രങ്ങളുടേയും അപര്യാപ്തത
14. സർക്കാർ ഏജൻസികളുടെ സഹായത്തോടെയുള്ള വീടുകളുടെ നിർമ്മാണത്തിന് ശരിയായ മേൽനോട്ടംകിട്ടാത്ത അവസ്ഥ.
15. മയക്കു മരുന്ന്, മാരകരോഗങ്ങൾ തുടങ്ങിയ വയ്ക്കെതിരെയുള്ള ബോധവത്കരണപരിപാടികൾ തൃപ്തികരമാവുന്നില്ല.
16. വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളുടെയും നിശാപാഠശാലകളുടേയും തൃപ്തികരമല്ലാത്ത പ്രവർത്തനങ്ങൾ
17. കുട്ടികൾക്കുള്ള പഠനോപകരണങ്ങളുടെയും പഠന സൗകര്യങ്ങളുടെയും ദൗർലഭ്യം.
18. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ചികിത്സാ സഹായം, വിവാഹധനസഹായം, യാത്രാബത്ത, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ യഥാസമയം കിട്ടാതി

രിക്കലും നിയമതടസ്സങ്ങളും.

സർക്കാർ ഏജൻസികളിൽ നിന്നും മറ്റുവിധ പ്രവർത്തനങ്ങളിലൂടേയും കോടിക്കണക്കിനു രൂപാ പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് ചെലവഴിക്കുന്നുണ്ടെങ്കിലും അഞ്ചൽ പഞ്ചായത്തിലെ ആകെയുള്ള 280 കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. ആകെയുള്ള 21 കോളനികളിൽ മലവട്ടം, ആനയരുമുകൾ എന്നിവയാണ് പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുള്ളത്. ഈ രണ്ടു കോളനികളിലുമായി വൈദ്യുതീകരിച്ച 116 വീടുകളിൽ 11 എണ്ണം സൗജന്യമായിട്ടുള്ളതാണ്. കോളനികളിലെ നാമമാത്രമായ വീടുകൾ കുടിൽജ്യോതി പദ്ധതിപ്രകാരം വൈദ്യുതീകരിച്ചിട്ടുണ്ട്. മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്. പല കോളനികളിലേയും കക്കൂസുകളുടെ അവസ്ഥ തൃപ്തികരമല്ല. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. കോളനിയിലെ വീടുകളുടെ സൗകര്യങ്ങൾ സംബന്ധിച്ച വിവരം പട്ടിക കക- ൽ കൊടുത്തിരിക്കുന്നു.

നിർദ്ദേശങ്ങൾ.

1. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത മുഴുവൻ പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്കും അവ ലഭ്യമാക്കനുള്ള നടപടി സ്വീകരിക്കുക.
2. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും സാനിട്ടേഷൻസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
3. കോളനികൾ കേന്ദ്രമാക്കി ബാലവാടികൾ, അംഗനവാടികൾ, പൊതുകളിസ്ഥലങ്ങൾ, പൊതുശ്മശാനം എന്നിവ സ്ഥാപിക്കുക.
4. കോളനികളിലെ മുഴുവൻ വീടുകളും എത്രയുംപെട്ടെന്ന് വൈദ്യുതീകരിക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യുക.
5. ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ എത്രയുംപെട്ടെന്ന് തീർക്കുക.6. ഹരിജൻ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനു വേണ്ടി മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുക. ഉദാ:- കോഴിവളർത്തൽ, കാലിത്തീറ്റ നിർമ്മാണം, ബിസ്കറ്റ് നിർമ്മാണം, ഈറ്റവ്യവസായം മുതലായവ.
7. ഹരിജൻ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് കൃത്യമായി വിതരണം നടത്തുക.
8. എല്ലാ കോളനികളിലും ടി.വി. കിയോസ്ക് സ്ഥാപിക്കുക.
9. 6 കോളനികളിൽ സ്ഥാപിക്കുന്ന കുഴൽകിണറുകൾ പി.വി.സി. പൈപ്പിട്ട് ഉപയോഗപ്രദമാക്കുക.
10. കോളനികളിലെ ഗതാഗത സൗകര്യത്തിനായി പുതിയറോഡുകൾ നിർമ്മിക്കുകയും പഴയവ മെച്ചപ്പെടുത്തുകയും ചെയ്യുക.
11. ഹരിജൻ കോളനികളിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
12. പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടുന്ന സാമ്പത്തിക സഹായം നൽകുക.
13. പഞ്ചായത്തിൽ വെൽഫെയർ സ്കൂളുകൾ സ്ഥാപിക്കുക.
14. കോളനികളിൽ ശുദ്ധജലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
15. പരിസര ശുചീകരണം, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സഹായങ്ങളും ശക്തമാക്കുക.
16. കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് സൗരോർജ്ജം ഉപയോഗപ്പെടുത്തുക.
17. ലക്ഷംവീടുകളോട് ചേർന്നുള്ള തരിശുഭൂമികളുടെ സംരക്ഷണം, പൊതുശ്മശാനങ്ങളുടെ ചുറ്റുമതിൽ തുടങ്ങിയവ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
18. I.H.D.P. കോളനികളല്ലാത്ത മുഴുവൻ കോളനികളും I.H.D.P. ആയി അംഗീകരിക്കുക.
19. പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കിടയിലുള്ള പരമ്പരാഗത കലാരൂപങ്ങൾ പ്രോൽസാഹിപ്പിക്കുക.
20. ഒറ്റപ്പെട്ട താമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട്, കക്കൂസ്, വൈദ്യുതി, തൊഴിൽ എന്നിവ അടിയന്തിരമായി പ്രദാനം ചെയ്യുക.
21. പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും പ്രൊഫഷണൽ കോഴ്സുകൾക്കും പോകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

000074

സർക്കാർ ധനസഹായത്തിന് പുറമേ പഞ്ചായത്ത് സ്പെഷ്യൽഗ്രാന്റുകൾ നൽകുക.

സാധ്യതകൾ

1. പുതിയതായി നിർമ്മിക്കുന്ന വീടുകൾ സർക്കാർ ഏജൻസികളുടെ ശരിയായ മേൽനോട്ടത്തിലാക്കിയാൽ വീടുകളുടെ ഗുണനിലവാരം വർദ്ധിക്കുകയും കൂടുതൽ കാലം നിലനിൽക്കുന്നതിന് സാധിക്കുകയും ചെയ്യും. ഈ ആവശ്യത്തിനായുള്ള സർക്കാർ ഗ്രാന്റുകൾ ശരിയായി വിനിയോഗിക്കുകയും ചെയ്യാം.
2. പഞ്ചായത്ത് സാക്ഷരതാസമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ബോധവൽക്കരണപരിപാടികൾക്ക് മുൻഗണന നൽകുകയും ചെയ്യുക.
3. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാവിധ ധനസഹായങ്ങളും പഞ്ചായത്ത് വഴി വിതരണം ചെയ്യുക. അതുവഴി കാലതാമസം ഒഴിവാക്കുവാനും അർഹതപ്പെട്ടവർക്ക് ലഭിക്കുകയുംചെയ്യും.
4. I.R.D.P. ലോൺ കൃത്യമായി അടച്ചുതീർത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അവ ആവർത്തിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.
5. കൃഷിവകുപ്പിൽനിന്നും നൽകുന്ന സഹായ പദ്ധതികൾ ആവർത്തിച്ച് നൽകുന്നതുമൂലം ഉദ്ദേശിക്കുന്ന ഫലംലഭിക്കുന്നില്ല (ഉദാ: എല്ലാ വർഷവും പണിയായുധങ്ങളും തെങ്ങിൻതൈകളും നൽകുന്ന രീതി) ഇത് നിർത്തിലാക്കി ഈ തുക കാർഷിക മേഖലയിലെ തന്നെ മറ്റു വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ്.
6. വീടു പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണികൾക്കും ലളിതമായ പലിശവ്യവസ്ഥയിൽ വായ്പാസംവിധാനങ്ങൾ നടപ്പിലാക്കുക.
7. വീടുനിർമ്മിക്കുന്നതിന് വേണ്ടിയുള്ള ധനസഹായം വർദ്ധിപ്പിക്കുക.
8. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് അനുവാദം നൽകുക.

000075

വനിതാക്ഷേമം

" യത്ര നാര്യസ്തു പൂജ്യന്തേരമന്തേ
തത്ര ദേവതാഃ "

എവിടെ സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ രമിക്കുന്നു എന്ന് മനുസ്മൃതിയിൽ പറഞ്ഞിട്ടുണ്ട്. സ്ത്രീയ്ക്ക് കുടുംബത്തിലും സമൂഹത്തിലും കൊടുക്കേണ്ട അംഗീകാരത്തിന്റെ പ്രാധാന്യമാണല്ലോ ഈ വരികളിലൂടെ പ്രസ്പഷ്ടമാകുന്നത്. എന്നാൽ ക്ഷേമം സ്ത്രീയ്ക്ക് ഇന്നും ഒരു മരീചികയായി അവശേഷിക്കുമ്പോൾ സമൂഹം ക്ഷാമമൂർത്തികളും ഭയചകിതരുമായ സ്ത്രീകളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. മാനം കാക്കാൻ മാർഗ്ഗം ഇല്ലാതെ പകച്ചു നിൽക്കുന്ന സ്ത്രീ സമൂഹമനഃസാക്ഷിക്ക് മുന്നിൽ ചോദ്യചിഹ്നമായി നിൽക്കുന്നു. സ്ത്രീക്ക് സമൂഹം നൽകിയിരിക്കുന്ന ഈ രണ്ടാംതരം പൗരത്വം ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെയാണ്. പരക്കേ തെറ്റിദ്ധരിക്കപ്പെട്ട " ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മനുവാക്യത്തിന്റെ അന്തഃസത്ത യഥോചിതം മനസ്സിലാക്കി 'അടുക്കളക്കാരികളും, വീടാം കൂട്ടിൽ കുടുങ്ങും തത്തമ്മകളും' , നരന് ഗർഭപാത്രങ്ങൾ എന്ന നിലയിൽനിന്നും പിന്നെയും പിന്നെയും അധഃപ്പതിച്ച് ഉപഭോഗ സംസ്കാരത്തിന്റെ മികച്ച ഉൽപ്പന്നമായി തീരുന്നു.സ്ത്രീക്ക് പുരുഷമേധാവിത്വത്തിന്റെ താന്തോന്നിത്തത്തിൽ നിന്ന് രക്ഷനേടാനുള്ള തന്റേടവും സ്വാശ്രയബോധവും കൈവരിക്കാനുള്ള രാജ പാതയൊരുക്കുക എന്നതുമാണ് സമൂഹത്തിന്റെ സമകാലിക ദൗത്യം.

അഞ്ചൽ പഞ്ചായത്തിൽ ജനസംഖ്യയുടെ 54 ശതമാനം വനിതകളാണ്. ഇവരിൽ ചെറിയൊരു വിഭാഗം മാത്രമാണ് ഔദ്യോഗികതലങ്ങളിൽ എത്തപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിന്റെ പകുതിയോളം വരുന്ന വനിതകൾ കൂലിപ്പണികളിൽ ഏർപ്പെട്ടിരിക്കുന്നു. സ്വന്തമായി വ്യവസായങ്ങൾ നടത്തുന്ന ചുരുക്കം വനിതകളും രംഗത്തുണ്ട്. ബാക്കി വരുന്നവർ ഗൃഹവൃത്തിയിൽ തന്നെ ഒതുങ്ങിക്കഴിയുന്നു. കലാ സാംസ്കാരിക രംഗങ്ങളിൽ വ്യക്തി മുദ്ര പതിച്ച വടമൺ ദേവകിയമ്മ, പനയഞ്ചേരി ഗീത, കലാതിലകമായ ജ്യോതി, രാധിക തുടങ്ങി നിരവധി വനിതകൾ പ്രശസ്തിയുടെ പടവുകൾ ചവിട്ടിക്കേറിയിട്ടുണ്ട്. അഞ്ചൽ പഞ്ചായത്തിലെ ആദ്യത്തെ വനിതാ പ്രസിഡന്റാണ് സുജചന്ദ്രബാബു. തൊഴിലാളി സ്ത്രീകളിൽ ഭൂരിഭാഗവും കശുവണ്ടിമേഖലയിലും കാർഷിക രംഗത്തും പണിയെടുക്കുന്നു. കാർഷികമേഖലയിൽ കൂടുതലായി പണിയെടുക്കുന്നത് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട സ്ത്രീകളാണ്. വനിതകൾ പണിയെടുക്കുന്ന മേഖലയുടെ വിവരങ്ങൾ പട്ടിക 1-ൽ ചേർത്തിരിക്കുന്നു.

യുവതലമുറ കാർഷികരംഗത്ത് പണിയെടു ക്കുവാൻ വിമുഖത കാണിക്കുന്നു. പട്ടികജാതി വനിതകളിൽ ഒരു വിഭാഗം പരമ്പരാഗത ഈറ്റ തൊഴിലാളികളാണ്. സാമൂഹ്യപ്രവർത്തന രംഗത്ത് സ്ത്രീകളുടെ മുന്നേറ്റം വളരെ കുറവാണ്. പഞ്ചായത്തിലെ വിവിധ ബഹുജനസംഘടനയുടെ ഭാരവാഹികളായും ജനപ്രതിനിധികളായും ആകെ 19പേരാണ് ഉള്ളത്. പ്രദേശത്തെ സ്ത്രീകളുടെ അദ്ധ്വാന ശേഷിയുടെ 40 ശതമാനത്തോളം പ്രയോജനരഹിതമായിപ്പോകുന്നു.

ഇവരുടെ അദ്ധ്വാനശേഷി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയാൽ പ്രദേശത്തിന്റെ സമഗ്ര

മായ വികസനത്തിനും കുടുംബഭദ്രതക്കും പ്രയോജനകരമാണ്. വനിതാ സഹകരണസംഘങ്ങളും മഹിളാ സമാജങ്ങളും രൂപകരിച്ച് സ്ത്രീകൾക്ക് തൊഴിൽ പരമായും വിദ്യാഭ്യാസ പരമായും ആരോഗ്യ പരവുമായും അറിവുകൾ പകർന്നു നൽകുകയും, തൊഴിൽപരമായി മുന്നേറ്റത്തിനുതകുന്നഡയറി യൂണിറ്റ്, മെഴുകുതിരി, ചന്ദനത്തിരി, റെഡിമെയ്ഡ് ഗാർമെന്റ്സ്, പ്ലാസ്റ്റിക്, അച്ചാർ, അലങ്കാരവസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക വഴി തൊഴിലില്ലാത്ത ഭൂരിഭാഗം വരുന്ന സ്ത്രീകൾക്ക് തൊഴിൽ പ്രദാനംചെയ്യാനും കഴിയും.

നിലവിലുള്ള പ്രശ്നങ്ങൾ

1. പൊതുരംഗങ്ങളിലും തൊഴിൽമേഖലകളിലും വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. വനിതകളെ സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള ആസൂത്രിത പദ്ധതികളുടേയും അഭാവം ബോധവൽക്കരണ പരിപാടികളുടെ അഭാവവും.
3. വനിതാ പദ്ധതികളെ കുറിച്ചും അവർക്കുള്ള ക്ഷേമ പദ്ധതികളെ കുറിച്ചും ഭൂരിപക്ഷം വനിതകളും ബോധവതികളല്ല.
4. സ്ത്രീകളിൽ സ്വാശ്രയശീലവും നേതൃഗുണവും വളർത്തിയെടുക്കാൻ ശ്രമമില്ല.
5. തുല്യവേതനം ലഭിക്കുന്നില്ല.
6. തൊഴിൽമേഖലകളിൽ പുരുഷൻമാർക്ക് ലഭിക്കുന്നതായ തൊഴിൽ സംരക്ഷണം ഇല്ല.
7. സ്ത്രീധനസമ്പ്രദായം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഫലത്തിൽ ഇപ്പോഴും നിലനിൽക്കുന്നു.
8. പൊതുജനരംഗങ്ങളിലേക്ക് കടന്നു വരുന്നതിന് ഇപ്പോഴും ഭീതിയും അറപ്പും ഭൂരിപക്ഷം വനിതകളിലും നിലനിൽക്കുന്നു.
9. വനിതകൾക്കായുള്ള ചെറു കിടവ്യവസായ സംരഭങ്ങളുടെ അഭാവം.
10. മദ്യപാനശീലമുള്ള പുരുഷൻമാരുടെ വീടുകളിലെ വനിതകൾ പീഢനങ്ങൾക്കും കുടുംബ പ്രശ്നങ്ങൾക്കും ഇരയാകുന്നു.
11. വർദ്ധിച്ചു വരുന്ന സ്ത്രീപീഢനങ്ങളിലും അതിക്രമങ്ങളിലും വനിതക്ൾ ആശങ്കാകുലരാണ്.
12. സ്ത്രീകളുടെ അദ്ധ്വാനശേഷിയുടെ 40 ശതമാനവും പാഴായിപോകുന്നു.
13. അമിതാഹാരവും അദ്ധ്വാനരാഹിത്യവും, അമിതാദ്ധ്വാനവും ആഹാരം ഇല്ലായ്മയും സ്ത്രീകൾ നേരിടുന്ന വൈവിദ്ധ്യമാർന്ന പ്രശ്നങ്ങളാണ്.
14. പോലീസ് സ്റ്റേഷനുകളെ കുറിച്ചുള്ള പൊതുധാരണപരാതികൾ സമർപ്പിക്കുവാൻ കടന്നു ചെല്ലുന്നതിൽ നിന്ന് സ്ത്രീകളെ നിരുൽസാഹപ്പെടുത്തുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. ജനസംഖ്യയിൽ മുൻതൂക്കമുള്ള സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ തുല്യപങ്കാളിത്തം ഉറപ്പു വരുത്തണം.
2. വനിതകൾക്കുമാത്രമായി ഡയറി യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാർ നിർമ്മാണം, പാലുല്പന്നങ്ങളുടെ നിർമ്മാണം, കളിപ്പാട്ടങ്ങൾ, S.T.D. ബൂത്ത്, ബുക്ക് ബയന്റിംഗ്, വനിതാ ഹോട്ടൽ യൂണിറ്റ് കോഴിവളർത്തൽ യൂണിറ്റ്, അലങ്കാരവസ്തുക്കളുടെ നിർമ്മാണം എന്നിവ കൂടുതൽ സൃഷ്ടിക്കണം. പൂവ്, പച്ചക്കറിക്കൃഷികൾ പ്രോൽസാഹിപ്പിക്കുന്നതിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് സ്ത്രീകളെ സ്വയം പര്യപ്തരാക്കണം.
3. സ്ത്രീകളുടെ അനാരോഗ്യാവസ്ഥ പരിഹരിക്കാൻ ശുചിത്വബോധവൽക്കരണവും പോഷകാഹാര വിതരണവും കാര്യക്ഷമമാക്കണം.
4. ഗർഭിണികളായ സ്ത്രീകളുടേയും കുട്ടികളുടേയും മാനസിക, ശാരീരികാരോഗ്യം സമൂഹത്തിന്റെ പ്രാഥമിക കർത്തവ്യമായി അംഗീകരിക്കണം.
5. അംഗനവാടികളും ആരോഗ്യവകുപ്പിന്റെ സബ്സെന്ററുകളും കാര്യക്ഷമമാക്കണം.
6. വിധവകൾ, നിരാലംബരും അഗതികളുമായ സ്ത്രീകൾ എന്നിവരെ സംരക്ഷിക്കുന്നതിന് സർക്കാർ ചിലവിൽ അഗതി മന്ദിരങ്ങൾ സ്ഥാപിക്കുക. അതിനോടനുബന്ധിച്ച് വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് അഗതി മന്ദിരങ്ങൾ സ്വയംപര്യാപതമാക്കണം.
7. വനിതകൾക്കു മാത്രമായി തൊഴിൽ പരിശീലന കേന്ദ്രം. ഗൃഹവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീക ളുടെ ആരോഗ്യം സംരക്ഷി

000077

ക്കുന്നതിനും സമയം ലാഭിക്കുന്നതിനും പുക യില്ലാത്ത അടുപ്പും, ഗോബർ ഗ്യാസ് സംവി ധാനവും വ്യാപകമാക്കണം. ഉദ്യോഗസ്ഥകളു ടേയും സ്ത്രീ തൊഴിലാളികളുടേയും കുട്ടി കളെ പാർപ്പിക്കുന്നതിനുവേണ്ടി ചിൽഡ്രൻസ് ക്രെഷും ആവശ്യമാണ് .

8. സാമൂഹിക – രാഷ്ട്രീയ രംഗത്തേക്ക് സ്ത്രീക ളുടെ രംഗപ്രവേശം സുസാധ്യമാക്കുന്നതിനു വേണ്ടി ബോധവത്ക്കരണ പരിപാടികൾ ആരംഭിക്കുക.
9. എല്ലാ വാർഡുകളിലും കുറഞ്ഞത് നാല് അംഗൻ വാടികളും നാല് ബാലവാടികളും ഉണ്ടായിരിക്കണം.
10. സ്ത്രീകളുടെ സുരക്ഷിതത്വത്തിനുവേണ്ടി സമ്പൂർണ്ണ ബോധ വത്ക്കരണവും ആവശ്യ മാണ്.
11. പ്രായപൂർത്തിയായ ഓരോ സ്ത്രീയും ഏതെ ങ്കിലും ഒരു തൊഴിൽ ചെയ്ത് ജീവിതച്ചെല വിന് വകകണ്ടെത്തിയാൽ സ്ത്രീധന സമ്പ്ര ദായത്തെ അവർക്ക് സ്വന്തം നിലയിൽ എതിർത്ത് തോൽപ്പിക്കാൻ കഴിയും.
12. മാറിവരുന്ന സാമൂഹ്യക്രമത്തിൽ സ്വയരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്രൈമറിതലം മുതൽ പെൺകുട്ടികൾക്ക് കായിക പരിശീ ലനം നൽകണം.
13. കൂലിപ്പണിക്കാരായ വനിതകളുടെ ക്ഷേമപദ്ധ തികളും ഇൻഷ്യുറൻസ് പദ്ധതികളും ഉറപ്പു വരുത്തുക.
14. സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന പീഢന ങ്ങൾക്കും അതിക്രമങ്ങൾക്കും സത്വര നടപ ടികൾ സ്വീകരിക്കണം. ഏത് സ്ത്രീക്കും ഏത് പോലീസ്സ്റ്റേഷനിലും പരാതികൾ നിർഭയം സമർപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കണം.
15. പോലീസ്സ്റ്റേഷനിൽ വനിതാപോലീസിന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കണം.

വർത്തമാനകാലത്തിന്റെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്ന ങ്ങളിൽ ഒന്നാണ് ഉപഭോഗ സംസ്കാരം. അതിന്റെ പ്രത്യക്ഷ പ്രതിഫലനമാണ് സ്ത്രീധന പീഢനം. "നാണം കെട്ടും പണം നേടി ക്കൊണ്ടാൽ നാണക്കേടൊപ്പണം തീർത്തു കൊള്ളും"എന്ന പഴമൊഴി വേദവാക്യമാക്കിയ സ്ത്രീകൾ സാമൂഹ്യ ക്രമത്തിന്റെ ബീഭത്സമുഖ മാണ് സ്ത്രീധന പീഢനം. പെൺവാണിഭത്തി ലേയും സ്ത്രീധനപീഢനത്തിലേയും പ്രധാന കണ്ണിയായി പലപ്പോഴും സ്ത്രീകൾ തന്നെ പ്രവർത്തിക്കുന്നതും കാണണം.പരസ്പരം അംഗീ കരിക്കാനും ആദരിക്കാനും പോരുന്ന ഹൃദയവിശാ ലത ഇല്ലായ്മയാണ് ഒരുവിഭാഗം സ്ത്രീകളെ ഇത്തരം അഭിശപ്തമായ പ്രവർത്തികളിലേക്ക് നയിക്കുന്നത്. ഇതിനെതിരെ ആസൂത്രിതവും കൂ ട്ടമറ്റതുമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ വനി തക്ഷേമത്തിനും സംരക്ഷണത്തിനും പൂർണ്ണമായ അർത്ഥവും വ്യാപ്തിയുംകൈവരിക്കാ നാവൂ.

പഞ്ചായത്തിലെ ആകെയുള്ള വനിതകളിൽ 80 പേർ വികലാംഗ രജിസ്റ്ററിൽ ഉൾപ്പെ ടുന്നവരാണ്. പട്ടിക 1–ൽ രോഗവിവരം, വയസ്സ് രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക –1

വയ.സ്സ്	ചലന വൈകല്യം	ബധിരർ	അന്ധർ	മൂകർ	ബധിരമൂകർ	മന്ദബുദ്ധികൾ	ആകെ
5 മുതൽ 9 വരെ	2	–	–	–	–	–	2
10 – 17	10	–	1	1	1	–	13
18–24	12	–	–	–	–	4	16
25–44	25	1	1	–	5	4	36
45–60	5	1	3	1	–	1	11
60 ന് മുകളിൽ	2	–	–	–	–	–	2
ആകെ	56	2	5	2	6	9	80

പഞ്ചായത്തിലെ ആകെയുള്ള വനിതാ യൂണിറ്റുകളും അവ സ്ഥിതിചെയ്യുന്ന സ്ഥലവിവരങ്ങളും

പട്ടിക -2

വാർഡ്	സ്ഥലം	യൂണിറ്റിന്റെ പേര്	അംഗങ്ങളുടെ എണ്ണം
1			
2			
3			
4			
5			
6			
7	അഗസ്ത്യക്കോട്	പ്രശാന്തി ഡയറി യൂണിറ്റ്	3
8.			
9			
10			
11.	തഴമേൽ	പ്രിയദർശിനി ബുക്ക്ബയന്റിംഗ് യൂണിറ്റ് D.W.C.R.A	10
12	കുരിവിക്കോണം	പശുവളർത്തൽ യൂണിറ്റ് D.W.C.R.A	10

സഹകരണം

രണ്ടാംലോകമഹായുദ്ധാനന്തരമുണ്ടായ ഭക്ഷ്യക്ഷാമം സ്വാതന്ത്ര്യലബ്ധിയോടെ അതിരൂക്ഷമായി. ഈ ദുർഘടസന്ധിയിൽനിന്നും അഞ്ചൽപ്രദേശത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഒരുപറ്റം മനുഷ്യസ്നേഹികൾ സഗൗരവം ചിന്തിച്ചതിന്റെ ഫലമായിട്ടാണ് അഞ്ചലിൽ ഒരു സഹകരണസംഘം ജന്മം കൊണ്ടത്. വിവിധോദ്ദേശ്യ സഹകരണസംഘം എന്നപേരിൽ കൊല്ലവർഷം 1123 മേടമാസം 19-ാം തീയതി(എ.ഡി. 1948)യാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. കർഷകരേയും നെയ്ത്തുകാരേയും സഹായിക്കുക, സർക്കാർ അനുവദിക്കുന്ന റേഷൻതുണി വിതരണം ചെയ്യുക എന്നിവമാത്രമായിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തനങ്ങൾ.

സഹകരണമേഖല

ഭക്ഷ്യക്ഷാമത്തെ അതിജീവിക്കാൻ മരച്ചീനി ഉല്പാദനം പ്രോൽസാഹിപ്പിക്കാനും വിപണനത്തെ സഹായിക്കാനുംവേണ്ടി'കപ്പ ഉത്പാദക സഹകരണസംഘം'ആരംഭിച്ചു. 1956-57ഈ രണ്ട് സഹകരണസംഘങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനം വിപുലീകരിച്ചതാണ് ഇന്നത്തെ അഞ്ചൽ സർവ്വീസ് സഹകരണബാങ്ക്.

കാർഷികവായ്പയുടെ തിരിച്ചടവിലേക്ക് ഉല്പന്നങ്ങൾ സംഘം നേരിട്ട് ശേഖരിച്ചിരുന്നു (ഉദാ: കെട്ടുതേങ്ങ സമ്പ്രദായം)

അഞ്ചൽ സർവ്വീസ് സഹകരണ ബാങ്ക്

ഇപ്പോൾ കാർഷിക, കാർഷികേതര ഇനങ്ങളിൽ കൂടുതൽ വായ്പകൾ നൽകലായിരുന്നെങ്കിലും അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തനം വിപുലപ്പെടുത്താൻ കഴിയുന്നില്ല. കാരണം മറ്റുദേശസാൽകൃത വാണിജ്യബാങ്കുകൾക്ക് ലഭിക്കുന്നത്ര നിക്ഷേപം സഹകരണബാങ്കിന് ലഭിക്കുന്നില്ല എന്നതാണ്. ആദ്യകാലത്ത് ജില്ലാസഹകരണ ബാങ്കിന്റെ വായ്പകൾ മാത്രമായിരുന്നു ആശ്രയം. അത് പരിമിതവുമായിരുന്നു. 1976ൽ നിക്ഷേപസമാഹാരണം ആരംഭിച്ചതോടെയാണ് കൂടുതൽവായ്പാപദ്ധതികളാവിഷ്കരിക്കാൻ കഴിഞ്ഞത്.

ഇന്ന് 11983 അംഗങ്ങളും ഏകദേശം 26 12 ഹെക്ടർ കൃഷിയിടവും ഉള്ള പ്രദേശത്തെ കർഷകർ മുഖ്യമായും ആശ്രയിക്കുന്നത് സഹകരണബാങ്കിനെയാണ്. അലയമൺ പഞ്ചായത്തിലെ 1,2 വാർഡുകൾ കൂടി ഈ ബാങ്കിന്റെ പ്രവർത്തനമേഖലയിലാണ്. നെല്ല്, തെങ്ങ്, റബ്ബർ എന്നീ കൃഷികൾക്കാവശ്യമായ സീസണിലൽ വായ്പകൾക്കു പുറമേ മറ്റുകൃഷികൾക്കാവശ്യമായ ദീർഘകാല വായ്പകളും നൽകുന്നു. 1996 ജൂണിലെ കണക്കനുസരിച്ച് 45,92029 രൂപ ഹ്രസ്വകാല കാർഷിക വായ്പ വിതരണം നടത്തിയിട്ടുണ്ട്. അംഗങ്ങൾക്കുള്ള പരമാവധി വായ്പ 25,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ഒന്നാമത്തെ രാസവള വിപണനകേന്ദ്രം എന്ന ബഹുമതി സ്ഥിരമായി ഈ ബാങ്കിന് ലഭിച്ചുകൊണ്ടിരിക്കുന്നു. അപേക്ഷകർക്ക് താമസംവിനാ രാസവളം കടമായി നൽകാനുള്ള സ്ഥിരം സംവിധാനം വളം ഡിപ്പോയിലുണ്ട്. റബ്ബർ നെഴ്സറി, വെറ്റിലക്കൃഷി, ആടുവളർത്തൽ റബ്ബർ റോളർവാങ്ങാൻ എന്നിവയ്ക്കാവശ്യമായ ദീർഘകാല വായ്പകളും നൽകുന്നുണ്ട്.

0000000080

ഇന്ന് കാർഷികവായ്പകളേക്കാൾ കൂടുതൽ ആവശ്യക്കാർ കാർഷികേതരവായ്പകൾക്കാണ്. വിശദവിവരങ്ങൾ പട്ടികയിൽനിന്നും വ്യക്തമാകും.

അഞ്ചൽ ബ്ലോക്ക്-ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1980 മാർച്ച് 10ന് രജിസ്റ്റർ ചെയ്ത സൊസൈറ്റി പുതിയ വീടുനിർമ്മിക്കാനും വീട് പുതുക്കുപ്പണിയാനും വായ്പകളും നൽകുന്നു. 1152 അംഗങ്ങളും 13.39100രൂപ മൂലധനവുമുള്ള ഈ സംഘത്തിൽനിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 12 ശതമാനം നിരക്കിൽ 19,500 രൂപവരെ 15 വർഷത്തേക്ക് വായ്പ അനുവദിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി 45 ഗുണഭോക്താക്കൾക്കായി 16,39500രൂപ അഞ്ചൽ പഞ്ചായത്ത് പ്രദേശത്ത് വിതരണം നടത്തിയിട്ടുണ്ട്. 650 അ ക്ലാസ്സ് അംഗങ്ങളും 301 ആ ക്ലാസ്സ് അംഗങ്ങളും ഈ സംഘത്തിലുണ്ട്.

അഞ്ചൽ ക്ഷീരോല്പാദക സഹകരണസംഘം

1977 ജൂൺ 30ന് ആരംഭിച്ച അഞ്ചൽ ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പ്രവർത്തന മേഖല അഞ്ചൽ ഗ്രാമപഞ്ചായത്തിലെ 6,4,12 എന്നീവാർഡുകൾ ഒഴികെയുള്ള ഒമ്പത് വാർഡുകളാണ്.

436 അംഗങ്ങളുള്ള ഈ സംഘത്തിന്റെ പ്രവർത്തന മൂലധനം 1,50,000 രൂപയാണ്. പാലുല്പാദനം, വിപണനം, കറവുമാടുകളുടേയും കന്നുകുട്ടികളുടേയും സംരക്ഷണത്തിന് സഹായം, ഉരുക്കളെ വാങ്ങുന്നതിന് വായ്പ, സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം, പുല്ല്, പയർ, ചോളം എന്നിവയുടെ കൃഷിക്കു വേണ്ടിയുള്ള സഹായം നൽകൽ, തൊഴുത്തുനിർമ്മിക്കൽ എന്നിവയ്ക്ക് ഡയറിഡവലപ്പ്മെന്റുമായിച്ചേർന്ന് സഹായങ്ങൾ നൽകിവരുന്നു. പാലിന്റേയും പാലുല്പന്നങ്ങളുടേയും വിതരണം സംഘം നേരിട്ടുനടത്തുന്നു.

അഗസ്ത്യക്കോട് ക്ഷീരോല്പാദക സഹകരണസംഘം.

അഞ്ചൽ ഗ്രാമപഞ്ചായത്തിലെ 4,12 വാർഡുകൾ പ്രവർത്തനമേഖലയാക്കി 3-9-96ൽ കുരുവിക്കോണത്ത് പ്രവർത്തനം ആരംഭിച്ചു. പാൽ ശേഖരണവും വിതരണവും നടത്തുന്നതിന് പുറമേ കാലികളുടെ വർഗ്ഗഗുണം ആരോഗ്യസ്ഥിതി, എന്നിവമെച്ചപ്പെടുത്തുന്നതിനും, പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും കാലിത്തീറ്റ വിതരണത്തിനുംവേണ്ടി പ്രവർത്തിച്ചുവരുന്നു.

ആർച്ചൽ ചെറുകിട റബ്ബർ ഉല്പാദകസംഘം

അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡും ഏരൂർ പഞ്ചായത്തിലെ ആറാംവാർഡും ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്നു. 1992ൽ പ്രവർത്തനം ആരംഭിച്ചു റബ്ബർ ഉല്പാദകർക്കാവശ്യമായ വളം, രാസവസ്തുക്കൾ, മറ്റുപകരണങ്ങൾ എന്നിവ സബ്സിഡൈസ് റേറ്റിൽ സംഘത്തിൽനിന്ന് വിതരണം നടത്തുന്നു.

പനയഞ്ചേരി റബ്ബർ ഉല്പാദക സംഘം

പനയഞ്ചേരി, ഏറം എന്നീവാർഡുകൾ കേന്ദ്രീകരിച്ച് 1993ൽ പ്രവർത്തനം ആരംഭിച്ചു. റബ്ബർ ഉല്പാദകർക്കാവശ്യമായ വളങ്ങളും മറ്റുവസ്തുക്കളും വിതരണം നടത്തുന്നു. 82 അംഗങ്ങൾ സംഘത്തിലുണ്ട്.

കാർഷിക വികസനബാങ്ക്

ദീർഘകാല വായ്പകൾക്ക് ജനങ്ങൾ ആശ്രഹിക്കുന്ന സ്ഥാപനമാണ് പുനലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പത്തനാപുരം പ്രാഥമിക കാർഷിക-ഗ്രാമവികസനബാങ്ക് അഞ്ചൽ പഞ്ചായത്ത് ഉൾപ്പെടെ പത്തനാപുരം താലൂക്ക് മുഴുവൻ ബാങ്കിന്റെ പ്രവർത്തനമേഖലയിലാണ്. ഭൂമി നിരപ്പാക്കൽ, കയ്യാലനിർമ്മാണം, കല്ലുകെട്ട്, കമ്പിവേലികെട്ട്, തൊഴുത്ത്, കളപ്പുരനിർമ്മാണം എന്നിവയ്ക്കും, ഭവനനിർമ്മാണം, കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും, റബ്ബർ, തെങ്ങ്, വെറ്റില, കവുങ്ങ് കൃഷികൾക്കും റബ്ബർ നഴ്സറി, കാലിവളർത്തൽ, ആടുവളർത്തൽ, ഇറച്ചിക്കോഴിവളർത്തൽ തുടങ്ങിയവയ്ക്കും, കട്ടച്ചൂള, ബേക്കറി, റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവയ്ക്കും ഈ ബാങ്കിൽനിന്ന് ദീർഘകാലവായ്പ ലഭിക്കുന്നു. ഈ ബാങ്കിൽ നിന്നും അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം പട്ടികയിൽചേർത്തിട്ടുണ്ട്.കൈത്തൊഴിൽ വികസനത്തിനും വ്യവസായ വികസനം, തുടങ്ങിയ മേഖലകളിൽ സഹകരണപ്രസ്ഥാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതുപോലെ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസ്ഥാപനങ്ങൾതന്നെ പ്രവർത്തനമേഖല വിപുലപ്പെടുത്തേണ്ടതുണ്ട്.

നിലവിലുള്ളപ്രശ്നങ്ങൾ

1. വായ്പകൾ ലഭിക്കുന്നതിന് കാലതാമസവും

000081

നിയമക്കുരുക്കളും ഉണ്ടാകുന്നു.

2. കാർഷിക വായ്പത്തുകകൾ പരിമിതമാണ്.
3. പലിശനിരക്കിൽ ഇടക്കിടെയുണ്ടാകുന്ന വർദ്ധനവ്.
4. സ്കീമുകൾ അനുസരിച്ച് വായ്പ ലഭിക്കേണ്ടതിനുപകരം, വായ്പക്ക് അനുസരിച്ച് സ്കീം തെരഞ്ഞെടുക്കേണ്ടിവരുന്നു.
5. തൊഴിൽ മേഖലയിൽ സഹകരണപ്രസ്ഥാനങ്ങൾ ഇല്ല.
6. സ്ഥാപനങ്ങളുടെ ലാഭവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും വർദ്ധിക്കുമ്പേൾ സഹകാരികൾ പാപ്പരീകരിക്കപ്പെടുന്നു.
7. ഭവനനിർമ്മാണവായ്പകൾ പണിപൂർത്തീകരിക്കാൻവണ്ടത്ര തികയുന്നില്ല.
8. ക്ഷീരോല്പാദകരംഗം അഭിവൃദ്ധി പ്പെടുന്ന തരത്തിൽ പ്രചോദകമാകുന്നില്ല.
9. റബ്ബർപാൽ,ഷീറ്റ് എന്നിവവാങ്ങുന്നതിന് സഹകരണസ്ഥാപനം ഇല്ലാത്തതിനാൽ കർഷക വ്യാപാരികളുടെ ചൂഷണത്തിന് വിധേയമാകുന്നു. ഗ്രേഡ് ഷീറ്റുകൾക്കുപോലും അൺഗ്രേഡിന്റെ വിലയേ ലഭിക്കുന്നുള്ളു.
10. കൈത്തറിമേഖലയെ സഹായിക്കാൻ സഹകരണപ്രസ്ഥാനങ്ങൾ ഇല്ല.
11. വായ്പാ നടപടിച്ചട്ടങ്ങൾ കർക്കശമാകുന്നു.
12. വാണിജ്യപരമായ പ്രോൽസാഹനത്തിനുള്ള സ്കീമുകളുടെ അഭാവം.

പരിഹാരനിർദ്ദേശങ്ങൾ

1. വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
2. കാർഷികവായ്പാതുകകൾ വർദ്ധിപ്പിക്കുക.
3. കൂടെക്കൂടെയുള്ള പലിശ വർദ്ധനവ് ഒഴിവാക്കുക.
4. അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.
5. ചെറുകിയ വ്യവസായങ്ങൾ, കൈത്തറി, കുടിൽ വ്യവസായങ്ങൾ,.വനിതാ-കൈത്തൊഴിൽ തുടങ്ങിയവയെ പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണസ്ഥാപനങ്ങൾ ആരംഭിക്കുക.
6. സഹകരണസ്ഥാപ നങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിസനപദ്ധതികളുമായി സഹകരിക്കുക.
7. കാർഷിക-കാർഷികേതര ഉല്പാദകരിൽനിന്നും ഉല്പന്നങ്ങൾ സഹകരണസ്ഥാപനങ്ങൾ നേരിട്ടുവാങ്ങുക.
9. മിശ്രവിളകളെ പ്രോൽസാഹിപ്പിക്കുന്ന സ്കീമുകൾ ആരംഭിക്കുക.
10. വാണിജ്യപരമായ പ്രോൽസാഹനത്തിനുള്ള സ്കീമുകൾ ആരംഭിക്കുകതൊഴിലാളികൾക്കും തൊഴിലുടമകൾക്കും സൗകര്യപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി തൊഴിൽ-സേവനമേഖലകളിൽ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
11. സഹകരണഗ്രൂപ്പ് ഫാമിംഗ് സ്കീമുകൾ പ്രോൽസാഹിപ്പിക്കുക.
12. സഹകരണബാങ്കിന്റെ ടെക്സ്റ്റൈൽ ഷോറൂം വിപുലീകരിക്കുകയും മാവേലിസ്റ്റോറുകൾ ആരംഭിക്കുകയും ചെയ്യുക.
13. സഹകരണബാങ്കിന്റെ ബ്രാഞ്ചുകൾ ഏറം, കുരുവിക്കോണം എന്നിവിടങ്ങളിൽ ആരംഭിക്കുക.

പട്ടിക.1

ക്ഷീര സഹകരണ സംഘങ്ങൾ

അഞ്ചൽ ഗ്രാമപഞ്ചായത്ത്

മൊത്തം സംഭരിക്കുന്ന പാൽ ലിറ്ററർ	പഞ്ചായത്തിൽത്തന്നെ വില്ക്കുന്നത്. ലിറ്റർ	പുറത്തേക്ക് അയയ്ക്കുന്ന ലിറ്ററർ
1	2	3
അഗസ്ത്യക്കോട്ക്ഷീരോത്പാതക സഹകരണ സംഘം 125	20	5
അഞ്ചൽക്ഷീരോത്പാദക സഹകരണ സംഘം	27000	
ആകെ	27020	105

പട്ടിക.2

കാർഷിക സഹകരകണ ബാങ്ക് അഞ്ചൽ

ഗ്രാമപഞ്ചായത്ത് നൽകിയ വായ്പയുടെ വിവരം

എത്ര പേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
121	സഹകരണവായ്പ	26.40ലക്ഷം രൂപ
196	കാർഷിക വായ്പ	29.13ലക്ഷം രൂപ
35	ചെറുകിട വായ്പ	1.24ലക്ഷം രൂപ
14	വാഹന വായ്പ	26.20ലക്ഷം രൂപ
208	ഭവന നിർമ്മാണവായ്പ	

പട്ടിക.3

ഹൗസിംഗ് സഹകരണ സംഘം

അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത്

നൽകിയ വായ്പയുടെ വിവരം

എത്ര ഇനം	ഏത് വായ്പ	നൽകിയ പേർക്ക് തുക
91.92–11	ഭവനനിർമ്മാണവായ്പ	379000 രൂപ
92.93–7	"	264000 രൂപ
93.9410	"	368000 രൂപ
94.95–7	"	26500 രൂപ
95.9610	"	363500 രൂപ



സംസ്കാരം

അഞ്ചു ചൊല്ലുകളിലെ പഴമയുടെ പെരുമയുമായി അജയ്യമായ ഒരു ഭൂതകാല സാംസ്കാരിക പൊലിമയുംപേറി അഞ്ചൽ ശിരസ്സുയർത്തി നിൽക്കുന്നു. എങ്കിലും വർത്തമാനകാല ജീർണ്ണതകളുടെ അലകളിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞു മാറി അഞ്ചലിന് സ്വത്വം കാക്കാൻ കഴിയുന്നുവെന്ന് അവകാശപ്പെടാനാ കുന്നുമില്ല. ഇന്നലെകളിൽ സാംസ്കാരികനായകന്മാർ കൊളുത്തിത്തന്ന ദീപശിഖ ഏറ്റുവാങ്ങാൻ കെല്പുള്ള എത്ര കരങ്ങൾ ഇന്നുണ്ടെന്ന് പരിശോധിച്ച് പോരായ്മകളറിഞ്ഞ് അംഗീകരിക്കുകയെന്നത് നമ്മുടെ ചരിത്രപരമായ ദൗത്യമാണ്. അഞ്ചലിന്റെ സാംസ്കാരിക നഭോമണ്ഡലത്തിൽ പുതുശോഭ തേടുന്ന സൂര്യോദയത്തിനുവേണ്ടി കാത്തിരിക്കുകയാണ് ഈ കൊച്ചുഗ്രാമം.

അഞ്ചലിന്റെ ഗതകാലചരിത്രം സാംസ്കാരിക രംഗത്ത് ഏറെ ഔന്നത്യം വിളിച്ചറിയിക്കുന്നതാണ്. സാമൂഹികസമത്വങ്ങളുടെ ഉള്ളുപൊള്ളിക്കുന്ന കഥകൾ ഈ ഗ്രാമത്തിൽ വിരളമായിരുന്നു. പ്രമാണിമാരുടേയും പണിയാളൻമാരുടേയും ചൂഷണത്തിന്റേയും മർദ്ദനത്തിന്റേയും തീക്ഷ്ണമാത്ര ചരിത്രങ്ങളും ഇല്ല തന്നെ. ചൂഷണം ചെറിയതോതിൽ നിലനിൽക്കുമ്പോഴും സ്നേഹത്തിന്റേയും മനുഷ്യത്വത്തിന്റേയും ഉറവകൾ സമൂഹത്തിൽ വറ്റിയിരുന്നില്ല. അടിസ്ഥാന വർഗ്ഗത്തിന്റെ യജമാനഭക്തി ചൂഷണത്തിനുള്ള ഊന്നുവടിയായി കരുതാത്ത ആശ്രിതവത്സലന്മാരായ ചെറുകിട ജന്മിമാരായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. എങ്കിലും തോട്ടംമേഖലയിലും മറ്റും നടന്നിട്ടുള്ള അവകാശസമരങ്ങൾ വിസ്മരിക്കാവുന്നതല്ല. പുരോഗമന-തൊഴിലാളിവർഗ്ഗ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വേരോട്ടം അടിസ്ഥാനവർഗ്ഗത്തിൽ അവകാശ ബോധം ഉളവാക്കിയപ്പോൾ ശക്തമായ ഒരു ചെറുത്തുനിൽപ്പിന്റെ കളമൊരുക്കാൻ കെല്പുള്ള ജന്മിമാർ ഇല്ലാതിരുന്നത് ചെറുകിടജന്മിമാരും പണിയാളരും തലമുറകളായുള്ള എ. വേലിയേറ്റങ്ങളിൽ നിന്നും അഞ്ചലിന് ഒഴിഞ്ഞുനിൽക്കാൻ കഴിഞ്ഞത്. ജാതീയമായ അസമത്വങ്ങളുടെ കാര്യത്തിലും അഞ്ചൽ പ്രദേശം ഏറെക്കുറെ ഒഴിഞ്ഞു നിന്നു. വിഭിന്ന ജാതിമത വിഭാഗങ്ങൾ തമ്മിൽ അനുനയത്തിന്റേയും അനുരഞ്ജനത്തിന്റേയും പാതയിലായിരുന്നുവെന്ന് പറയാം.

കലാരംഗത്തും സാഹിത്യരംഗത്തും ശാസ്ത്രരംഗത്തും മികവുറ്റ സംഭാവനകൾ നൽകിയ പ്രതിഭകൾക്ക് അഞ്ചൽ ഗ്രാമം ജന്മം നൽകിയിട്ടുണ്ട്

" അഞ്ചായത്തർക്കത്തിനു ലക്ഷ്യമായോ
-രഞ്ചൽപ്രദേശം സുഖവാസ ദേശം"

എന്ന് പാടിയ നിമിഷ കവി അഞ്ചൽ ആർ. വേലുപ്പിള്ള ഈ ഗ്രാമത്തിന്റെ സന്തതിയായിരുന്നു. മഹാകവി ഉള്ളൂരിന്റേയും ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റേയും പ്രശംസക്ക് അദ്ദേഹം പാത്രമായിട്ടുണ്ട്. ജാലവിദ്യയിൽ പ്രസിദ്ധനായിരുന്ന കടയാറ്റ് ഉണ്ണിത്താൻ, മെർക്കുറി ഡിഫ്യൂഷൻ പമ്പ് വികസിപ്പിച്ചെടുത്ത എച്ച്. പി. വാറൻസ്, പത്രപ്രവർത്തകനായിരുന്ന പനയഞ്ചേരി മാധവൻ നായർ, (1969-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്) സംഗീതജ്ഞനായിരുന്ന മധുര രാമസ്വാമി എന്നിവരും; പിൽക്കാലത്ത് അഞ്ചലിന്റെ സർവ്വസ്പർശിയായ പുരോഗമനത്തിന് കാരണഭൂതനായ ഗോപാ

000084

ലൻ സാറും, ഡോ. എ.എം. ജോസഫും, വാട്ടർ ട്രെയിനിന്റെ ഉപജ്ഞാതാവ് ശ്രീ. കുര്യൻ ജോർജ്ജും അഞ്ചലിന്റെ സാംസ്കാരിക മേഖലയിൽ സംഭാവനകൾ നൽകിയവരാണ്. കലാരംഗത്ത് തേവർ തോട്ടം സുകുമാരനും, വടമൺ ദേവകിയമ്മയും അഞ്ചലിന് അഭിമാനിക്കാവുന്ന വ്യക്തിത്വങ്ങളാണ്.

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ മറ്റെവിടേയും എന്നപോലെ അഞ്ചലിന്റേയും ഗതകാല സംസ്കാരത്തിന്റെ ഈറ്റില്ലങ്ങൾ ക്ഷേത്രങ്ങളായിരുന്നുവെന്ന് കാണാം. കലയുടേയും സാഹിത്യത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും എല്ലാം ആസ്ഥാനമായിരുന്നുവല്ലൊ ക്ഷേത്രങ്ങൾ. കൊട്ടാരക്കര തമ്പുരാന്റെ മറ്റൊരു ആസ്ഥാനമായിരുന്ന പനയഞ്ചേരിയായിരുന്നു അഞ്ചലിന്റെ സാംസ്കാരിക സിരാകേന്ദ്രം. 12 വർഷത്തിലൊരിക്കൽ അഞ്ചലിലെ ആറു കരക്കാരും കടയ്ക്കൽ പ്രദേശത്തുകാരും ചേർന്ന് നടത്തിവരാറുള്ള അതിപുരാതനവും പ്രശസ്തവുമായ ഉത്സവാഘോഷമാണ് '' കടയ്ക്കൽഭഗവതി മുടിയെഴുന്നെള്ളത്ത് '' 1973-ലാണ് അവസാനമായി ഈ ആചാരാഘോഷം നടന്നത്.

അഞ്ചൽ പഞ്ചായത്തിൽ അനേകം ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ആരാധനാലയങ്ങളുണ്ട്. S.N.D.P.മന്ദിരങ്ങളും N.S.S. കരയോഗ മന്ദിരങ്ങളും അനവധി സമുദായ സംഘടനകളും സാമൂഹിക-സാംസ്കാരിക സംഘടനകളും അക്ഷരാർത്ഥത്തിൽ തന്നെ പരസ്പര ബഹുമാനത്തിന്റെയും ആദരവിന്റെയും മനുഷ്യസ്നേഹത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുനിലനിൽക്കുന്നുണ്ട്. 'നാനാത്വത്തിൽ ഏകത്വമെന്ന' ഭാരത സംസ്കാരത്തിന്റെ മഹനീയഭാവം അഞ്ചൽഗ്രാമം കണ്ണിലെ കൃഷ്ണമണി പോലെ കാത്തു പോരുന്നു.

അഞ്ചലിൽ ഒരു കോളേജും രണ്ട് ഗവ. ഹൈസ്കൂളുകളും ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ & പ്ലസ് ടു വിദ്യാലയവും ഒരു വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാലയവും എയിഡഡും അൺഎയിഡഡും ആയിട്ടുള്ള 8പ്രൈമറി സ്കൂളുകളും നിരവധി നഴ്സറി സ്കൂളുകളും അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ തനതായ സംഭാവനകൾ പ്രദാനം ചെയ്യുന്നു. വിജ്ഞാനത്തിന്റെ വെളിച്ചം പകർന്നുനൽകുന്ന അനവധി ഗ്രന്ഥശാലകളും ഈ പഞ്ചായത്തിലുണ്ട്. അഞ്ചൽ പഞ്ചായത്തു ലൈബ്രറി, ആർച്ചൽ M.G.M. ലൈബ്രറി, കുരുവിക്കോണം വിജ്ഞാനസന്തായിനി വായനശാല, തഴമേൽ വിജ്ഞാനോദയം ഗ്രന്ഥശാല & വായനശാല, ഏറം ലൈബ്രറി, അഗസ്ത്യക്കോട് ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല & വായനശാല, എന്നിങ്ങനെ 6 ലൈബ്രറികളാണ് 12 വാർഡുകളുള്ള അഞ്ചൽ ഗ്രാമപഞ്ചായത്തിലുള്ളത്. കൂടാതെ 20 കലാകായിക സംഘടനകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

കായികരംഗം

കായികരംഗത്ത് എടുത്തുപറയത്തക്ക പാരമ്പര്യമൊന്നും വ്യപസ്ഥാപിതമായി നേടുവാൻ അഞ്ചലിന് കഴിഞ്ഞിട്ടില്ല. എന്നാൽ അഞ്ചൽ ഗവ. ഹൈസ്കൂൾ ഗ്രൗണ്ടിൽ സംസ്ഥാന തലത്തിലുള്ള ഫുട്ബോൾ മത്സരങ്ങൾ വരെ നടന്നിട്ടുണ്ട്. അതുപോലെ തന്നെ നിരവധി വർഷങ്ങളിൽ വിദ്യാഭ്യാസ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും കായിക രംഗത്ത് കൂടുതൽ പോയിന്റുകൾ നേടി ഒന്നാം സ്ഥാനത്തെത്തിയ ചരിത്രവുമുണ്ട്. എന്നാൽ കായിക താരങ്ങളെ പരിശീലിപ്പിച്ച് ഉയരങ്ങളിലെത്തിക്കുവാനുള്ള സൗകര്യങ്ങൾ അഞ്ചലിനുണ്ടായിട്ടില്ല. നിരവധി ആർട്സ് & സ്പോർട്സ് ക്ലബ്ബുകളും സംഘടനകളും അഞ്ചലിന്റെ ഗ്രാമപ്രദേശങ്ങളിലുണ്ട്. ചില പ്രത്യേക ആഘോഷ വേളകളിലും അവസരങ്ങളിലും അതാത് പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന മത്സരങ്ങളായി കലാ- കായിക രംഗം ഒതുങ്ങി നിൽക്കുകയാണ്. ഈ ക്ലബ്ബുകളേയും അതിലൂടെ ഉയർന്നുവരുന്ന കലാ-കായിക താരങ്ങളേയും കണ്ടെത്തി അവർക്കു വേണ്ടുന്ന പ്രോൽസാഹനങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനങ്ങളില്ല.

നിലവിലുള്ള പ്രശ്നങ്ങൾ

1. II,III,V,VII.IX,X, എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ല.
2. VI,VII, VIII എന്നീ വാർഡുകളിലെ ഗ്രന്ഥശാലയ്ക്കും വായനശാലയ്ക്കും വേണ്ടത്ര സ്ഥല സൗകര്യങ്ങളില്ല.

000085

3. IV-ാം വാർഡിൽ സ്വന്തമായി ലൈബ്രറി കെട്ടിടമില്ല.
4. അഞ്ചൽ പഞ്ചായത്ത് ലൈബ്രറിയ്ക്ക് ആവശ്യമായ ഫർണീച്ചറോ സ്ഥലസൗകര്യമോ ഇല്ല.
5. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം ശരിയായി നടക്കുന്നില്ല.
6. ദരിദ്രരുടെ കലാ-സാഹിത്യാഭിരുചിക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.
7. പഞ്ചായത്തിൽ ഒരു വിവരഗ്രഹണകേന്ദ്രം ഇല്ല.
8. പ്രാചീനങ്ങളായ കലകൾ അന്യം നിന്നുപോയിരിക്കുന്നു. കലാകായിക സംഘടനകൾ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് നട്ടംതിരിയുന്നു.
9. കുട്ടികൾക്കായി ഒരു പാർക്ക് ഇല്ല.
10. വ്യാജമദ്യം നിയന്ത്രണമില്ലാതെ വിറ്റഴിക്കുന്നു.
11. കച്ചവട സിനിമയും നിലവാരമില്ലാത്ത ടി.വി. പരിപാടികളും അതിശയോക്തിയേയും അതിശയിപ്പിക്കുന്ന പരസ്യവും മൂന്നാംകിട സാഹിത്യവും സമൂഹത്തെ ദുഷിപ്പിക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. പരമ്പരാഗത നാടൻകലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം പഞ്ചായത്തടിസ്ഥാനത്തിലുണ്ടാവണം.ന
2. 12 വാർഡുകളുള്ള അഞ്ചൽ പഞ്ചായത്തിൽ ആറ് ഗ്രന്ഥശാലകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ ലൈബ്രറി ഉൾപ്പെട്ട സ്വന്തം കെട്ടിടം ഇല്ലാത്തതും ഉള്ള കെട്ടിടങ്ങളിലെ സ്ഥല പരിമിതിയും ഈ പ്രസ്ഥാനം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളാണ്.
3. അഞ്ചൽ കേന്ദ്രീകരിച്ച് റഫറൻസ് സൗകര്യങ്ങളോടുകൂടിയ ഒരു നല്ല ഗ്രന്ഥശാല ആവശ്യമാണ്.
4. ഇപ്പോഴുള്ള ഗ്രന്ഥശാലകളിലെ പുസ്തകങ്ങളുടെ എണ്ണം ഇന്നുള്ളതിന്റെ പതിൻമടങ്ങ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിന് സർക്കാർ ധനസഹായം അനിവാര്യമാണ്.
5. കുരുവിക്കോണം, ആർച്ചൽ ഗ്രന്ഥശാലകളുടെ സ്ഥല സൗകര്യം മെച്ചപ്പെടുത്തണം.
6. കുരുവിക്കോണത്തും ആർച്ചലും പൊതുകളി സ്ഥലവും ആഡിറ്റോറിയവും സ്ഥാപിക്കണം.
7. മാർക്കറ്റ് ജംഗ്ഷനിൽ വായനശാലയ്ക്ക് ഒരു കെട്ടിടം അനുവദിക്കണം.
8. ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സർക്കാർ ധനസഹായം ചെയ്യണം.
9. അഞ്ചൽ പഞ്ചായത്ത്മേളകളിൽ കായിക മത്സരങ്ങളിൽ സ്ഥിരമായി ഒന്നാം സ്ഥാനം നേടുന്ന അരിപ്പാച്ചി അമ്പിളി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിന് ഒരു കളിസ്ഥലം ആവശ്യമാണ്.
10. നാടൻ കലാരൂപങ്ങളായ കമ്പടികളി, കുത്തിയോട്ടം മുതലായവയെ പ്രോത്സാഹിപ്പിക്കണം.
11. കലാകാരൻമാർക്കും, കായിക താരങ്ങൾക്കും പരിശീലനം നൽകുന്നതിനായി പഞ്ചായത്തു തല പരിശീലന കേന്ദ്രം സ്ഥാപിയ്ക്കണം.
12. ഹരിജൻ കോളനികളിൽനിന്നും അന്ധവിശ്വാസങ്ങൾ ദൂരീകരിക്കേണ്ടതാവശ്യമാണ്.
13. എട്ടാം വാർഡിൽ പാർക്കിനുള്ള സ്ഥലം ഉപയോഗപ്പെടുത്തുക.
14. വടമൺ റേഡിയോ സെന്റർ ടി.വി. സെന്ററായി ഉയർത്തുക.
15. പഞ്ചായത്തിലെ വിവിധ ആരാധനാലയങ്ങളിലേക്കുള്ള വഴികൾ ടാർ ചെയ്ത് സംരക്ഷിക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യണം.
16. അഞ്ചലിന്റെ പേരും സാംസ്കാരിക പൈതൃകവും അന്വർത്ഥമാക്കുന്ന രീതിയിൽ ഒരു ദൃശ്യാവിഷ്കരണം ഞ.ഛ. ജംഗ്ഷനിൽ നിർമ്മിക്കണം.
17. അരിപ്പാച്ചി ജവഹർ പബ്ലിക് ലൈബ്രറി വൈദ്യുതി ബന്ധം നൽകുകയും ടി.വി. സെറ്റ് പ്രവർത്തിപ്പിക്കുന്നതിനും നടപടിവേണം.
18. കുരുവിക്കോണം ലൈബ്രറിയിൽ പുതിയ ടി.വി. സെറ്റ് നൽകണം. പഴയ കെട്ടിടം പുതുക്കിപ്പണിഞ്ഞ് സൗകര്യം മെച്ചപ്പെടുത്തണം.
19. അഗസ്ത്യക്കോട് സ്റ്റേഡിയത്തിന് ചുറ്റുമതിൽകെട്ടി സംരക്ഷിക്കണം.
20. കലാകായിക അഭിരുചിയുള്ള നിർദ്ധനകുടുംബത്തിൽ പെട്ടവരെ പഞ്ചായത്ത് ദത്തെടുത്ത് പരിശീലനങ്ങളും സഹായങ്ങളും നൽകണം.
21. കായിക പരിശീലനം നൽ കുന്നതിനും മത്സരങ്ങൾ നടത്തുന്നതിനും വിപുലമായ സ്ഥല സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം പഞ്ചായത്ത് ഉടൻ നിർമ്മിക്കണം.

000086

22. വ്യാജമദ്യം നിരോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.
23. കായികരംഗത്ത് പഴയ കലാരൂപങ്ങൾക്കും കളികൾക്കും പ്രോൽസാഹനം നൽകണം.
24. പഞ്ചായത്ത് കെട്ടിടത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വിവരഗ്രഹണകേന്ദ്രം (Information centre) സ്ഥാപിക്കണം.
25. സാക്ഷരതാപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജ്ജീവമാക്കുകയും വേണം.
26. നിലവിലുള്ള ഗ്രന്ഥശാലകളിൽ നിലവാരമുള്ള പുസ്തകങ്ങൾ ലഭ്യമാക്കുകയും ഗ്രന്ഥശാലകൾ ഇല്ലാത്ത പ്രദേശങ്ങളിൽ കൂടി ഗ്രന്ഥശാലകൾ ആരംഭിച്ച് വായനക്കാരെ നല്ല വായനയിലേക്കും ചിന്തയിലേക്കും നയിക്കാൻ അവസരം ഉണ്ടാക്കണം. വിവേചന ബുദ്ധിയോടെ ടി.വി. പരിപാടികൾ സ്വീകരിക്കാനും നിരാകരിക്കാനും ജനങ്ങളെ ബോധവൽക്കരിക്കണം. കച്ചവട സിനിമക്കെതിരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും വേണം.

ഗ്രാമീണ ചാരുതയ്ക്കും ശാലീനതയ്ക്കും ഇണങ്ങുന്ന തരത്തിൽ കലാകായിക രംഗത്തെ പരിപോഷിപ്പിച്ചുകൊണ്ട് സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ബോധവൽക്കരണം നടത്തണം. അസ്തിത്വ ദുഃഖത്തിൽ നീറിയൊടുങ്ങുന്ന യുവശക്തിയെ ഒരു പുത്തൻ സംസ്കാരത്തിന്റെ പാതയിലേക്ക് ആനയിക്കണം.

വിഭവസമാഹരണം

കാര്യസിദ്ധിയിൽ സമർത്ഥമായി ഭവിക്കുന്നതെന്തോ അതാണ് വിഭവം. അത് സാധനസാമഗ്രികളോ സമ്പത്തോ ആകാം. അപ്പോൾ സാധനസാമഗ്രികളും സമ്പത്തും സമാഹരിച്ച് കാര്യസിദ്ധിക്കുവേണ്ടി എങ്ങനെ സമർത്ഥമായി വിനിയോഗിക്കാം എന്നതാണ് വിഭവസമാഹരണത്തിന്റെ അന്തഃസത്ത. നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടുന്ന വരുമാനം, നാനാതരത്തിലുള്ള സർക്കാർ പദ്ധതിവിഹിതം എന്നിവ പഞ്ചായത്തിന് ലഭിക്കുന്ന പ്രത്യക്ഷസമ്പത്താണ്. പഞ്ചായത്ത് അതിർത്തിയിലെ പ്രകൃതിവിഭവങ്ങൾ, മൊത്തം മനുഷ്യരുടെ അദ്ധ്വാനക്ഷമത, മൂലധനനിക്ഷേപം എന്നിവകൂടി പഞ്ചായത്തിന്റെ സമഗ്രവികസനമെന്ന 'കാര്യസിദ്ധിക്ക്'വേണ്ടി കണ്ടെത്തി വിനിയോഗിക്കുവാൻ നമുക്ക് കഴിയുന്നുവെങ്കിൽ വിഭവസമാഹരണം അവിടെ സാർത്ഥകമാകുന്നു.

പതിറ്റാണ്ടുകളായി കാർഷികവൃത്തിക്കാർക്ക് മുൻതൂക്കമുള്ള നമ്മുടെ പഞ്ചായത്തിൽ കാർഷികരംഗം വിറങ്ങലിച്ചുനിൽക്കുകയാണ്. പരിഷ്കൃത സമൂഹത്തിൽ കാർഷികവൃത്തിയോടുള്ള മതിപ്പില്ലായ്മയും വരുമാനക്കുറവും കൃഷിച്ചിലവിന്റെ കൂടുതലും അശാസ്ത്രീയമായ കാർഷികരീതികളും ഒക്കെയാണ് ഈ വിറങ്ങലിപ്പിന് ആധാരം. കാർഷികരീതിയിലുംവളപ്രയോഗത്തിലും നൂതനപദ്ധതികൾ ആവിഷ്കരിച്ച് ആവശ്യമായ മുടക്കുമുതൽ സർക്കാർ പഞ്ചായത്ത് തലങ്ങളിൽനിന്നും വ്യക്തികളിൽനിന്നും സഹകരണസംഘങ്ങളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും സമാഹരിക്കാൻ കഴിയണം.

വ്യാവസായികരംഗത്ത് അഞ്ചൽ ഗ്രാമം വളരെ പിന്നോക്കാവസ്ഥയിലാണ്. ഈ രംഗത്ത് ഉല്പാദനോപാധികൾ സമാഹരിക്കുവാനുള്ള തീവ്രയത്ന പരിപാടി പഞ്ചായത്ത് ആവിഷ്കരിക്കണം. മൂലധനനിക്ഷേപത്തിൽ മനസ്സും പ്രാപ്തിയുമുള്ള വ്യക്തികൾ പഞ്ചായത്ത് അതിർത്തിയിൽ തന്നെയുണ്ട്. എന്നാൽ അതിനുവേണ്ടുന്ന മറ്റു ഭൗതികവിഭവങ്ങൾ സമാഹരിക്കുവാൻ നേരിടുന്ന ബുദ്ധിമുട്ടുകളാണ് വ്യാവസായിക രംഗത്തെ പിറകോട്ടടിയ്ക്ക് കാരണം. കൂടാതെ പഞ്ചായത്ത തിർത്തിയിലെ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കനുസരിച്ചുള്ള ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകാൻ ബാങ്ക് അധികൃതർ വൈമുഖ്യം കാണിക്കുന്നതും ഈ രംഗത്തെ നിശ്ചലതയ്ക്ക് ആക്കം കൂട്ടുന്നു. കാർഷിക-വ്യാവസായിക മേഖലകളിലെ മുരടിപ്പിന് പരിഹാരം കാണുവാൻ ആകുംവിധം വിഭവസമാഹരണം സാധ്യമാകണമെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഈ രംഗങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഭരണഘടനാപരമായിത്തന്നെ ലഭിക്കണം.

പഞ്ചായത്തുകൾക്കുള്ള സർക്കാർ പദ്ധതി വിഹിതം ലഭിക്കുന്നതിന് ഭരണാധികാരികളിൽ സമ്മർദ്ദം ചെലുത്തുകയും ബ്യൂറോക്രസിയെ പ്രീതിപ്പെടുത്തുകയും ചെയ്യണമെന്ന അവസ്ഥാവിശേഷത്തിന് മാറ്റം വരണം. ജനസംഖ്യയുടെ അനുപാതത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ മുന്നോക്ക-പിന്നോക്ക അവസ്ഥകൽക്കനുസരിച്ച് വിമോചനമില്ലാത്ത സർക്കാർ ഗ്രാന്റുകൾ നീതിപൂർവ്വമായി വിതരണം ചെയ്യാനുള്ള നടപടികൾ

000083

ഉണ്ടാകണം.

പഞ്ചായത്തിന്റെ പ്രധാന ധനാഗമനമാർഗ്ഗമാണ്, വിവിധയിനം നികുതികൾ. എന്നാൽ നികുതിചുമത്തലിലെ അശാസ്ത്രീയത ഈയിനത്തിലുള്ള വരുമാനത്തിൽ വളരെയധികം കുറവുവരുത്തുന്നതായാണ് കാണാൻ കഴിയുന്നത്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും നികുതിദായകരെ ബോധവൽക്കരിക്കുകയും ചെയ്താൽ ഈ രംഗത്തുള്ള വരുമാനം സാരമായി വർദ്ധിപ്പിക്കുവാൻ കഴിയും.

നിലവിലുള്ള പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവമായ മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളില്ല.
2. കെട്ടിടനികുതി കണക്കാക്കുന്നത് അശാസ്ത്രീയമായിട്ടാണ്.
3. തൊഴിലെടുക്കുന്ന എല്ലാവരിൽനിന്നും നികുതി ഈടാക്കാൻ കഴിയുന്നില്ല.
4. വിനോദനികുതി ഈടാക്കുന്നതിൽ സൂക്ഷ്മതക്കുറവുണ്ട്.
5. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
6. പരസ്യ നികുതി കൃത്യമായിപിരിച്ചെടുക്കുവാനുള്ള സംവിധാനങ്ങളില്ല.
7. പഞ്ചായത്തിന്റെ പുരോഗമനപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാക്കാവുന്ന മനുഷ്യശക്തി വേതനം ഇല്ലാതെയുള്ള (സേവനപ്രവർത്തനങ്ങൾക്ക്)വേണ്ടവണ്ണം വിനിയോഗിക്കുവാൻ അവസരങ്ങൾ സൃഷ്ടിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. നാടിന്റെ പൊതുവികസനത്തിൽ മനുഷ്യപ്രയത്നം സംഭവനചെയ്യാൻ അവസരം സംജാതമാക്കണം.
2. പഞ്ചായത്തതിർത്തിയിൽ സാങ്കേതികജ്ഞാനമുള്ളവരുടേയും വിവിധമേഖലകളിൽ തൊഴിൽപരിചയമുള്ളവരുടേയും സേവനം അവരുടെ ജീവിതായോധനത്തിനുകൂടി പ്രയോജനപ്പെടുന്നതരത്തിൽ വിനിയോഗിക്കുന്നതിന് കാർഷികരംഗത്ത് തൊഴിലവസരങ്ങൽ സൃഷ്ടിക്കണം. വ്യാവസായികരംഗത്ത് ചെറുതും വലുതുമായ പണിശാലകൾ ആരംഭിക്കുന്നതിന് സർക്കാർ ധനസഹായവും പഞ്ചായത്തിന്റെ തനത് വരുമാനവും വ്യക്തികളുടെ സമ്പാദ്യങ്ങളും പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൽ ഉൾപ്പെടുന്ന ഒരു ജനകീയ സമിതി രൂപീകരിച്ച് വകുപ്പുതിരിച്ച് പ്രവർത്തനം ആരംഭിക്കണം.
3. ആഡംബരങ്ങൾക്കുവേണ്ടി ധൂർത്തടിക്കുന്നവിദേശമലയാളികളുടെ സമ്പാദ്യം കാർഷിക-വ്യാവസായികമേഖലകളിൽ വമ്പിച്ച ഉല്പാദനം സാധ്യമാകുന്ന തരത്തിൽ വിനിയോഗിക്കുന്നതിന് പഞ്ചായത്ത് സുരക്ഷിതമായ മാർഗ്ഗങ്ങൾ കണ്ടെത്തുക.
4. കരാറുകാരുടെ അമിതലാഭം ഇല്ലാതാക്കുന്നതിന് ജനകീയ സമിതികൾക്ക് മേൽനോട്ടത്തിനുള്ള അധികാരം നൽകണം.
5. കെട്ടിടനികുതി അസ്സെസ്സ്മെന്റിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ രണ്ടിൽകുറയാത്ത പഞ്ചായത്ത് സമിതി അംഗങ്ങളും ജൂനിയർ സൂപ്രണ്ടോ സെക്രട്ടറിയോകൂടി ഉൾപ്പെടുന്ന സമിതിയുടെ മുന്നറിയിപ്പില്ലാത്ത പരിശോധനാസമ്പ്രദായം ഏർപ്പെടുത്തണം.
6. ബിൽഡിംഗ് റൂൾസ് നടപ്പിലാക്കണം.
7. നികുതുവെട്ടിപ്പ് തടയാൻ ഉദ്യോഗസ്ഥരും ഭരണസമിതി അംഗങ്ങളും ജാഗ്രത പുലർത്തണം.
8. ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുവാൻ പഞ്ചായത്ത് അധികൃതർക്ക് കഴിയണം.
9. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ അനുവദിച്ചുകിട്ടുന്നതിനുള്ള നിയമക്കുരുക്കുകളും കാലതാമസവും ഇല്ലാതാക്കാൻ സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തണം.

ജാതിമത കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി നാടിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള ഒരു ജനശക്തി നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിലുകളിൽ മെച്ചപ്പെട്ട പരിശീലനം കൊടുക്കുന്നതിനും ഗുണകരമായ മേഖലകളിൽ അവരുടെ ബുദ്ധിയും കർമ്മശേഷിയും പ്രയോജനപ്പെടുത്തുന്നതിനും ആസൂത്രിതമായ പരിപാടികൾ നടപ്പിലാക്കണം ഇതിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും കാലതാമസമി

000089

	I	II	III	IV	V	VI	VII	VIII	IX	X	XI	XII
ക്ലബ്ബുകൾ	2	2	3	1	2	1	–	2	5	2	2	2
വായനശാലകൾ	1	–	1	1		1	–	2	–	–	1	1
ടി.വി.കേന്ദ്രങ്ങൾ	1	–	2	–	1	1	–	1	–	–	1	1
ക്രിസ്ത്യൻ പള്ളികൾ	1	1	1	–	–	1	–	5	–	–	2	–
മോസ്കുകൾ	1	1	–	1	1	–	–	1	1	1	1	1
പൊതുകളിസ്ഥലം	–	–	–	–	–	–	–	1	–	–	–	1
കാവുകൾ	1	–	3	2	3	1	–	2	1	1	7	–
ഗുരുമന്ദിരങ്ങൾ	–	–	1	1	–	1	1	1	–	1	–	1
അമ്പലങ്ങൾ	–	2	1	1	2	2	1	1	–	–	2	–
അച്ചടിശാലകൾ	–	–	–	–	–	–	–	–	4.	–	–	–
സിനിമാശാലകൾ	–	–	–	–	–	–	–	–	1	–	–	–

ല്ലാതെ ആവിഷ്കരിച്ച് നടപ്പാക്കാൻ നമുക്ക് കഴി ഞ്ഞാൽ ജനകീയാസൂത്രണത്തിലൂടെയുള്ള വിക സനസംസ്കാരം യാഥാർത്ഥ്യമായിത്തീരും.

അനുബന്ധം-1

അഞ്ചൽ ഗ്രാമപഞ്ചായത്ത് വരവുവിവരം 95 – 96)

ഇനം		ധനാഭ്യർത്ഥന	പിരിവ്	ബാക്കി
1	കെട്ടിടനികുതി	666000	660981	5019
2	സർവ്വീസ് ചാർജ്ജ്	–	–	–
3	തൊഴിൽ നികുതി	317000	31197 1	5029
4	വാഹനനികുതി			
5	വിനോദ നികുതി	52197	52197	–
6	അധക വിനോദ നികുതി	31720	31720	–
7	പ്രദർശന നികുതി	3296	3296	–
8	അധിക പ്രദർശനനികുതി	834	–	
9	ചന്ത വരവ്	81000	81000	–
10	ലാൻഡ് സെസ്സ്	–	–	–
11	ലൈസൻസ് ഫീസ്	23175	22352	823
12	കെട്ടിടനികുതി സർചാർജ്ജ്	–	–	–
13	വസ്തു കൈമാറ്റ നികുതി	332879	332879	–
14	സർക്കാർ വരവുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	325430	325430	–
15	സംഭാവന	–	–	–
16	ഡിപ്പോസിറ്റ്	10926	109126	–
17	മറ്റുള്ളവ	700939	700939	–
	ആകെ	26,43,596	26,32,725	10871

ഡിസൈൻ & ലേ ഔട്ട്
ചാസു
ഡിജിറ്റൽ ടൈപ്പ് സെറ്റിംഗ്സ്
പ്രിൻടെക്, ചാത്തന്നൂർ.
പ്രിന്റിംഗ്
സുജിലി പ്രിന്റേഴ്സ്, ചാത്തന്നൂർ.

മുഖച്ചിത്രം : അഞ്ചൽ ഗ്രാമപഞ്ചായത്താഫീസ് -കം-
ഷോപ്പിംഗ് സെന്റർ ബിൽഡിംഗ്സ്

000092

SUJILEE PRINTERS, CHATHANNOOR PH 243682

അധികാരം ജനങ്ങളിലേക്ക്